# ആനന്ദ വചനാമൃതം
# ഭാഗം 8


## ശ്രീ ശ്രീ ആനന്ദമൂർത്തി

വിവർത്തനം
സേതുമാധവൻ പി.കെ.

# പരമ നിർദേശം

‘‘ദിവസേന രണ്ടു നേരവും നിയമാനുസാരം സാധന അനുഷ്ഠിക്കുന്ന ഏതൊരാൾക്കും ദേഹാന്തവേളയിൽ പരമപുരുഷന്റെ സ്മരണ നിശ്ചയമായും മനസ്സിൽ ഉദിക്കും. അയാൾക്ക് തീർച്ചയായും മുക്തിലഭിക്കും. ആകയാൽ ഓരോ ആനന്ദമാർഗിയും ദിവസം പ്രതി രണ്ടു പ്രാവശ്യം സാധന ചെയ്യണം. ഇതാണ് പരമേശ്വരന്റ പരമനിർദേശം. യമനിയമങ്ങൾ കൂടാതെ സാധന സാധ്യമല്ല. ആകയാൽ യമനിയമങ്ങൾ പാലിക്കണമെന്നു കൂടിയാണ് നാഥന്റെ കൽപ്പന. ഈ ആജ്ഞനിരസിച്ചാൽ അനേകകോടി വർഷങ്ങൾ മൃഗീയജീവിതത്തിന്റെ നരകയാതനകളിൽ സ്വയം വീണുഴലേണ്ടിവരും. ഇത്തരം ദുരിതാനുഭവങ്ങൾ ആരും അനുഭവിക്കാതിരിപ്പാൻ ഏവരും പരമപുരുഷന്റെ പ്രേമനിർഭരമായ അഭയകേന്ദ്രത്തിൽ പരമാനന്ദം ആസ്വദിപ്പാൻ സകലരേയും ഈ ആനന്ദമാർഗത്തിലേക്ക് ആനയിക്കാനുദ്യമിക്കേണ്ടത് ഓരോ സാധകന്റേയും അനിവാര്യമായ കർത്തവ്യമാണ്. ഈ സൽപഥത്തിലൂടെ മറ്റുള്ളവരെ നയിക്കുന്നതും സാധനയുടെ ഒരു ഘടകം തന്നെ.’’

ശ്രീ ശ്രീ ആനന്ദമൂർത്തി

# ആനന്ദ വചനാമൃതം
# ഭാഗം 8
# A'nanda Vacana'mrtam
# Parts 8

Author : Shrii Shrii Anandamurtti
Translation from English to Malayalam:
Sethumadhavan, Puthukode
First Malayalam Edition (electronic) :
April 2021
Publisher:Babu Thayyil &
Acarya Satyabodhananda Avadhuta
Published on behalf of:
Ananda Marga Publication Committee, Kerala.
Address: Ananda Marga Ashram
Ananda Marga Pracaraka Samgha
Nedupuzha, Thrissur, Kerala

Email: ampublicationkerala@gmail.com
WhatsApp: 7558028519

# പ്രസാധകക്കുറിപ്പ്

ആനന്ദമാർഗ്ഗ ഗുരുദേവനായ ശ്രീ ശ്രീ ആനന്ദമൂർത്തിയുടെ പ്രഭാഷണങ്ങൾ രണ്ടു പ്രത്യേക ഭാഗങ്ങളായി വിഭജിച്ചിരിക്കുന്നു.

1. ധർമ്മ മഹാ ചക്രത്തിൽ (ഡി.എം.സി) നടത്തുന്ന പ്രഭാ ഷണങ്ങൾ
2. പൊതു ദർശനത്തിൽ നടത്തുന്ന പ്രഭാഷണങ്ങൾ.

ഡി.എം.സി പ്രഭാഷണങ്ങൾ പ്രത്യേക സമ്മേളനത്തിൽ ഒത്തുകൂടുന്ന നിരവധി ആനന്ദമാർഗ്ഗികൾക്കു മുൻപിൽ ഗുരു നടത്തുന്ന പ്രഭാഷണങ്ങളാണ്. ധർമ്മശാസ്ത്രവുമായി ബന്ധപെട്ട പ്രബന്ധങ്ങളിൽ പരതു ‘‘സുഭാഷിത സംഗ്രഹം’’ എന്ന പുസ്തക പരമ്പരയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

പൊതു ദർശന പ്രഭാഷണങ്ങൾ, ഞായറാഴ്ചകളിലോ, മറ്റു ആഘോഷ ദിവസങ്ങളിലോ, പ്രാദേശികമായ ആശ്രമങ്ങളിലോ, ഗുരുവിന്റെ വസതിയിലോ ഒത്തുകൂടുന്ന വളരെ ചെറിയ സംഘം മാർഗ്ഗികൾക്കു മുമ്പിൽ നടത്തുന്ന ക്ലാസ്സുകളാണ്. പൊതുദർശന പ്രഭാഷണങ്ങൾ ധർമ്മശാസ്ത്രവുമായി ബന്ധപ്പെട്ടതാണ്. അതെല്ലാം ശേഖരിച്ചു പ്രസിദ്ധീകരിച്ചതാണ് ആനന്ദവചനാമൃതം. ഈ പരമ്പരയിൽ 34 ഭാഗങ്ങളുണ്ട്.

പ്രഭാഷകന്റെ യഥാർത്ഥ ഭാഷയിൽ നിന്നും മറ്റൊന്നിലേക്ക് പരിഭാഷപ്പെടുത്തുമ്പോൾ അതിന്റെ ഭാവവും സൗന്ദരവും നഷ്ടപ്പെടുക എന്നത് സ്വാഭാവി

കമാണ്. അതിനാൽ താൽപര്യമുള്ളവർക്ക് ഇതേ പേരിൽ പ്രസിദ്ധപ്പെടുത്തിയ ഇംഗ്ലീഷ് പുസ്തകങ്ങളും ലഭ്യമാണ്.

ആനന്ദവചനാമൃതം എന്ന പുസ്തകശൃംഖലയിൽ, ബാബ (ഗുരുദേവൻ ശ്രീ ശ്രീ ആനന്ദമൂർത്തി) വളരെലളിതവും ഉജ്വലവുമായ രീതിയിൽ ആത്മീയ വിഷയങ്ങൾ അവതരിപ്പിക്കുന്നു. ശ്ലോകങ്ങളുടെ (വേദങ്ങളിൽ നിന്നുള്ള സംസ്കൃത ശ്ലോകങ്ങൾ) അർത്ഥം യുക്തിപൂർവ്വകമായും വളരെ എളുപ്പത്തിൽ മനസ്സിലാക്കാവുന്ന രീതിയിലും അവതരിപ്പിക്കുന്നു. നിങ്ങൾ ഈ പുസ്തകം ശരിക്കും ആസ്വദിക്കുമെന്നു കരുതുന്നു.

അഭിപ്രായങ്ങളും നിർദെശങ്ങളും സ്വാഗതം ചെയ്യുന്നു.

# ഉള്ളടക്കം

1. വലിയ ചില വ്യതിയാനങ്ങൾ.
The great Exceptions..................... 9
2. സാധന അഭിധ്യാനം കീർത്തനം.
Sádhaná, Abhidhyana
and Kiirtana.............................. 14
3. കീർനീയസദാഹരിഃ
The Lord Should Always
Be Praised................................ 27
4. ജ്ഞാത്വാ ശിവം ശാന്തിമത്യന്തമേതി.
The Attainment of Permanent
Composure................................ 32
5. സരദോഷാഃ പുരുഷേണേഹ ഹന്തവ്യാഃ
Bad Habits Which Should Be
Given Up................................. 39
6. താരകബ്രഹ്മം, സദാശിവൻ,
ശ്രീകൃഷ്ണൻ.
Sadvipra, Táraka Brahma,
Sadáshiva and Shrii Krśńa ............ 58
7. മനുഷ്യർ എന്താണ് ചെയ്യേണ്ടത്?
What Should Human Beings Do?..... 67
8. ഏതെങ്കിലും തരത്തിലുള്ള അപകർഷതാ
ബോധം വെച്ചു പുലർത്തരുത്.

Do Not Entertain Any
Inferiority Complex........................ 75

9. .രാത്രിയും പകലും പുണ്യാത്മക
പ്രവർത്തനങ്ങൾ ചെയ്യുക – 1.
Do Virtuous Deeds Day
and Night – 1................................... 78
10. രാത്രിയും പകലും പുണ്യാത്മക
പ്രവർത്തനങ്ങൾ ചെയ്യുക. (2)
Do Virtuous Deeds Day
and Night – 2................................ 90
11.. മഹാസംഭൂതിയുടെ ആഗമനം.
The Advent of Mahásambhuti........... 96
12.. ധർമ്മത്തിന്റെ പത്തു സ്വഭാവങ്ങൾ.
The Ten Characteristics of Dharma... 101
13. നശ്വരതയുടേയും
അനശ്വരതയുടേയും പ്രഭു.
The Lord of Mortality and
Immortality................................. 109
14. ഒരാൾ ധർമ്മസാധന എത്രയും നേരത്തെ
ചെയ്യു ന്നുവോ അത്രയും നല്ലത്.
The Earlier One Starts Dharma
Sádhaná the Better......................... 117
15. മനുഷ്യധർമ്മത്തിന്റെ മഹിമ.
The Glory of Human Dharma.......... 124
16. മറ്റുള്ളവരുടെ പാപം അപഹരി

ക്കുന്നവനെ ഹരി എന്നു പറയുന്നു.
He Who Steals Others Sins Is
Called Hari. ............................ 129
17. ചലിക്കുക ചലിച്ചുകൊണ്ടേയിരിക്കുക.
Move On, Move On..................... 137
18. സേവനത്തിലൂടെ പരമപുരുഷനെ
സന്തോഷിപ്പിക്കുക.
Please Parama Purus'a through
Your Service............................ 140

# 1. വലിയവ്യതിയാനങ്ങൾ

ഈ ലോകത്തിൽ എല്ലാ മണ്ഡലങ്ങളിലും എല്ലാചലനങ്ങളിലും എല്ലാ അസ്തിത്വത്തിലും ചില ഒഴിവാക്കലുകൾ കണ്ടെത്താൻ കഴിയും. ഈ ഒഴിവാക്കലിന് ബംഗാളിയിൽ വ്യതിക്രമ (വി+അതി+ക്രം+അൽ) എന്നുപറയുന്നു. ഭാഷാപരമായ അർത്ഥം സാധാരണമായതിൽ നിന്നുള്ള വ്യതിയാനം എന്നാണ്. ഹിന്ദിയിൽ അതിനെ അപവാദ എന്നുപറയുന്നു ബംഗാളിയിൽ അപവാദം എന്നതിന് വേറെ അർത്ഥമാണ്. പ്രതികൂലാഭിപ്രായം, കുറ്റപ്പെടുത്തൽ എന്നിങ്ങനെ.

ആസ്ട്രലോഹ്പിത്തിക്കസ് എന്ന വർഗ്ഗത്തിന്റെ ആരംഭം മുതൽ ഒരു പുതിയതരം ജീവിപരിണമിച്ചുണ്ടായി. ആദ്യത്തെ കുരങ്ങ്, അഥവാ വാലില്ലാകുരങ്ങ്. (മുലാമി), പരിണാമത്തിന്റെ ആദ്യഘട്ടത്തിൽ ഈ ജീവികളിൽ ഒന്ന് അന്നത്തെ സാമൂഹ്യനിയമങ്ങൾക്ക് വ്യതിയാനമുണ്ടാക്കി. ഇതിന്റെ ഫലമായി ഏതാനും എണ്ണം ചിമ്പാൻസികളായും പരിണമിച്ചു. ഇവയ്ക്കൊന്നിനും തന്നെ വാലുണ്ടായിരുന്നില്ല. പരിണാമദിശയിലെ ഈ വ്യതിയാനശാഖകളിൽ, സാമൂഹ്യപരമായ നിയമങ്ങൾക്കും മാറ്റം സംഭവിച്ചു. ശിലാകാന്തത്തിൽ നിന്നും പലതരം മത്സ്യങ്ങൾ പരിണമിച്ചുണ്ടായി. അതാണ് മത്സ്യങ്ങളുടെ ആദ്യവർഗ്ഗം. ഒരേ ഉറവിടത്തിൽ നിന്നാണ് എല്ലാം പരിണമിച്ചതെന്ന് നാം ചിന്തി

ക്കണം. മത്സ്യങ്ങൾക്കെല്ലാം ഒരേഛരായയയാണ്. എന്നാൽ യഥാർത്ഥ വസ്തുത അതല്ല. പരിണാമ ത്തിന്റെ പാതയിൽ പലതരം ഒഴിവാക്കലുകൾ നടത്തി, വിവിധ ഇനങ്ങളിലുള്ള മത്സ്യങ്ങൾ ആവിർഭവിച്ചു. ഇത്തരം വ്യതിയാനങ്ങൾ ഉണ്ടായിരുന്നില്ലെങ്കിൽ എല്ലാമത്സ്യങ്ങളും ചിമ്പാൻസികളും ഗൊറില്ലകളു മൊക്കെ ഒരേ തരത്തിലാവുമായിരുന്നു.

ഇത്തരം ഒഴിവാക്കലുകൾ ആകസ്മിതസംഭവങ്ങള ല്ല. പരിണാമദിശയിൽ മാറ്റങ്ങളുണ്ടാക്കൽ മുൻകൂട്ടി ആസൂത്രണം ചെയ്തവയാണ്. അതിന്റെ ഫലമായി പരിണാമദിശയിൽ പ്രധാനസ്ഥിതിയിൽ നിന്നും വ്യത്യസ്ത ശാഖകൾഉണ്ടാവാൻ വഴിവെച്ചു. അല്ലായി രുന്നെങ്കിൽ വലിയ മാറ്റങ്ങളൊന്നുമുണ്ടാവില്ല.

ഭാഷയിലും ഇതുപോലെ തന്നെ സംഭവിച്ചു. സംസ്കൃതവാക്കായ ചികിത്സ എന്നത് വളരെക്കാലം നിലവിലുണ്ടായിരുന്ന രീതിയായിരുന്നു. ആരെല്ലാമോ അതിന്റെ ഉച്ചാരണം വികൃതമാക്കി, ചികിക്ച എന്നുച്ച രിക്കുകയും ചെയ്തു. അതുപോലെ മുൻകാലങ്ങളിൽ ഉപയോഗിച്ചിരുന്ന മഹോത്സവ് എന്നത് ചില പ്രത്യേക സന്ദർഭം മുതൽ മഹോക്ചവ എന്നുച്ചരിക്കാൻ തുടങ്ങി. അതിനുശേഷം അത് മോക്ചവ എന്നായി മാറി. എന്നാലീ മാറ്റങ്ങൾ തെറ്റാണെന്ന് പറയാനാവി ല്ല. മനുഷ്യ സമൂഹത്തിൽ അറിവില്ലായ്മകൊണ്ട് ഇത്തരം നിരവധിമാറ്റങ്ങൾ സംഭവിച്ചു. കഴിവില്ലായ്മ കൊണ്ടും മറ്റുപല കാരണങ്ങൾകൊണ്ടുമാണ് ഇത് സംഭവിച്ചത്. ഇത്തരം വ്യതിയാനങ്ങൾകൊണ്ട് പുതിയ ശാഖകൾ ഉണ്ടാവാനും, മനുഷ്യബുദ്ധിക്കനുസരിച്ച്

പുതിയ വീഥികളുണ്ടാവാനും തുടങ്ങി. ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം ചലനത്തിന്റെ പാതയിൽ പലതരം ഒഴിവാക്കലുകളും സംഭവിച്ചു എന്നതാണ്. എന്നാലി ഒഴിവാക്കലുകളുടെ മൂല്യം കുറച്ചു കാണാനാവില്ല.

ഇന്ത്യയിൽ (ൃൂശിരലമൈ) എന്നും (ൃൂശിരലമഹലെ) എന്നും വിഭവസമൃദ്ധമായ ഭക്ഷണം, ശരിയായ വസ്ത്ര ധാരണം, വിശാലമായ യാത്രകൾ എന്നീ അർത്ഥത്തിലാണ് ഉപയോഗിച്ചിരുന്നത്. ഒരു ദിവസം ഒരു രാജകുമാരൻ ചിന്തിച്ചു. എന്തുകൊണ്ടാണ് മനുഷ്യർക്ക് വേദനയും ക്ലേശവും ഉണ്ടാവുന്നത്? ഈ പ്രയാസങ്ങൾക്കൊക്കെകാരണമെന്താണ്? എന്താണീ പ്രയാസങ്ങൾക്കു പിന്നിലെ ന്യായം? എന്തുകൊണ്ടാണെന്ന് കണ്ടുപിടിക്കാൻ ആഴത്തിൽ സഞ്ചരിക്കേണ്ടിയിരിക്കുന്നു. കിരീടം താഴെ വെച്ച് സമഗ്രമായ ഒരന്വേഷണം നടത്തേണ്ടിയിരിക്കുന്നു. ഒരു രാജകുമാരന്റെ ഭരണ സമ്പ്രദായത്തിലുള്ള ഈ വ്യതിയാനം ബുദ്ധിസത്തിന്റെ ആവിർഭാവത്തിനു സഹായിച്ചു. ഒരുവലിയ പണ്ഡിതൻ ഉണ്ടായിരുന്നു. വെറും പാണ്ഡിത്യ പ്രസംഗം കൊണ്ടുമാത്രം മനുഷ്യരുടെ ദു:ഖങ്ങൾക്ക് വിരാമമുണ്ടാക്കാനാവില്ല എന്ന തിരിച്ചറിവ് അയാൾക്ക് പെട്ടെന്നുണ്ടായി. അതൊരിക്കലും അനന്തമായ സന്തോഷമോ സംതൃപ്തിയോ നൽകില്ല. അതുകൊണ്ട് അദ്ദേഹം ഭൗതിക ജീവിതം ഉപേക്ഷിച്ച് തെരുവുകളിലൂടെ നടക്കാൻ തുടങ്ങി. അദ്ദേഹത്തിന്റെ പേര് ചൈതന്യ, മഹാപ്രഭു എന്നായിരുന്നു. ഈ മാറ്റം ഗൗരീയ വൈഷ്ണവിസത്തിന ജന്മം നൽകി.

സമൂഹത്തിന്റെ ഒഴിവാക്കലിൽപെട്ട അത്തരം ആളുകൾ അസാധാരണ വ്യക്തികളായിരുന്നു. നമ്മുടെ തത്വശാസ്ത്രം കൺമുൻപിൽ ഉറപ്പിച്ചു നിർത്തിയാൽ നമ്മളും ഇതുപോലെ മാറ്റി നിർത്തപ്പെട്ട വ്യക്തിത്വങ്ങളായി മാറും. ആരാണോ പുതിയ ഒന്ന് നിർമ്മിക്കുന്നത് ആരാണോ പുതിയ പാതവെട്ടിത്തുറക്കുന്നത് അവർക്ക് ജീവിതത്തിൽ വ്യതിയാനങ്ങൾ വളരെവിലപ്പെട്ടതാണ്.

ഭൂരിപക്ഷം ആളുകളും തിന്നും കുടിച്ചുമാണ് ഈ ഭൂമിയിൽ ചെലവഴിക്കുന്നത്. ചിലപ്പോൾ അവർ അസുഖത്തിനടിമയാവുന്നു. അവരുടെ വയർവീർത്തുവരികയും മരിക്കുകയും ചെയ്യുന്നു. എന്നാൽ ഇതിൽ നിന്നും ഒറ്റപ്പെട്ട ചില വ്യക്തികളുണ്ട്. അവർപറയും നമ്മൾ വന്നത് തിന്നാനും കുടിക്കാനും ആനന്ദിക്കാനുമല്ല എന്ന്. ആരാണോ ഭോഗാസക്തരായി ജീവിക്കുന്നത് അവർ വിഡ്ഢികളെപോല ശബ്ദമുണ്ടാക്കാനും കലഹിക്കാനും തമ്മിൽ തല്ലാനും മുതിരുന്നു. എന്നാൽ ചില പ്രത്യേക വ്യക്തിത്വങ്ങളുള്ളവർ പറയും അത്തരം ഒരു ജീവിതം നയിക്കാൻ ആഗ്രഹിക്കുന്നില്ല എന്ന്. മതപ്രവാചകരുടെ ജീവിതം ഈ ഭൂമിയിൽ ആരംഭിച്ചത് ഇത്തരം മനോഭാവമുള്ളവരിലൂടെയാണ്. അവർ ആ ജോലിയിൽ സംതൃപ്തരാണ്. അവർക്ക് ധാരാളം അനുയായികളുമുണ്ട്. വ്യതിരിക്തമായ പാത അവർ വെട്ടിത്തിളങ്ങുന്നതാക്കിമാറ്റും. അവർപുതിയ മനുഷ്യചരിത്രം നിർമ്മിക്കും. മറ്റുള്ളവർക്ക് യാതൊന്നും ചെയ്യാനാവില്ല. കവി രവീന്ദ്രനാഥ ടാഗോർ പറഞ്ഞു:

“കോൻ ആലോതെ പ്രാണേർപ്രദീപ്
ജ്വാലിയേ തുമി ധരായ് ആസ,
സാധക് ഓഗോ പ്രേമിക് ഓഗോ
പാഗൽ ഓഗോ ധരായ് ആസ”

അല്ലയോ ഭക്താ, സാധകാ ഉന്മത്തനാക്കപ്പെട്ടവനേ, എന്തു ദിവ്യമായ പ്രകാശമാണ് നിങ്ങൾകൊണ്ടുവരുന്നത് അങ്ങയുടെ വെളിച്ചം ജ്വലിപ്പിക്കാൻ? എന്തത്ഭുത ജ്യോതിസ്സുമായാണ് അത് ഈ ഭൂമിയിൽ വന്നത്.

ഇത്തരം വ്യത്യസ്ഥരായ വ്യക്തികൾ ചിലപ്പോൾ ചിത്തഭ്രമം ബാധിച്ചവരെ പോലെ പെരുമാറിയേക്കാം. എന്നാൽ സത്യമിതാണ്. ഈ ചിത്തഭ്രമം ബാധിച്ചവരെന്നുവിളിക്കുന്നവർക്കേ സമൂഹത്തിന് പുതിയതും സൃഷ്ടിപരവുമായ എന്തെങ്കിലും ചെയ്യാൻ സാധിക്കൂ.

ജേ തോരെ പാഗൽബലേ
താരെ തുഇ ബലിസ്നേ കിഛു.

നിങ്ങളെ ചിത്തഭ്രമരെന്നുവിളിക്കുന്നവർ കാര്യമായൊന്നും പറയില്ല. ചെയ്യുകയുമില്ല രവീന്ദ്രനാഥ ടാഗോർ

നിങ്ങൾ അസാധാരണന്മാരാണെന്ന് അറിയണം. നിങ്ങളുംകൂടി വലിയകാര്യങ്ങൾ ചെയ്യുക. അത് ചരിത്രമായി മാറും.

കൽക്കത്ത 9.ജനുവരി 1979

ഉള്ളടക്കം

# 2. സാധന, അഭിധ്യാനം, കീർത്തനം

പലതത്വചിന്തകരും പറയുന്നു, ഇന്ദ്രിയങ്ങൾ പത്തെണ്ണമല്ല പതിനൊന്നെണ്ണമാണെന്ന്. അഞ്ച് ജ്ഞാനേന്ദ്രിയങ്ങളും അഞ്ച് കർമ്മേന്ദ്രിയങ്ങളും മനസ്സും കൂടി പതിനൊന്ന്. മനസ്സിന്റെ അനുമതി ലഭിച്ചശേഷമാണ് ഇന്ദ്രിയങ്ങൾ ഓരോ കാര്യങ്ങൾ ചെയ്യുന്നത്. മനസ്സ് മോഷ്ടിക്കണമെന്ന് വിചാരിക്കുമ്പോൾ കൈകൾ അത് ചെയ്യുന്നു. കൈകൾ (കർമ്മേന്ദ്രിയങ്ങളിലൊന്ന്) ഭൗതികമായി കക്കുന്നുണ്ടെങ്കിലും മനസ്സാണ് ശരിയായ കള്ളൻ. കുറ്റം മുഴുവൻ കർമ്മേന്ദ്രിയമായ കൈകൾക്ക് നൽകുന്നത് ശരിയല്ല. അതുകൊണ്ട് മനസ്സിനെ എന്തുകൊണ്ടൊഴിവാക്കുന്നുവെന്നാണ് ചിന്തകന്മാർ ചോദിക്കുന്നത്. ഇന്ദ്രിയങ്ങളെ മാത്രം കുറ്റപ്പെടുത്തുന്നത് ശരിയല്ല. അതുകൊണ്ടുതന്നെ അവരുടെ അഭിപ്രായത്തിൽ ഇന്ദ്രിയങ്ങൾ പതിനൊന്നാണ്.

മനസ്സിന് രണ്ടുപ്രധാന ചുമതലകളുണ്ട്. ചിന്തിക്കുകയും മനനം ചെയ്യുകയും. കഴിഞ്ഞകാല ഘട്ടത്തിൽ എന്തു ചെയ്തുവെന്നാലോചിക്കുക. പത്തുവർഷം മുൻപ് ശേഖരിച്ചുവെച്ചത് പലതും ഇപ്പോൾ ഓർത്തെടുക്കുന്നു. ഇതാണ് ഓർമ്മ. ചിന്തകൾ ഭാവിയിലെ പ്രവർത്തനങ്ങളെ ഉഴുതുമറിക്കുന്നു. ആന്തരിക ചിന്തകൾ ബാഹ്യവത്കരിക്കുമ്പോൾ, അതായത് ഉള്ളി

ലുള്ള ചിന്തകൾ പുറമേക്ക് പ്രവഹിക്കുമ്പോൾ, ഇന്ദ്രിയങ്ങൾ (അവയവങ്ങൾ) പ്രവർത്തനക്ഷമമാകുന്നു. സാധാരണ ഗതിയിൽ ഒരാൾ ചിന്തിക്കുമ്പോൾ ജ്ഞാനേന്ദ്രിയങ്ങളും കർമ്മേന്ദ്രിയങ്ങളും നിഷ്ക്രിയമാണ്. എന്നാൽ ചിന്തകൾ ബഹിർഗമിക്കാൻ തുടങ്ങുമ്പോൾ, മനസ്സ് ചിന്തകളെ പുറത്തേക്ക് കേന്ദ്രീകരിക്കുമ്പോൾ, ഇന്ദ്രിയങ്ങൾ വളരെവേഗം പ്രവർത്തനക്ഷമമാകുന്നു. ഈ ബഹിർഗമനത്തെ സംസ്കൃതത്തിൽ ഉക്ഷേപണം എന്നുപറയുന്നു. ഇത് ഭക്ഷണത്തിന് നല്ലസുഗന്ധം നൽകാൻ പാചകക്കാർ അൽപം വെണ്ണ വറവുപാത്രത്തിൽ വെക്കുന്നതുപോലെയാണ്. അതുപോലെ തന്നെ മനസ്സ് ആന്തരിക ചിന്തകളെ ബഹിർഗ്ഗമിപ്പിക്കാൻ തുടങ്ങുമ്പോൾ തന്നെ അത് ഇന്ദ്രിയങ്ങളെ പ്രവർത്തനക്ഷമമാക്കുകയും ചെയ്യുന്നു.

നിങ്ങളുടെ മുൻപിൽ ഒരാഭാസൻ നിൽക്കുന്നുവെന്ന് കരുതുക. അടിക്കണമെന്നുതോന്നത്തക്കവിധത്തിൽ തെമ്മാടിയാണയാൾ. എന്നാൽ യഥാർത്ഥത്തിൽ നാമത് ചെയ്യുന്നില്ല. നിങ്ങളുടെ മനസ്സ് അയാളെ അടിക്കണമെന്ന് തീരുമാനിക്കുമ്പോഴാണ് കൈകൾ അയാളെ അടിക്കാനൊരുങ്ങുന്നത്. മനസ്സിലെ തിടുക്കം പുറത്തേക്കൊഴുകുമ്പോൾ ഉണ്ടാവുന്ന തോന്നൽ ശക്തമാകുമ്പോഴാണ് കൈകൾ ക്രിയ ചെയ്യാൻ തുടങ്ങുന്നത്.

ഇത്തരം ബഹിർഗമന ചിന്തകളെ പൂർണ്ണമായിനിയന്ത്രിക്കാൻ കഴിയുന്നവരാണ് മഹാന്മാർ. ചിന്തകളെ ഭൗതികതലത്തിൽ പ്രകടിപ്പിക്കാൻ പാടില്ല. ഒരാൾക്ക് മറ്റൊരാളെ ഇടിക്കണമെന്നു തോന്നാം. മോഷ്ടിക്കാൻ

ആഗ്രഹമുണ്ടാവാം. എന്നാൽ മനോ നിയന്ത്രണം കൊണ്ട് അത് ചെയ്യാതിരിക്കാൻ കഴിയണം. മനസ്സിനെ ഇപ്രകാരം നിയന്ത്രിക്കാൻ കഴിയുന്ന ഒരാൾക്ക് സാധാരണ മനുഷ്യരേക്കാളധികം മനസ്സിനെ ഊർജ്ജസ്വലമാക്കാൻ കഴിയും. അനാവശ്യമായി കോപിക്കാത്ത ഇത്തരം വ്യക്തികളെ നമ്മൾ ധാരാളം കണ്ടുമുട്ടിയിട്ടുണ്ടാവും. കോപത്തെ ശരിയായ രീതിയിൽ ഉപയോഗപ്രദമായ വിധത്തിൽ പരമാവധി നിയന്ത്രിക്കാൻ അവർക്ക് കഴിയും. കാരണം അവരുടെ മനസ്സ് പൂർണ്ണ നിയന്ത്രണത്തിലാണ്.

സാധനയിൽ പ്രത്യേകിച്ച് അഭിധ്യാനത്തിൽ (അഭിധ്യേ+അനത്) ആത്മീയ സാഫല്യം ആഗ്രഹിക്കുന്നവൻ അസംഖ്യം കൃത്യാന്തരങ്ങളിൽനിന്നും മനസ്സിനെ പിൻവലിച്ച് അതിനെ ചില വ്യക്തമായ ആശയങ്ങളിൽ ഉറപ്പിക്കണം. മനുഷ്യ മനസ്സിന മറ്റെന്തെങ്കിലും ജീവികളുടെ മനസ്സിനേക്കാൾ അധികം വസ്തുതകളെ ഉൾക്കൊള്ളാൻ കഴിയുമെന്ന് നിങ്ങൾ ഓർക്കണം. ഈ വർഷത്തെ ആർ.യു. ചർച്ചയിൽ അനേകം മാനസിക വസ്തുതകളെ വർദ്ധിപ്പിക്കാൻ മനുഷ്യന്റെ അറിവിനെ എപ്രകാരം വർദ്ധിപ്പിക്കാമെന്ന് ഞാൻ വിവരിച്ചിട്ടുണ്ട്. ഒരു മൃഗത്തിന ഒരു സമയത്ത് ആറോ ഏഴോ വിഷയങ്ങളെക്കുറിച്ചു മാത്രമേ ചിന്തിക്കാനാവൂ. എന്നാൽ ഒരു സാധാരണ മനുഷ്യന അമ്പതിൽ കൂടുതൽ കാര്യങ്ങൾ ഒരേസമയത്ത് ചിന്തിക്കാനാവും. ഒരു മനുഷ്യന അമ്പതു വൃത്തികൾ (മാനസിക വ്യഗ്രതകൾ) ഉണ്ട്. ഈ അമ്പതു വൃത്തികൾ പ്രവർത്തനക്ഷമമാകുമ്പോൾ ഗുണീഭവിക്കുന്നു. എത്രകണ്ട്

ഗുണീഭവിക്കുന്നുവോ അതനുസരിച്ച് കൂടുതൽ പ്രവർത്തനക്ഷമമാവുന്നു.

വൃത്തികൾ ഒരാളുടെ മനസ്സിൽ സൂക്ഷിച്ചുവെക്കുകയോ പുറത്തേക്ക് പ്രവഹിപ്പിക്കുകയോ ചെയ്യാം. മനസ്സുകൊണ്ട് ഒരാൾക്ക് മോഷണം നടത്താം. അതുപോലെ പുറത്തുവന്ന് ശരിയായ രീതിയിലും മോഷ്ടിക്കാം. അപ്രകാരം ഈ അമ്പതു വൃത്തികളേയും ആന്തരികമായും ബാഹ്യമായും പ്രകടിപ്പിക്കാം. നൂറോളം സാധ്യമായ ബഹിസ്ഫുരണങ്ങളുണ്ട് (വൃത്തികൾ) - ഈ നൂറു ഭാവങ്ങൾ പത്ത് ദിശകളിൽ പ്രകടീഭവിക്കുന്നു. ആറ് പ്രദീഷാ ദിശകളിൽ - വടക്ക്, തെക്ക്, കിഴക്ക്, പടിഞ്ഞാറ്, താഴെ, മുകളിൽ എന്നിവ - പിന്നെ നാല് അനുദിശകൾ - വടക്കുകിഴക്ക്, തെക്കുപടിഞ്ഞാറ്, വടക്കുപടിഞ്ഞാറ്, തെക്കുപടിഞ്ഞാറ്-അങ്ങനെ ആകെ പ്രകടനങ്ങൾ ആയിരമാകുന്നു. (100:10) അതുകൊണ്ടാണ് പീനിയൽ ഗ്ലാൺഡിനെ സഹസ്രാര ചക്രം എന്നു പറയുന്നത്. അതായത് ആയിരം ദിശകളിൽ പ്രകടീഭവിക്കുന്നത്.

ഭാവിയിൽ വൃത്തികളുടെ എണ്ണം വീണ്ടും വർദ്ധിക്കുമെന്ന് ഞാൻ പറഞ്ഞു. വളരെ സങ്കീർണ്ണമായ സാമൂഹ്യ ജീവിതം കൊണ്ടും കുടുംബജീവിതം കൊണ്ടും ചിന്താമണ്ഡലവും ബുദ്ധിയും വികസിക്കുമ്പോൾ കുറെയധികം വൃത്തികളും വികസിച്ചുവരുന്നു. ഉദാഹരണായി കൗശലം എന്ന വൃത്തി ധാരാളം രീതിയിൽ പ്രകടീഭവിക്കാം. ആഗ്രഹങ്ങൾ സാധിക്കാൻ ആളുകൾ പലതരം സൂത്രങ്ങൾ വികസിപ്പിച്ചെടുക്കും. ഇതെല്ലാം ഭാവിയിൽ വിവിധവൃത്തികളായിമാ

റും. ഉദാഹരണമായി കുടിലമായ രീതിയിൽ ഒരു വസ്തു ആർജ്ജിക്കാനെടുക്കുന്ന സൂത്രം, ഒരു വാഗ്ദാനം പരിപാലിക്കപ്പെടുകയില്ല എന്നറിഞ്ഞിട്ടും അതൊരിക്കലും ഉണ്ടാവില്ല എന്ന് സ്ഥാപിച്ചെടുക്കാൻ വേറൊരാളെ പറ്റിക്കുന്ന സൂത്രം. ഇതെല്ലാം ഭാവിയിൽ പ്രത്യേകം വൃത്തികളായി രൂപാന്തരപ്പെടുന്നു.

അങ്ങനെ മനുഷ്യരുടെ ചിന്താരീതികൾ വളരെ സങ്കീർണ്ണമാവുമ്പോൾ പലവൃത്തികളും വികസിച്ചുവരുന്നു. വൃത്തികളുടെ എണ്ണം അമ്പതിൽ തന്നെ നിലനിൽക്കില്ല. മനുഷ്യരുടെ അവസാനമില്ലാത്ത ജ്ഞാനദാഹത്തിന്റെ ഫലമായി ഭാവിയിൽ സംഭവിക്കാനിരിക്കുന്ന സാഹചര്യം നമുക്ക് ഭാവനയിൽകാണാം. അത്തരം വികസനങ്ങൾ നേരിടാൻ നാഢീകോശങ്ങളും തന്തുക്കളും അതീവ സങ്കീർണ്ണമായി മാറേണ്ടിയിരിക്കുന്നു. അനന്തരഫലമായി മനുഷ്യരുടെ തലയോട് വലുതാവുന്നു. തലയുടെ വലുപ്പം വർദ്ധിക്കുന്നു. കൈകാലുകൾ ശോഷിച്ചുവരുന്നു. നടക്കാനുള്ള ശേഷി കുറയുന്നു. ഇന്ന് മനുഷ്യരുടെ കാൽവിരലുകളുടെ പ്രവർത്തനം നിലച്ചിരിക്കുന്നു. ആത്മീയ പ്രവർത്തനങ്ങളിൽ അവരുടെ ആവശ്യമില്ല. എന്നാൽ ഒരു കാലത്ത് നമ്മൾ നാലുകാലുകളിൽ നടന്നിരുന്നപ്പോൾ കാൽ വിരലുകളും കൈവിരലുകളെപോലെ ഉപയോഗിച്ചിരുന്നു. മുൻകാലുകളുടെ ഉപയോഗം കുറഞ്ഞ് കുറഞ്ഞ് വരികയും അത് പിന്നീട് കൈകളായി രൂപാന്തരം പ്രാപിക്കുകയും ചെയ്തു. അങ്ങനെ ഈ കാലഘട്ടത്തിൽ നാലുകാലുകളിൽ ഇഴയുക എന്നത് നമുക്കസാധ്യമായിത്തീർന്നു. നാലുകാലുക

ളിൽ ഓടുന്ന ഒരുകാലം നമുക്കും ഉണ്ടായിരുന്നു. എന്നാലിന്നതിന സാധ്യമല്ല. കുറച്ചുകാലം കഴിയു മ്പോൾ കുട്ടികൾക്ക് നാലുകാലുകളിൽ ഇഴയുന്നത് അസുഖകരമായി തോന്നുകയും പിൻകാലുകളിൽ നട ക്കാൻ തുടങ്ങുകയും ചെയ്യുന്നു. ആരംഭദിശയിൽ നിൽക്കാൻ ശ്രമിക്കുമ്പോൾ വേഗത്തിൽ വീഴുന്നു. വീണ്ടും നിൽക്കുന്നു. വീഴുന്നു. രണ്ടുകാലുകളിൽ നിൽക്കുന്ന സ്വഭാവം വികസിക്കുന്നതോടെ ഭൗതിക മായ ചില അനുബന്ധമാറ്റങ്ങൾ ശരീരത്തിലുണ്ടാവു ന്നു. പിന്നീട് കൈകളുടെ ഉപയോഗവും കുറയുന്നു. ഭാവിയിൽ കാലുകളുടെ ഉപയോഗവും കുറഞ്ഞ് കുറഞ്ഞ് വരികയും പിന്നീടതുപയോഗിച്ച് നടക്കാൻ കഴിയാതാവുകയും ചെയ്യുന്നു. കൈകൾ വളരെ മെലി ഞ്ഞതും തല വളരെ വലുതുമാവുന്നു.

ഇന്ന് ഇത്തരം ആളുകളെ കാണുമ്പോൾ നമുക്ക് വളരെ അത്ഭുതം തോന്നിയേക്കാം. ഭാവിയിൽ ഇത്തര ക്കാരെ ആളുകൾ പഴിക്കുന്നത് കാണാം. ഓ എത്ര ഭംഗിയുണ്ടയാളെ കാണാൻ. കണ്ണുകൾ ഒരു പയർ മണിയുടെ വലുപ്പം. കൈകൾ ചണക്കമ്പുപോലെ വളരെ മെലിഞ്ഞ്. അയാൾക്ക് ചെവികൊണ്ടൊന്നും കേൾക്കാനാവില്ല. യഥാർത്ഥത്തിൽ അയാൾക്ക് ചെവികളേ ഉണ്ടാവില്ല എന്നുംവരാം. എന്തൊരാകർഷ ണമുള്ള മനുഷ്യൻ. ഇതൽപ്പം പുറകോട്ടുള്ളയാത്ര യായി നമുക്ക് തോന്നാമെങ്കിലും ഭാവിയിൽ സൗന്ദര്യ ത്തിന്റെ മാനദണ്ഡം അതായി പരിഗണിക്കും. അതാതു കാലഘട്ടങ്ങളിലെ നിലവാരമനുസരിച്ച് ആളുകൾ സൗന്ദര്യത്തെ വിലയിരുത്തും. വടി പോലുള്ള

കൈകൾ അയാളെ കൂടുതൽ ഭംഗിയുള്ളവനാക്കുന്നു. അയാൾക്ക് ശരിക്കും നടക്കാൻപോലും കഴിഞ്ഞെന്നു വരില്ല. എന്തൊരത്ഭുതം! എന്നാൽ ആർക്കെങ്കിലും ശരിക്കും നടക്കാൻ കഴിഞ്ഞാൽ ആളുകൾ പറയും അയാളെത്ര ആഭാസനാണ്. രണ്ടുകാലിൽ ചുറ്റും മുടന്തി നടക്കുന്നു . എന്നാൽ അയാൾ നിലത്തിഴഞ്ഞ് പോകുകയാണെങ്കിൽ എന്തൊരത്ഭുതം. എന്തൊരു ഭംഗി എന്ന്. ഇപ്പോൾ ഇത്തരം കാഴ്ചകൾ നമ്മൾ കാണുകയാണെങ്കിൽ അഭിപ്രായം ഇങ്ങനെയാവും. എന്തൊരു വൃത്തികെട്ടകാഴ്ച. ആ മനുഷ്യൻ ഒരു മൂങ്ങയേക്കാൾ വിരൂപനാണ്.

എന്താണ് ഭംഗി, എന്താണ് വൈരൂപ്യം, നല്ലതെന്ത്, ചീത്തയെന്ത്? തുടങ്ങിയ നമ്മുടെ അഭിപ്രായങ്ങൾ കാലഘട്ടത്തിനനുസരിച്ചും, പ്രത്യേകം ചില ചുറ്റുപാടുകളിലും മാറിക്കൊണ്ടിരിക്കും. കറുത്ത ശരീരപ്രകൃതിയുള്ളവർ പറയും കറുപ്പിനേഴഴകാണെന്ന്. ആ മനുഷ്യനെന്തൊരു വെളുപ്പാണ്. അയാൾക്ക് വെള്ളപ്പാണ്ടു രോഗം പിടിപെട്ടതാണോ? എന്തൊരു പിന്തിരിപ്പൻ ചിന്ത. എന്തൊരു മോശമായ പ്രതികരണം. അതായത് മനുഷ്യന്റെ വിധിപറയൽ ആപേക്ഷികമാണ്. സമയം, സ്ഥലം, വ്യക്തി എന്നിവക്കനുസൃതമായി അഭിപ്രായം മാറുന്നു. ഈ ലോകത്തിലെ ഒരു പ്രത്യേക രാജ്യത്ത് അഴുകിയ ചെറു മത്സ്യങ്ങളിൽ നിന്ന് സോസുണ്ടാക്കി ബാക്കി കത്തിച്ചു കളയുന്നു. മൂന്നുമാസങ്ങൾക്കു ശേഷം സോസ് ചീഞ്ഞളിഞ്ഞ് ഒരു മൈലോളം ദൂരെ അതിന്റെ ദുർഗന്ധം പരക്കുമ്പോൾ അവരത് കുഴിച്ചെടുത്ത് ചോറിനോടും പയറുവർഗ്ഗത്തോടുമൊപ്പം കഴി

ക്കുന്നു. എന്തൊരുസ്വാദാണതിനെന്ന് അവർ വിളിച്ചുപറയും. അത് നമ്മളെങ്ങാനും കഴിക്കേണ്ടിവരികയാണെങ്കിൽ നമ്മൾ പരാതിപ്പെടും. എന്തൊരു ദുർഗന്ധമുള്ള നിന്ദ്യമായ ഭക്ഷണമാണിതെന്ന്. അതേ രാജ്യത്തു തന്നെ ലൂസി, (പതമുള്ളതും പുളിക്കാത്തതുമായ റൊട്ടി) പശുവിന്റെ ശുദ്ധമായ നെയ്യിൽ വറുത്തെടുക്കുകയായിരുന്നു ഒരു മാന്യൻ. അപ്പോൾ ഗ്രാമ പ്രമുഖൻ വന്ന് അയാളോട് പറഞ്ഞു. താങ്കൾക്ക് വളരെ ദൂരെയുള്ള മറ്റേതെങ്കിലും സ്ഥലത്തുവെച്ച് പാചകം ചെയ്തുകൂടെ? താങ്കളെന്താണ് പാചകം ചെയ്യുന്നതെന്നറിയില്ല. അതെന്തുതന്നെയായാലും ഭയങ്കര ദുർഗന്ധമാണ്. അത് കൂടുതൽ സഹിക്കാനാവില്ല. അതിനർത്ഥം ശുദ്ധമായ പശുവിന്റെ നെയ്യ് അവർക്കിഷ്ടപ്പെടാത്ത ദുർഗന്ധമാണ്. നമുക്കതു വളരെ നല്ല മണവും.

ഇപ്രകാരം വൃത്തികളുടെ എണ്ണം ക്രമേണ കൂടിക്കൂടി വരുന്നു. ആരെങ്കിലും ഇത് അംഗീകരിക്കുന്നില്ലെങ്കിൽ അവർക്ക് തെറ്റി. ഈ ലോകത്തുള്ളതെന്തും മാറ്റത്തിന് വിധേയമാണ്. മനുഷ്യൻ മൃഗങ്ങളിൽ നിന്നും പരിണാമം പ്രാപിച്ചതാണ്. ഇപ്പോൾ മൃഗങ്ങളെക്കാളധികം വൃത്തികളുമുണ്ട്. മനുഷ്യന്റെ ബുദ്ധിവികാസവും അനന്തരഫലമായുണ്ടായ വൃത്തികളുടെ വികാസവും കാരണം ഭാഷകൾ വികസിച്ചുവന്നു. സംസ്കൃത ഭാഷയിൽ അഞ്ചു ലക്ഷത്തിലധികവും ബംഗാളി ഭാഷയിൽ ഒരു ലക്ഷത്തി ഇരുപത്തയ്യായിരത്തോളം വാക്കുകളുണ്ട്. ഇന്ത്യൻ ഭാഷയിൽ ഏറ്റവുമധികം പദങ്ങളുള്ളത് ബംഗാളിയിലാണ്. എന്നാലതു തന്നെ ഒരു ലക്ഷത്തി ഇരുപത്തയ്യായിരത്തോളം മാത്ര

മാണ്. ഏറ്റവുമധികം വികാസം പ്രാപിച്ച വാനരവർഗ്ഗത്തിന്റെ പദസമ്പത്ത് വെറും എണ്ണൂറെണ്ണം മാത്രമാണ്. അതുപോലെ കാട്ടിൽ താമസിക്കുന്ന അപരിഷ്കൃതമനുഷ്യരുടെ പദസമ്പത്ത് വെറും തൊള്ളായിരത്തി അമ്പത് മാത്രമാണ്. അതുകൊണ്ട് അവികസിത മനുഷ്യന ഏറ്റവുമധികം വികസിച്ച വാനരനേക്കാൾ വളരെകുറച്ച് പദസമ്പത്തേ കൂടുകയുള്ളൂ. ഏറ്റവും വികസിച്ച കുരങ്ങന സംസ്കൃതത്തിൽ ഉല്ലൂക എന്നു പറയുന്നു. (ചുവന്ന മുഖമുള്ള ഏപ്സ്) ഇതിന മറ്റു വർഗത്തിലുള്ള ഏപ്സിനേക്കാൾ കൂടുതൽ പദസമ്പത്തുണ്ട്. കിയൂൺ, കിയാൻ, കവീ തുടങ്ങിയ ഏയ്പ്സിന്റെ വാക്കുകൾക്ക് വ്യത്യസ്ത അർത്ഥങ്ങളാണ്. എന്നാൽ ആരും അവർക്കുവേണ്ടി ഒരുനിഘണ്ഡു നിർമ്മിക്കാനുള്ള പ്രയാസം ഏറ്റെടുത്തില്ല.

പത്ത് ജ്ഞാനേന്ദ്രിയങ്ങളേയും കർമ്മേന്ദ്രിയങ്ങളേയും മനസ്സിനേയും എല്ലാറ്റിൽ നിന്നും അതായത് വൃത്തികളുടെ ബന്ധനത്തിൽ നിന്നും പിന്തിരിപ്പിച്ച് പരമപുരുഷനിലേക്ക് നയിക്കുന്നതിനെ അഭിധ്യാന എന്നുപറയുന്നു. മനസ്സിന്റെ സൃഷ്ടിക്ക്കാരണഭൂതനായത് പരമപുരഷനായതിനാൽ നമ്മൾ പറയും പരമപുരുഷനിലേക്കുതന്നെ തിരിച്ചുവിടുക എന്ന്. അദ്ദേഹത്തിന്റെ മനസ്സ് സാന്ദ്രീകരിച്ചാണ് വ്യക്തി മനസ്സുണ്ടാകുന്നത്. അദ്ദേഹത്തിന്റെ ചിന്താതരംഗങ്ങൾ വ്യക്തിയുടെ മാനസികവും ശാരീരികവുമായ ഭാഗങ്ങളിലേക്ക് മാറ്റപ്പെടുന്നു. അദ്ദേഹത്തിന്റെ മനോദ്രവ്യം അഞ്ച് അടിസ്ഥാന ദ്രവ്യങ്ങളായി രൂപാന്തരം പ്രാപിക്കുന്നു. ആ അഞ്ച് അടിസ്ഥാന ദ്രവ്യങ്ങൾ കൂടുതൽ

സംഘർഷങ്ങളുടേയും പരാശ്രയത്വത്തിലൂടെയും സൂക്ഷ്മ മനസ്സായി പരിണമിക്കുന്നു. മനുഷ്യ മനസ്സ് നേരിട്ട് പരമപുരുഷനിൽ നിന്നും വരുന്നതല്ല. അത് അതിസൂക്ഷ്മമായ വിശ്വമനസ്സിൽ നിന്നും വരുന്നതാണ്. എന്നാൽ മനുഷ്യമനസ്സ് വിശ്വമനസ്സിലേക്ക് മുന്നേറുന്നത് ഈ അസംസ്കൃത ദ്രവ്യത്തിലൂടെയല്ല. അത് നേരിട്ട് വിശ്വ മനസ്സിലേക്ക് നയിക്കപ്പെടുകയാണ്.

സഞ്ചാരത്തിൽ (ചലനത്തിന്റെ ബഹിർമുഖഘട്ടം) ദ്രവ്യം വിശ്വമനസ്സിൽ നിന്നും രൂപം പ്രാപിച്ചതാണ്. വ്യക്തി മനസ്സ് ദ്രവ്യത്തിൽ നിന്നും പരിണമിക്കുന്നതാണ്. തിരിച്ച് അതിന്റെ യഥാർത്ഥ വസതിയിലേക്ക് പോകുമ്പോൾ മനസ്സിനെ വീണ്ടും ദ്രവ്യത്തിലൂടെ പോകാനനുവദിക്കില്ല. അത് നേരിട്ട് വിശ്വമനസ്സിലേക്ക് മുന്നേറുന്നു. എന്നാൽ മനസ്സ് അസംസ്കൃത വസ്തുക്കളിൽ വീണ്ടും ആസക്തനായാൽ അത് പിന്നേയും അസംസ്കൃതമായിമാറും. അത് ഏറ്റവും അപകടകരമായ അവസ്ഥയാണ് അതുകൊണ്ടാണ് ഒരാൾ ബിംബാരാധന ഉപേക്ഷിക്കണമെന്നു പറയുന്നത്. ഈ അന്തർമുഖ ഘട്ടത്തിൽ എല്ലാ അമ്പതു വൃത്തികളും പരമപുരുഷനിലേക്ക് തിരിയുന്നു. അമ്പതു വൃത്തികളാൽ ചലിക്കുന്ന മനസ്സ് ഇപ്പോൾ വഴിതിരിച്ചു വിടുന്നു. എങ്ങനെ? പത്ത് ഇന്ദ്രിയങ്ങളിലൂടെയുള്ള എല്ലാ പ്രവർത്തനങ്ങളും പിൻവലിക്കപ്പെടുന്നു. മനസ്സിനെ തന്നെ മാറ്റിവെക്കപ്പെടുന്നു. ഈ മാറ്റിവെക്കപ്പെടുന്ന മനസ്സ് പരമപുരുഷനിലേക്ക് നയിക്കപ്പെടുന്നു.അത് പ്രത്യാഹാര എന്നരീതിയാണ്. പിൻവലിക്കുന്ന രീതി.

എല്ലാ ഇന്ദ്രിയങ്ങളും സൂക്ഷ്മ മനസ്സിലേക്ക് വഴിതിരിച്ചു വിടുന്നു.

എന്താണ് ധ്യാനം? എല്ലാ വൃത്തികളേയും വേർതിരിച്ച് അവയെ പരമപുരുഷനിലേക്ക് നയിക്കുന്നതിനേയാണ് ധ്യാനം എന്നുപറയുന്നത്. ധ്യാനത്തിന രണ്ടു നിർവ്വചനങ്ങളുണ്ട്. യോഗശ്ചിത്തവൃത്തിനിരോധ - പതഞ്ജലി. (യോഗ എന്നത് മാനസികമായ എല്ലാപ്രവണതകളേയും മാറ്റി നിർത്തുന്നതാണ്.) സർവ്വചിന്താ പരിത്യാഗോ മിശ്ചിന്തോയോഗ ഉച്യതേ - യോഗ എന്നത് ചിന്തകളാൽ ഇളകി മറിയാത്തതും ക്രമപ്പെടുത്തിയതുമായ ഒരു മനസ്സ് നേടുക എന്നുള്ളതാണ് - തന്ത്ര. മനസ്സിനെ തീർച്ചയായും മാറ്റി നിർത്തണം. എന്നാൽ മാറ്റി വെക്കപ്പെട്ട മനസ്സ് എങ്ങോട്ടു പോകും? നാം ഒരു പുഴയിൽ ഒരണക്കെട്ട് നിർമ്മിക്കുന്നുവെന്ന് വിചാരിക്കുക. നദിയിലെ വെള്ളത്തിന പുറത്തേക്കുള്ള മറ്റൊരുവഴിയില്ലെങ്കിൽ ഒഴുക്കിന്റെ ശക്തിയിൽ അണക്കെട്ട് തകരും. അതൊരു മഹാവിപത്തായിമാറും. അതുപോലെ തന്നെ മനസ്സിന്റെ ഒഴുക്ക് പെട്ടെന്നുനിർത്തിയാൽ അതും അപകടകാരിയാണ്. മനസ്സ് ഒരു പ്രത്യേകപാതയിലേക്ക് നയിക്കപ്പെടണം. അതിന തീർച്ചയായും ഒരു പ്രത്യേകതരം ചലനശക്തിയുണ്ടാവും. ധ്യാനം എന്നത് മനസ്സിനെ പരമപുരുഷനിലേക്ക് നയിക്കലാണ്. പരമപുരുഷനെ ഓർക്കുന്നതാണ് ധ്യാനം. ഈ ചിന്താരീതിക്ക് ഒരുതരം ചലനശക്തി അനുഭവപ്പെടും. ഈ ചലനശക്തിയില്ലെങ്കിൽ മനസ്സ് ഇടുങ്ങിയ ചിന്തയിലേക്ക് നയിക്കപ്പെടുകയും അത് സർവ്വനാശത്തിന കാരണമാവുകയും ചെയ്യും.

ആരാണോ മന:ശാസ്ത്ര വിദ്യാർത്ഥികൾ, അവർക്കി ക്കാര്യം ശരിയായി മനസ്സിലാവും.

രണ്ടു വ്യത്യസ്ഥമായ വഴികളുണ്ട്. ആദ്യത്തേത് മന സ്സിന്റെ ബഹിർഗമന പ്രവണതകളെ നിർത്തി ആന്തരി കമായ ലക്ഷ്യത്തിലേക്ക് നയിക്കുകയാണ്. കീർത്തന ങ്ങളിൽ ചെയ്യുന്നതുപോലെ. ആദ്യമായി കീർത്തന ങ്ങൾ കണ്ടുപിടിച്ചപ്പോൾ അതിന്റെ പിന്നിലുള്ള മന:ശാസ്ത്രതത്വം ഇതായിരുന്നു. കീർത്തന സമയത്ത് ശബ്ദ തന്തുക്കൾ പാടുന്നു, ചെവി കേൾക്കുന്നു, കൈകളും കാലുകളും നൃത്തംചെയ്യുന്നു. അങ്ങനെ എല്ലാ അവയവങ്ങളും ദൈവീകമായ അനുഭൂതിയിലെ ത്തുന്നു. അവയോരോന്നും ആഗ്രഹിച്ച മറ്റൊരിട ത്തേക്കും പോകാനാകാതെ ബന്ധിക്കപ്പെട്ടുകിടക്കു ന്നു. ജനസമ്മതി നേടിയ ഒരന്ധവിശ്വാസമുണ്ട്. പിശാ ചുക്കൾ വളരെ തിരക്കിലായാൽ ഇരയുടെ കഴുത്ത് അവർ അറുക്കും. അതുപോലെ ഇന്ദ്രിയങ്ങൾ (കർമ്മേ ന്ദ്രിയങ്ങളും ജ്ഞാനേന്ദ്രിയങ്ങളും) ദൈവീകമായ കാര്യങ്ങളിൽ ബന്ധപ്പെടുത്താതിരുന്നാൽ അതൊ രാളെ വഴി വിട്ട് നയിക്കും. അതിനാൽ കീർത്തനങ്ങൾ വളരെയധികം ഉപകാരപ്രദമാണ്. കീർത്തനങ്ങൾ ചൊല്ലുമ്പോൾ എല്ലാ അവയവങ്ങളും ആത്മീയാന്വേ ഷണത്തിൽ വ്യാപൃതരാവുന്നു. ഈ സമയത്ത് ഒരാൾ മറ്റെന്തെങ്കിലും ചിന്തിക്കുകയാണെങ്കിൽ മനസ്സ് വ്യതി ചലിക്കും. കീർത്തന സമയത്ത് ഒരു സ്ത്രീ മറ്റൊരാ ളോട് സഹോദരീ ഇന്നെന്താ പാചകം ചെയ്തത്? എന്നു ചോദിക്കുകയാണെന്നു കരുതുക. അപ്പോഴത് മറ്റുള്ളവർക്കു കൂടി കേൾക്കാൻ കഴിയുന്നു. ഇത്തരം

ഇഷ്ടപ്പെടാത്ത ശബ്ദങ്ങൾ കേൾക്കാതിരിക്കാൻ കീർത്തനങ്ങൾ ചൊല്ലുമ്പോൾ ഏതെങ്കിലും സംഗീതോപകരണം കൂടി ഉപയോഗിക്കാൻ ഗുരു ഉപദേശിച്ചിട്ടുണ്ട്. മൃദംഗം തുടങ്ങി ഏതെനകിലും ഉപകരണംമാവാം. എന്നാൽ അതികഠിനമായ ശബ്ദം പുറപ്പെടുവിക്കുന്ന ഉപകരണങ്ങൾ ഉപയോഗിക്കരുത്. പെരുമ്പറ, ചെണ്ട തുടങ്ങി വടി ഉപയോഗിക്കുന്ന ഉപകരണങ്ങളും ഇലത്താളവും ഉപയോഗിക്കാതിരിക്കുക. മനസ്സ് മൃദംഗം പോലുള്ള മൃദുലമായ ഉപകരണങ്ങളുടെ സംഗീതമാണ് ഇഷ്ടപ്പെടുന്നത്. പരുപരുത്ത ശബ്ദമല്ല. കുറച്ചു കാലം മുൻപ് ബോലാമേറ പറഞ്ഞ കാര്യം ഞാൻ സൂചിപ്പിച്ചിരുന്ന. എപ്പോഴാണോ കാക്കയുടെ കരച്ചിലും പെരുമ്പറ ശബ്ദവും നിലക്കുന്നത് അപ്പോൾ മനുഷ്യരുടെ ചെവിക്ക് അൽപ്പം ആശ്വാസം ലഭിക്കും. ജനങ്ങൾ അത്തരം പരുക്കനും ആശ്വാസം ലഭിക്കാത്തുമായ ശബ്ദങ്ങൾ കേൾക്കാനിഷ്ടപ്പെടുന്നില്ല. മൃദംഗത്തിന്റെ ശബ്ദവും സമ്പൂർണ്ണമല്ലെങ്കിലും അതിനൊരുഗുണമുണ്ട്. അത് മധുരതരമാണ്. എപ്പോഴാണോ സംഭ്രാന്തമായ മനസ്സ് മൃദംഗത്തിന്റെ മധുരമായ ശബ്ദം ശ്രവിക്കുന്നത് അപ്പോൾ മനസ്സ് ശരിയായ അവസ്ഥയെ പ്രാപിക്കുന്നു. കീർത്തനത്തിൽ എടുത്തുപറയത്തക്ക ഒരു ശാസ്ത്രീയ സത്യമുണ്ട്.

കൽക്കത്ത: 10.011979

ഉള്ളടക്കം

# 3. കീർനീയസദാഹരി:

(പരമപുരുഷൻ എപ്പോഴും സ്തുതിക്കപ്പെടട്ടെ!)

കീർത്തനീയ സദാഹരി എന്നു പറയുന്നു. എന്താണ് കീർത്തനീയം എന്നതുകൊണ്ടർത്ഥമാക്കുന്നത്? എപ്പോഴാണോ ഒരാളുടെ ഗുണഗണങ്ങൾ ഉറക്കെപ്പാടുന്നത്, ഉന്നതമായി പ്രകീർത്തിക്കുന്നത് അതിനെ കീർത്തനീയ എന്നുപറയുന്നു. സംസ്കൃതത്തിലെ മൂലക്രിയാധാതുവായ കീർത് എന്നതിന് ഒരാളെ സ്തുതിക്കാൻ ഉറക്കെപറയുക എന്നാണർത്ഥം. മറ്റുള്ളവർക്ക് കേൾക്കത്തക്കവിധം ഉറക്കെപ്പറയുന്നതാണ് ഇത്. വളരെ പതുക്കെ ചൊല്ലിയാൽ തനിക്കുമാത്രവും മനസ്സുകൊണ്ട് ചൊല്ലിയാൽ ഒരാളുടെ മനസ്സിനു മാത്രവുമാണ് കേൾക്കാനാവുക. അത് മറ്റുള്ളവർക്ക് കേൾക്കാൻ സാധ്യമല്ല. കീർത്തനങ്ങൾ മറ്റുള്ളവർക്ക് കേൾക്കത്തക്കവിധം ഉറക്കെപാടണം.

കീർനീയസദാഹരി: കീർത്തനങ്ങൾ എപ്പോഴും ഹരിയെക്കുറിച്ചാകണം. മറ്റൊരുസത്തയെക്കുറിച്ചുമാകരുത്. ഒരാൾതന്നെകുറിച്ചോ മറ്റൊരാളെകുറിച്ചോ പുകഴ്ത്തരുത്. തന്നെത്താൻ പുകഴ്ത്തുന്ന നിരവധി ആളുകളുണ്ട്. അവർകാണിച്ച അത്ഭുതകൃത്യങ്ങൾ മറ്റുള്ളവരോട് പറയും. എന്നാൽ ഈ ശ്ലോകത്തിൽ പറയുന്നത് കീർത്തനം സ്വന്തം കാര്യം പറയാനല്ല ഹരിയെ പുക

ഴ്ത്താനാണ് ഉപയോഗിക്കേണ്ടത് എന്നാണ്. ഹരിക്കു വേണ്ടി കീർത്തനങ്ങൾ പാടാൻ പഠിപ്പിച്ചിട്ടുണ്ടെങ്കിലും വീണ്ടും ചിലർ തന്നെതന്നെ പുകഴ്ത്തിപ്പോകുന്നു. ചിലപ്പോൾ ഈ സ്വയം പുകഴ്ത്തൽ കടുത്തതാവുന്നു. അപ്പോൾ മറ്റുള്ളവർ ഇപ്രകാരം പറയാൻ കടപ്പെട്ടവരായിമാറുന്നു. ദയവുചെയ്ത് സ്വയം പുകഴ്ത്തൽ അവസാനിപ്പക്കുക. സ്വയമുള്ള സ്തുതിഘോഷം മറ്റുള്ളവർക്കരോചകമാണെന്ന് അവർ മറക്കുന്നു. മറ്റുള്ളവരുടെ സ്വയം പുകഴ്ത്തൽ കേൾക്കാൻ ആർക്കും ഇഷ്ടമല്ലെന്ന് എല്ലാവരും മനസ്സിലാക്കണം.

എന്താണ് ഹരിയുടെ ശരിയായ അർത്ഥം? ഹരീ എന്നതും ഹര എന്നതും പരമപുരുഷന്റെ രണ്ട് നിർവ്വഹണപരമായ പ്രകടനമാണ്. മനുഷ്യരെപ്പോലും ബന്ധപ്പെടുന്ന പദങ്ങളാണിത്. ഹര എന്നവാക്ക് ശബ്ദ ശാസ്ത്രസംബന്ധമായി രണ്ടു ബീജമന്ത്രങ്ങളുടെ മിശ്രമാണ്. എന്താണ് ബീജമന്ത്രം? എല്ലാ പ്രവർത്തനങ്ങളും എല്ലാനിലനിൽപ്പും നൈസർഗ്ഗികമായ ചില പ്രത്യേക ശബ്ദങ്ങളാൽ വിശേഷിപ്പിക്കപ്പെടുന്നു. നിങ്ങൾ ഒരു സ്ഥലത്തിരിക്കുമ്പോൾ അവിടെ സ്ഥിതിചെയ്യുന്നു എന്നു പറയാം. നിങ്ങളുടെ നിലനിൽപ്പ് ചില തരത്തിലുള്ളതരംഗങ്ങളാൽ ബന്ധിതമാവുകയോ രൂപാന്തരപ്പെടുകയോ ചെയ്യുന്നു. ഉദാഹരണമായി പ്രകാശതരംഗങ്ങൾ ഒന്നുകിൽ പ്രതിബിംബിക്കുന്നു, അല്ലെങ്കിൽ വക്രീകരിക്കുന്നു. അതിനുശേഷം വായുവിലേക്ക് തിരിച്ചുപോവുന്നു. അസ്ഥിത്വത്തിന്റെ ഭാഷാപരമായ വേരുകൾ ചില മുൻവിധികളോടെ പ്രവർത്തനക്ഷമമാകുന്നു. അസ്തിത്വത്തിലൂടെ,

പ്രവർത്തനങ്ങളിലൂടെ നിങ്ങൾ എല്ലായ്പ്പോഴും ചില ജോലികളുമായി ബന്ധപ്പെട്ടുകിടക്കുന്നു.

എന്താണ് പ്രവൃത്തി? പ്രവർത്തനം അഥവാ ചലനം എന്നാൽ ഒരു വസ്തുവിന്റെ സ്ഥാനം മാറ്റുക എന്നതാണ്. ഒരുപക്ഷെ നാം ഒരുതലയിണ ഒരു സ്ഥലത്തു നിന്നും മറ്റൊരിടത്തേക്ക് ചലിപ്പിച്ചാൽ തലയിണ അതിന്റെ സ്ഥാനംമാറി എന്നുപറയാം. ഇതിനാണ് നമ്മൾ പ്രവർത്തനം എന്നുപറയുന്നത്. എല്ലാ പ്രവർത്തനങ്ങൾക്കും ഒരു ശബ്ദമുണ്ട്. പക്ഷെ മനുഷ്യരുടെ ചെവികൾക്കത് കേൾക്കാനാവില്ല. ഒരാൾ കാലറ്റംകൊണ്ട് നടക്കുന്നുവെന്നുകരുതുക. ശബ്ദം വളരെ ലോലമായതിനാൽ കേൾക്കാൻ കഴിയുകയില്ല. എന്നിരുന്നാലും ചില ശബ്ദംഉണ്ടാവുന്നുണ്ട്. ചില ആളുകൾ നടക്കുമ്പോൾ നല്ല ശബ്ദങ്ങൾ ഉണ്ടാവുന്നുണ്ട്. ചിലർ നിശ്ശബ്ദമായി പുഞ്ചിരിക്കുമ്പോൾ വേറെ ചിലർ പൊട്ടിച്ചിരിക്കുന്നു. സംസ്കൃതത്തിൽ നിശ്ശബ്ദമായിചിരിക്കുന്നതിനെ സ്മിത എന്നുപറയും. ഉറക്കെചിരിക്കുന്നതിനെ ഹാസ്യ എന്നും പറയുന്നു. പുഞ്ചിരിക്കുന്നത് വളരെ ശാന്തമായിട്ടാണെങ്കിലും അതും ഒരു നേരിയ ശബ്ദം പുറപ്പെടുവിക്കുന്നു. പുഞ്ചിരിക്കുമ്പോൾ ഒരാളുടെ വായയും ചുണ്ടും നേരിയ തോതിൽ ചലിക്കുന്നു. ഇത് നേരിയ ചലനം വായുവിലുണ്ടാക്കുകയും അത് ചെറിയ ശബ്ദമായിത്തീരുകയും ചെയ്യുന്നു. ആ നേരിയ ശബ്ദത്തെയാണ് ഇംഗ്ലീഷിൽ ഭാഷാധാതു (മരീൗശേര ്യീേ) എന്നുപറയുന്നത്. സംസ്കൃതത്തിൽ ബീജമന്ത്ര എന്നുപറയുന്നു. മാറ്റത്തിനു വിധേയമായ ഈ ലോകത്ത് ഏറ്റവും

സൂക്ഷ്മമായത് നീലാകാശമാണ്. (ലമവേല്യ) അതിനും നിലനിൽപ്പുണ്ട്. ചില ശബ്ദങ്ങൾ പുറപ്പെടുവിക്കുന്നുണ്ട്. മാനസിക ചിന്തകൾ മനസ്സിൽ ചില പ്രകമ്പനങ്ങൾ ഉണ്ടാക്കുന്നു. അതോടൊപ്പം നാഡീകോശങ്ങളേയും ഞരമ്പുകളേയും പ്രകമ്പനം കൊള്ളിക്കുന്നു. ചില ആളുകൾ ഉറങ്ങുമ്പോഴും ഫുട്ബോൾ കളിയെപറ്റി ചിന്തിക്കുന്നു. ഉറക്കത്തിൽ ചിന്തിക്കുന്നതിന സ്വപ്നം കാണുക എന്നുപറയുന്നു. ഉണർന്നിരിക്കുന്നേരമുള്ള വിചാരങ്ങളെ ചിന്തകൾ എന്നുപറയുന്നു. ഉറക്കത്തിൽ ബോധമനസ്സ് പ്രവർത്തനക്ഷമമല്ല. അപ്പോൾകാണുന്ന ദൃശ്യങ്ങൾ യാഥാർത്ഥമാണെന്ന് തോന്നുന്നു. എന്നാൽ ബോധമനസ്സ് ഉണർന്നിരിക്കുമ്പോൾ ആളുകൾ വിചാരിക്കും ചിന്തിക്കയാണെന്ന്. എന്നാൽ ഉറക്കത്തിൽ ബോധമനസ്സ് മാറി നിൽക്കുന്ന അവസ്ഥയിൽ ഒരാളുടെ ചിന്തകളും യഥാർത്ഥമായി തോന്നും. ഒരു ഫുട്ബോൾ പ്രേമി ഉറങ്ങുമ്പോൾ ഫുട്ബോളിനെക്കുറിച്ച് അഗാധമായി ചിന്തിക്കുന്നു. അയാൾ, ഗോൾ, ഗോൾ എന്നു റക്കെ പറയുകയും കൂടെ കിടക്കുന്നവനെ കാലുകൊണ്ടടിക്കുകയും ചെയ്യും. ഇതെങ്ങനെ സംഭവിക്കുന്നു? ഉറങ്ങിക്കിടക്കുമ്പോഴുള്ള ചിന്തക്ക് ചെറിയ അടി നേരിടുമ്പോൾ അത് പ്രവർത്തനക്ഷമമാകുന്നു. ഹഎന്ന അക്ഷരമാണ് ഭാഷാധാതുവിന്റെ ഏറ്റവും സൂക്ഷ്മമായത്. അതായത് അഞ്ച് അടിസ്ഥാനവസ്തുതകൾ. (പഞ്ചഭൂതങ്ങൾ), റ എന്നത് ശക്തിയുടെ സൂക്ഷ്മ ധാതുവാണ്. ഇന്തോ ആര്യൻ അക്ഷരമാലാക്രമമനുസരിച്ച് അ മുതൽ ക്ഷ വരെയുള്ള ഭാഷാപരമായ ധാതുക്കൾ ഒരു പ്രവർത്ത

നത്തെ അല്ലെങ്കിൽ മറ്റൊന്നിനെ സൂചിപ്പിക്കുന്നു. ആകെത്തുകയായ അൻപത് ധാതുക്കളാണ് അക്ഷര മാല എന്നത്. ഇതിനെ അക്ഷമാല എന്നുവിളിക്കുന്നു.

പുരാണങ്ങൾ, തന്ത്രം, അഥർവ്വവേദം, എന്നീവ്യത്യസ്ത ആത്മീയ പുസ്തകങ്ങളിൽ ഒരുതരം കൂട്ടിച്ചേർത്ത തന്ത്രമാണ് ആവിഷ്ക്കരിച്ചത്. ഈ കൂടിചേർന്ന തന്ത്രത്തിൽ അക്ഷമാല ഭദ്രകാളി എന്നു പേരുള്ള താന്ത്രിക ദേവതയാൽ അറിയപ്പെട്ടു (നാലു കൈകളുള്ള കാളിയല്ല) ബിംബാരാധന ആരംഭിച്ചകാലത്ത് മനുഷ്യൻ അതുവരെ അക്ഷരമാലകൾ എഴുതാനും തിരിച്ചറിയാനും കഴിഞ്ഞിരുന്നില്ല. ആയതിനാൽ അക്ഷരമാലയുടെ പ്രതീകമായി അമ്പതു മനുഷ്യരുടെ തലയോടുകൾ കാളീ ദേവിയുടെ കഴുത്തിൽ അണിയിക്കുമായിരുന്നു. മനുഷ്യന്റെ വായിൽ നിന്നും വാക്കുകൾ ഉണ്ടാവാൻ തുടങ്ങി സൃഷ്ടിയുടെ അക്ഷരമായ അ പരിപാലനത്തിന്റേത് അ: നശിപ്പിക്കുന്നതിന് മ. അങ്ങനെ അ എന്നത് സൃഷ്ടിയുടെ ധാതു രൂപമായതിനാൽ അത് ആദ്യാക്ഷരമായി. അതുകൊണ്ടാണ് ഭദ്രകാളീ ദേവത ആദ്യാക്ഷരമായ അ കയ്യിൽ പിടിച്ചിരിക്കുന്നത്. ബാക്കിയുള്ള നാൽപത്തിഒമ്പത് അക്ഷരങ്ങൾ ആ മുതൽ ക്ഷ വരെ കഴുത്തിനു ചുറ്റുമാണ്. ഇന്നുണ്ടാക്കുന്ന ബിംബങ്ങളിൽ പതിനഞ്ചു മുതൽ ഇരുപതുവരെ മുഖങ്ങൾ മാലയിൽ വെച്ചിരിക്കുന്നത് കാണാം. കലാകാരന്മാർ കൊത്തി വെച്ച ഇത്തരം പ്രതിരൂപങ്ങൾ ഇന്നത്തെ കാലത്ത് തത്വശാസ്ത്രപരമായ സൂചനകളോ ആരാധകരുടെ വികാരങ്ങളോ പരിഗണിക്കുന്നില്ല.

റ എന്നത് ശക്തിയുടെ മൂലധാതുവാണ്. പലതരത്തിലുള്ള ശക്തി സ്വരൂപങ്ങളുണ്ട്. യാന്ത്രിക ശക്തി, വൈദ്യുതശക്തി, കാന്തികശക്തി തുടങ്ങിയവ ഉദാഹരണങ്ങൾ. ഇവയെല്ലാം പരമമായ പ്രവർത്തന തത്വത്തിന്റെ ഈ വിശാലപ്രപഞ്ചത്തിലുള്ള ആവിഷ്ക്കാരങ്ങളാണ്. ഓരോ നിമിഷവും ഓരോ സൃഷ്ടികൾ നടത്തുന്നു. മറ്റുചിലത് നശിപ്പിക്കുന്നു. ഭൂചലനങ്ങൾ, വെള്ളപ്പൊക്കം, ചുഴലിക്കാറ്റ് തുടങ്ങി നിരവധി ആകസ്മിക സംഭവങ്ങൾ നാശകാരണങ്ങളാണ്. ഇതല്ലാം തന്നെ ഹ, ര എന്നതിൽ അടങ്ങിയിരിക്കുന്നു. അതായത് പരമപുരുഷന്റെ ദിവ്യമായ ലീല. എപ്പോഴാണോ പരമപുരുഷൻ ഇത്തരം ദിവ്യമായ ലീലകൾ കാണിക്കുന്നത് അപ്പോഴദ്ദേഹം ഹര (ഹ+ര) എന്നറിയപ്പെടുന്നു. ശിവന്റെ മറ്റൊരു പേരാണിത്. അതുകൊണ്ടാണ് ചിലർ ഉറക്കെ പറയുന്നത് ഹരഹവ്യോം വ്യോം എന്ന്.

കൽക്കത്ത 11 ജനുവരി 1979.

ഉള്ളടക്കം

# 4. ജ്ഞാത്വാ ശിവം ശാന്തിമത്യന്തമേതി.

(സ്ഥിരമായ ആത്മ സംയമനം നേടൽ)

ഉപനിഷത്തുക്കളിൽ പ്രതിപാദിച്ചിട്ടുണ്ട്:

''സൂക്ഷ്മാതിസൂക്ഷ്മം കലിലസ്യമധ്യേ
വിശ്വസ്യ സ്രഷ്ടാരം അനേക രൂപം
വിശ്വസ്യൈകം പരിവേഷ്ടിതാരം
ജ്ഞാത്വാ ശിവം ശാന്തിമത്യന്തമേതി''

പുരാതനവേദത്തിൽ വിദ് എന്ന ക്രിയാധാതു ജ്ഞ എന്നതിന പകരമായി വ്യാപകമായി ഉപയോഗിച്ചുവന്നു. വേദ എന്നവാക്ക് വിദ് എന്ന ക്രിയാധാതുവൽ നിന്ന് രൂപം പ്രാപിച്ചു. (അറിയുക) വേദ എന്നത് അറിവാണ്. ജ്ഞ എന്ന ധാതു വളരെ കാലങ്ങൾക്കു ശേഷമാണ് ഉപയോഗത്തിൽ വന്നത്. ഋഗ്വേദം പതിനഞ്ചായിരം വർഷങ്ങൾക്കു മുൻപാണ് എഴുതപ്പെട്ടത്. അതിന്റെ മിശ്രണം വീണ്ടും പതിനായിരത്തോളം വർഷങ്ങൾ തുടർന്നു. അതായത് അയ്യായിരം വർഷങ്ങൾക്ക് മുമ്പുവരെ. അതിനു ശേഷം യജുർ വേദവും പിന്നീട് അഥർവ്വവേദവും വന്നു. ഈ മൂന്നു വേദങ്ങളിലും ചിലസംഗീതഭാഗങ്ങൾ അടങ്ങിയിട്ടുണ്ടെന്ന് പിന്നീട് കണ്ടെത്തി. ഈ സംഗീതാത്മകമായ ഭാഗങ്ങൾ കൂട്ടിച്ചേർത്ത് നാലാമതൊരു വേദവും ഉണ്ടായി – സാമവേദം. സാമ എന്ന വേദഭാഗത്തിന ഗാനം എന്നർത്ഥമുണ്ട്.

വേദഗാനങ്ങളിൽ ഏഴ് അളവു കോലുകളുണ്ട്. ഗായത്രി, അനുഷ്ടുപ്പ്, തിഷ്ടുപ്പ്, ബ്രഹതീ, ജഗതീ, പങ്ക്തി, ഉഷ്നീക്. വേദഋക്കുകൾ, ഉഷ്നീക് എന്ന വ

ളരെ പ്രയാസപ്പെട്ട അളവുകോലിൽ ഉണ്ടാക്കിയതാണ്. ഇതെല്ലാറ്റിലും വെച്ച് പ്രയാസമേറിയതാണ്.

പുരാതന ഋക്കുകൾ കൂട്ടിച്ചേർത്തുണ്ടാക്കിയവർ ചില പ്രത്യേക മൃഗങ്ങളുടെ സ്വനനാളിയിൽ നിന്നും ചില പ്രത്യേക ഉച്ച ശ്രുതിയിലുള്ള ശബ്ദങ്ങൾ ഉൽപാദിപ്പിക്കുന്നതായി മനസ്സിലാക്കി. ഏഴ് സ്വരങ്ങൾ ഇപ്രകാരം ഏഴു മൃഗങ്ങളുടെ ശബ്ദങ്ങൾക്ക് തുല്യമാണെന്നറിഞ്ഞു. മയിൽ (ഷഡ്ജം) കാള (ഋഷഭം), ആട് (ഗാന്ധാരം), കുതിര (മധ്യമം), കുയിൽ (പഞ്ചമം), കഴുത (ധൈവതം), ആന (നിഷാദം) ഓരോന്നിന്റേയും ആദ്യാക്ഷരങ്ങൾ സരിഗമപധനി എന്ന സപ്തസ്വരങ്ങൾ ഉണ്ടായി. സ (ഷഡ്ജം) രി(ഋഷഭം) ഗ (ഗാന്ധാരം) മ (മധ്യമം), പ (പഞ്ചമം) ധ (ധൈവതം), നി (നിഷാദം) എന്നിങ്ങനെ ഏഴുസ്വരങ്ങളും ഏഴുതാളക്രമങ്ങളും ഉണ്ടായി.

മനസ്സിലെ ഓരോ ആശയങ്ങൾക്കും സഹജമായ ശബ്ദമുണ്ട്. ആരംഭത്തിൽ തന്നെ ശബ്ദവും ഉണ്ടായിരുന്നു. ആ ശബ്ദം ദൈവത്തിൽ ഉണ്ടായിരുന്നു. ശബ്ദ എന്നതിൽ ഓം, ഹം, ഫട്, വാസത്, സ്വാഹ, നമ എന്നിവയൊക്കെ ഉൾക്കൊണ്ടിട്ടുണ്ട്. ആശയ പ്രകടനത്തിനു മുമ്പ് പ്രകടിപ്പിക്കുന്ന ശബ്ദ ശാസ്ത്രത്തിന്റെ വേരുകൾ ഇതൊക്കെയാണ്. ഉദാഹരണായി നമോ ബ്രഹ്മണ്യേ നമ: ആരെങ്കിലും ഈശ്വരനെന്തെങ്കിലും സമർപ്പിക്കുന്നുവെങ്കിൽ ഇത് ഉച്ചരിക്കുന്നു. (അർത്ഥം ബ്രഹ്മത്തിന നമസ്കാരം) നമ: എന്നുച്ചരിക്കുമ്പോൾ ആത്മ സമർപ്പണമാണ് ഉദ്ദേശിക്കുന്നത്. നം ദേവതായേ നമ: (ദൈവങ്ങൾക്ക് സ്തുതി). ഒരാൾ നമ:

എന്നുച്ചരിക്കുമ്പോൾ അത് വെറും ഒരുവാക്കല്ല ആശയം തന്നെയാണ്. നമ: എന്നത് നം എന്ന ക്രിയാ ധാതുവിൽ നിന്നു രൂപം പ്രാപിച്ചതാണ് ഞാൻ സ്വയം സമർപ്പിക്കുന്നു എന്നാണർത്ഥം. നമ: എന്നത് ആത്മ സമർപ്പണത്തിനുതകുന്നു. ഇത്തരം ആശയപരമായ ശബ്ദങ്ങൾക്ക് ശബ്ദം മാത്രമല്ല അടിസ്ഥാനപരമായ കാര്യം അത് തികച്ചും ആശയപരമാണ്. ഇത്തരം ഏഴ് ആന്ദോളനപരമായ ശബ്ദങ്ങൾ ഉണ്ട്. മനസ്സിന്റെ ലാളി ത്യം, സ്നേഹം, വികാരം, ഉദാരചിന്ത തുടങ്ങിയ സഹ ജമായ ഗുണങ്ങൾ പിന്നീട് കണ്ടുപിടിക്കപ്പെട്ടു. ഈ വികാരങ്ങൾ ശക്തിമത്തായി മനസ്സിൽ ഉണ്ടാകുമ്പോൾ ഒരു പ്രത്യേക രീതിയിൽ ശബ്ദങ്ങൾ പുറത്തുവരുന്നു. സഹജമായ ചിന്തകളോ, സ്നേഹ വികാരങ്ങളോ ഇല്ലെങ്കിൽ ജനങ്ങൾ പ്രത്യേക ശബ്ദം പുറപ്പെടുവി ക്കുന്നു. നിങ്ങൾക്ക് ചെറിയ എന്തെങ്കിലും അസുഖംഉ ണ്ടെങ്കിൽ, ഭക്ഷണം കഴിക്കാനാഗ്രഹമില്ലെങ്കിൽ, സാധാരണയായി നിങ്ങൾ വീട്ടിലെ അംഗങ്ങളോടു പറയും എനിക്കിന്ന് നല്ല സുഖമില്ലാത്തതിനാൽ ഞാനൊന്നും കഴിക്കുന്നില്ല എന്ന്. നിങ്ങൾക്ക് കുടും ബാംഗങ്ങളോട് എന്തെങ്കിലും ദേഷ്യമുള്ളതുകൊണ്ട് ഭക്ഷണം കഴിക്കുന്നില്ലെങ്കിൽ നിങ്ങളുടെ പ്രതിഷേധം ഇപ്രകാരമാവില്ല പ്രകടിപ്പിക്കുക. അൽപ്പം നിർമ്മര്യാദ യായി തന്നെ നിങ്ങൾ പറയും. ഞാനിന്നൊന്നും കഴി ക്കുന്നില്ല എന്ന്. ഇത് നിങ്ങളുടെ ശബ്ത്തിൽ പ്രകടമാകുന്ന ദേഷ്യഭാവമണ്. ഇപ്രകാരം ഞാനി ന്നൊന്നും കഴിക്കുന്നില്ല എന്ന് ശബ്ദത്തിന്റെ പ്രകടനം

ഒരേപോലെയല്ല. രണ്ടിലും പ്രകടനാത്മകമായ വ്യത്യാസമുണ്ട്.

ഒളിച്ചുവെക്കാൻ വളരെ പ്രയാസമുള്ള രണ്ടു മനോവികാരങ്ങളുണ്ട്. ഒന്ന് വിഷം. (കോപം മൂലമുള്ള ഭിന്നത). രണ്ട് അമൃതം (ആഴത്തിലുള്ള സ്നേഹ ബന്ധം). ഇത് ഉയർന്ന നടനുപോലും മറച്ചു പിടിക്കാനാവില്ല. ശ്രവണേന്ദ്രിയ സംബന്ധമായ ഏഴു ശബ്ദങ്ങൾ ഏഴു സംഗീത സ്വരങ്ങളാണ്. വിഷവും അമൃതവും ശബ്ദനാളിയിലൂടെ നിയന്ത്രിക്കപ്പെടുന്ന പതിനാറ് ശബ്ദങ്ങളാണ് ജ്ഞ എന്ന അടിസ്ഥാനക്രിയ വേദങ്ങളിലെ രാഗങ്ങളിൽ ഉൾക്കൊണ്ടിട്ടില്ല. അതിന്റെ കാരണം ഓരോ ശബ്ദത്തിന്റേയും ഉദ്ഭവം ശബ്ദനാളിയിൽ നിന്നല്ല, മൂലാധാര ചക്രത്തിലാണ്. പരാ, പശ്യന്തി, മധ്യമ, ദ്യോതമാന, വൈഖരി, ശ്രുതിഗോചര. ഇതാണ് ശബ്ദങ്ങൾ രൂപപ്പെടുന്ന വ്യത്യസ്ഥ ഘട്ടങ്ങൾ. അവ ആദ്യം രൂപപ്പെട്ടത് . പര എന്നതിൽ നിന്നാണ്. (ഒരു വാക്കിന്റെ മൗലികമായ വിത്ത്). അവസാനിക്കുന്നത് ശ്രുതി ഗോചര എന്നതിലാണ്. (ഒരു വാക്കിന്റെ കേൾക്കാവുന്ന രൂപം). പശ്യന്തി എന്ന ഘട്ടത്തിൽ ഒരാശയം ദൃഷ്ടി ഗോചരമാവുന്നു. ദ്യോതമാന എന്ന ഘട്ടത്തിൽ ഒരാൾക്ക് ഒരാശയം വ്യക്തമാക്കാനുള്ള ഉൾപ്രേരണ ഉണ്ടാവുന്നു. എന്നാൽ വാക്കുകൾ പ്രകടമാവാതെ സ്ഥിതി ചെയ്യുന്നു. ഇത്തരം ഒരവസ്ഥ നിങ്ങൾ പലപ്പോഴും അനുഭവിച്ചിട്ടുണ്ടാവും. എല്ലാം മനസ്സിലാക്കുന്നു. പക്ഷെ പുറത്തുപറയാൻ വാക്കുകൾ ലഭിക്കുന്നില്ല. അതായത് എങ്ങനെയാണ് ആശയങ്ങൾ പ്രകടമാക്കേണ്ടതെന്നറിയാതെ,

ആന്തരികമായ ചിന്തകൾ മറ്റുള്ളവരെ അറിയിക്കാൻ സാധിക്കാത്ത ഒരവസ്ഥ. ഇതാണ് ദ്വൈതമാന എന്ന അവസ്ഥ. സംഗീതത്തിന്റെ അഗാധതലത്തിലേക്ക് എത്തിനോക്കുമ്പോൾ ഈ ഏഴുഘട്ടത്തിലുള്ള പ്രകടനങ്ങളെക്കുറിച്ചും നിങ്ങൾക്ക് അറിയാൻ കഴിയും.

കെനോ എന്ന പഴയ ലാറ്റിൻ പദം അതിനു മുൻപുള്ള ജ്ഞ എന്ന ശബ്ദത്തിൽ നിന്നും ഉണ്ടായിനൊ (സീേം)എന്ന ആധുനിക ഇംഗ്ലീഷ് പദം ലാറ്റിൻ പദമായ കെനോ യിൽ നിന്നും രൂപപ്പെട്ടു. അപ്രകാരം സ(കെ) എന്ന അക്ഷരത്തിന്റെ ഉച്ചാരണം സീേം എന്ന വാക്കിന നഷ്ടമായി. എന്നാൽ ആ അക്ഷരം നമ്മൾ നിലനിർത്തുന്നത് കെനോ എന്ന ലാറ്റിൻ പദത്തിൽ നിന്നുവന്നതിനാലാണ്. ഇംഗ്ലീഷ് ഭാഷ പഠിക്കുന്നവർക്ക് ഇക്കാര്യം ഗവേഷണത്തിന ഉതകുന്ന ഒരു സൂചനയാണ്.

ജ്ഞാത്വാ ശിവം ശാന്തി മത്യന്ത മതി. സംസ്കൃതത്തിൽ ശിവ എന്ന വാക്കിന ധാരാളം അർത്ഥങ്ങളുണ്ട്. ആദ്യത്തേത് സൗഖ്യം അഥവാ ക്ഷേമം. ആരെയെങ്കിലും അനുഗ്രഹിക്കേണ്ടിവരുമ്പോൾ ഒരാൾക്ക് സുഖമസ്തു എന്നതിനു പകരം ശിവമസ്തു എന്നുപറയാം. (സർവ്വൈശ്വര്യവും ഭവിക്കട്ടെ), രണ്ടാമത്തെ അർത്ഥം അന്തർബോധം, (പ്രജ്ഞ), ശിവ ശക്ത്യാത്മകം ബ്രഹ്മ: (ബ്രഹ്മ എന്നത് പരമ ബോധവും പരമ പ്രവർത്തനക്ഷമതത്വവും ചേർന്നതാണ്.). മൂന്നാമത്തെ അർത്ഥം നിശ്ചലനായിക്കിടക്കുന്ന ആൾ അഥവാ ഉണരാൻ പറ്റാതെ നിൽക്കുന്ന ആൾ അതായത് ശവം. ഈ ശ്ലോകത്തിൽ ശിവൻ എന്നതിനർത്ഥം പരമപുരുഷൻ.

അതായത് പരമപ്രജ്ഞ. ജ്ഞാത്വാ എന്നാൽ അറിഞ്ഞതിനു ശേഷം. ശാന്തിം എന്നാൽ ശാന്തി (സമാധാനം) ശാം + ക്തിൻ ശാം + അനത് – ശമന.

പരമപുരുഷനാൽ നയിക്കപ്പെടുന്ന ഒരുവ്യക്തി എവിടേയും എല്ലാ സത്തകളേയും നിയന്ത്രിക്കുന്നു. ആരേയും വഴിതെറ്റിപ്പോക്കൻ അനുവദിക്കില്ല. കാലങ്ങളായി നിലനിൽക്കുന്ന തത്വങ്ങളെ നശിപ്പിക്കാൻ അനുവദിക്കില്ല. അയാൾ തന്റെ ഇരുമ്പു മുഷ്ടികളാൽ എല്ലാം നിയന്ത്രിക്കും. ഇതിനെ ശമന എന്നുപറയുന്നു. ഇത് പുരാണ കഥാപരമായി മരണ ദേവനാണ്. (യമൻ). ശമന എന്നത് ഭൂമിയിലുള്ള എല്ലാ ജീവജാലങ്ങളുടേയും വർദ്ധനവ് നിയന്ത്രിക്കുന്നു. പുരാണത്തിൽ പറയുന്നു. ജീവജാലങ്ങൾ അമിതമായി വർദ്ധിക്കുമ്പോൾ പാപികൾ ഉന്മൂലനം ചെയ്യപ്പെടുന്നു എന്ന്. ധാർമ്മികരെ സമാധാനപരമായി ജോലി ചെയ്യാൻ വിടുന്നു. ശമനം കരോതിയ:സ:ശാന്തി. ശം+ക്തിൻ – ശാന്തി. എല്ലാ മനുഷ്യരും ആത്മസംയമനം ആഗ്രഹിക്കുന്നു. ഈ ശാന്തി ലഭിക്കാനുള്ള ഒരേയൊരുവഴി ശിവനെ പറ്റി, പരമപുരുഷനെപറ്റി, പരമസത്തയെ പറ്റി അറിയലാണ്. മറ്റൊരു പോംവഴിയുമില്ല. ശിവം ശാന്തമത്യന്തമതി.

ജീവിതത്തിലെ ചെറുതോ വലുതോ ആയ പലസന്ദർഭങ്ങളിലും ഒരാൾക്ക് പ്രതീക്ഷിക്കാവുന്ന പ്രത്യേക രീതിയിലുള്ള മാനസിക നിർവൃതി നേടാനാവും. എന്നാൽ സ്ഥിരമായനിർവൃതി അഥവാ പ്രശാന്തി അല്ലെങ്കിൽ അത്യന്തികശാന്തി (ഇനി ഒരിക്കലും മറ്റൊരു നിർവൃതി ഇല്ലാത്ത തരത്തിലുള്ള ആത്മ

ശാന്തി അഥവാ നേടിയത് ഒരിക്കലും നഷ്ടപ്പെടാത്ത അവസ്ഥ) എളുപ്പം നേടാവുന്നതല്ല. യുദ്ധത്തിൽ ഒരു പ്രത്യേക അളവിലുള്ള ആത്മനിർവൃതി ലഭിക്കത്തക്കവിധം ഒരു സൈന്യം ജയിക്കുന്നു. എന്നാൽ അവർ അടുത്ത യുദ്ധത്തിൽ പരാജയപ്പെട്ടേക്കാം. ഒരിക്കൽ നേടിയ വിജയം സ്ഥിരമായ വിജയമായിക്കൊള്ളണമെന്നില്ല. പരാജയം പിൻതുടർന്നുവരാത്ത വിജയം സ്ഥിരമാണ്. ഏതെങ്കിലും ഒരു വ്യക്തി സ്ഥിരമായ നിർവൃതി (ശാന്തി) ആഗ്രഹിക്കുന്നുവെങ്കിൽ അയാൾക്ക് ശിവനെ അഥവാ പരമപുരുഷനെ ലഭിച്ചിരിക്കണം. മറ്റൊന്നും പകരമായി വരുന്നില്ല. അതിനാലാണ് ഇങ്ങനെ പറയുന്നത്. ഗത്വം ശിവം ശാന്തിമത്യന്തമതി. ഒരിക്കൽ ഒരാൾ അഗാധവും സ്ഥിരവുമായ ആത്മശാന്തിയുടെ മണ്ഡലത്തിൽ പ്രവേശിച്ചാൽ പരമാനന്ദത്തിന്റെ പരമാവസ്ഥയിൽ സ്ഥിരമായി പ്രവേശിക്കാനാവുന്നു.

കൽക്കത്ത 13 ജനുവരി 1979.

ഉള്ളടക്കം

# 5. സരദോഷാഃ പുരുഷേണേഹ ഹന്തവ്യാഃ

(ഉപേക്ഷിക്കേണ്ടതായ ചിത്തസ്വഭാവങ്ങൾ.)

തത്വശാസ്ത്രപരമായി പറഞ്ഞാൽ ദോഷങ്ങൾ ഗുണങ്ങൾ ഇവരണ്ടും ബന്ധനങ്ങളെന്നു പറയപ്പെടുന്നു. അതായത് ഒരു വ്യക്തിയെ ബന്ധിപ്പിക്കുന്ന ഒരാശയം അഥവാ ഒരു സത്ത, അതിനെ ബന്ധനം എന്നു വിളിക്കുന്നു. ദോഷങ്ങളെല്ലാം പോരായ്മകളായി ഗണിക്കപ്പെടുന്നു. സാധാരണ ജീവിതത്തിൽ അയാൾക്ക് പൂർണ്ണത കൈവരിക്കണമെങ്കിൽ വാസ്തവികമായ ഗുണങ്ങൾ ആർജ്ജിച്ചാൽ മാത്രം പോര നിഷേധരൂപത്തിലുള്ള ചില സ്വഭാവങ്ങൾ ഉപേക്ഷിക്കൂക കൂടി വേണം. ബുദ്ധിമാന്മാർ നിരന്തര പരിശീലനം വഴി ഇത്തരം സദ്ഗുണങ്ങളെ വികസിപ്പിച്ചുകൊണ്ടുവരികയും നിലനിൽപ്പിനുള്ള പോരാട്ടങ്ങളിൽ ചില പ്രത്യേക നേട്ടങ്ങൾ കൈവരിക്കുകയും ചെയ്യുന്നു. ചില രൂഢമൂലമായ പോരായ്മകളെ അകറ്റി നിർത്തി അഥവാ ചില ചീത്ത സ്വഭാവങ്ങളെ ഉപേക്ഷിച്ച് അവർ ജീവിതത്തിന്റെ കടുത്ത പ്രശ്നങ്ങളെ ഇല്ലാതാക്കുന്നു. ഒരാൾ ശരിക്കും ഒഴിവാക്കാൻ ശ്രമിക്കേണ്ട ചില ചീത്ത സ്വഭാവങ്ങളുണ്ട്. അതിങ്ങനെ പറയുന്നു.

സഢദോഷാഃ പുരുഷേണേഹ ഹന്തവ്യാഃ ഭൂതിമിച്ഛത.

നിദ്രാ-തന്ത്രാ-ഭയം-ക്രോധ - ആലസ്യം-ദീർഘസൂത്രതാ

ഈ ലോകത്തിൽ ആറുതരം അപകടകാരികളായ ചീത്ത സ്വഭാവങ്ങളെപറ്റി താക്കീതു നൽകുന്നു. വ്യക്തി ജീവിതത്തിലും സംഘജീവിതത്തിലും

സാമൂഹ്യ രാഷ്ട്രീയ ജീവിതത്തിലും ക്ഷേമം അന്വേഷിക്കുന്നവർ ഈ ആറു ചീത്ത സ്വഭാവങ്ങളെ ഉപേക്ഷിക്കണം. ഇത്തരക്കാർ ജനങ്ങൾക്ക് വ്യക്തി ജീവിതത്തിലും സാമൂഹ്യജീവിതത്തിലും പലപ്രയാസങ്ങളും ഉണ്ടാക്കുന്നു.

ആദ്യത്തെ ചീത്തസ്വഭാവം നിദ്ര അഥവാ ഉറക്കമാണ്. ഉറക്കം എന്ന അവസ്ഥ കഴിഞ്ഞാൽ പിന്നീട് ഒരു ശൂന്യത അനുഭവപ്പെടുന്നു. അതായത് നിദ്രയിൽ നിന്ന് ഉണർന്നാൽ അവർ എവിടെയാണെന്നും, ഉറക്കത്തിനുമുൻപ് എന്തുചെയ്യുകയായിരുന്നുവെന്നും മറക്കുന്നു. സമയ ബോധം അവർക്ക് നഷ്ടമാവുന്നു. സമയം എത്രയായി എന്നവർ ചോദിക്കും. രാത്രിയാണോ പകലാണോ എന്നുപോലും മറക്കും. ദിവസങ്ങളോളം ധാരാളമായി ഉറങ്ങുന്നവർ അവസാനം മാനസികക്രമീകരണം നഷ്ടപ്പെട്ട് നിന്നനിലയിൽ കുറേകാലം പിടിച്ചുനിൽക്കാൻ വിഷമിക്കുന്നു. ഇപ്പോൾ രാത്രിയോ പകലോ, സമയമെന്തായി, എന്നൊക്കെ അവർ സംഭ്രമത്തോടെ ചോദിക്കുന്നു. ഇത് തുടർന്നാൽ അവരുടെ ഓർമ്മശക്തിയും പ്രവർത്തനക്ഷമതയും കുറയുകയും മന:ശക്തി പൂർണ്ണമായും നശിക്കുന്ന അവസ്ഥയിലെത്തുകയും ചെയ്യുന്നു. അവർ ഏതാണ്ടൊരു മന്ദബുദ്ധിയായി മാറുന്നു. അവർക്ക് പ്രശ്നങ്ങൾ അഭിമുഖീകരിക്കാനുള്ള ധൈര്യം നഷ്ടപ്പെടുന്നു. അവർക്ക് ശാരീരിക ശക്തിയുണ്ടാവാം. പക്ഷേ ധൈര്യം ഇല്ലാതെപോകുന്നു. പൗരാണികർ അധികമായ ഉറക്കം ആരോഗ്യത്തിന് നല്ലതാണെന്ന് പറയുമായിരുന്നു. എന്നാലിന്ന്

അങ്ങനെയല്ല. അധികമായ ഉറക്കം ആരോഗ്യത്തിന്ന് കോട്ടം വരുത്തുക മാത്രമല്ല മനസ്സിനത് പ്രതികൂല മായിത്തീരുകയും ചെയ്യും.

എന്താണ് ഉറക്കം? അത് അതിശക്തമായ ഒരാക്രമ ണത്തിനു ശേഷമുള്ള സൈന്യത്തിന്റെ പിന്മാറ്റംപോ ലെയോ, ഓട്ടക്കാരൻ ഓട്ടം തുടങ്ങുന്ന രേഖയിൽ നിന്നും കാൽ പുറകോട്ടെടുത്ത പ്രത്യേക ചലനശക്തി ലഭിക്കാൻ മുന്നോട്ടുകുതിക്കുന്നതുപോലെയോ ആണ്. ഊർജ്ജ്വസ്വലമായ ഒരു കൃത്യം ഏറ്റെടുക്കുന്നതിനു മുൻപുള്ള ഒരു വിശ്രമമായി അതിനെകണക്കാക്കാം. ഇതാണ് നമ്മുടെ ഉറക്കം. എന്നെ സംബന്ധിച്ചേട ത്തോളം നാലു മണിക്കൂറിലധികം ഒരുദിവസം ഞാൻ ഉറങ്ങാറില്ല. മാസങ്ങളോളം നാലുമണിക്കൂർ നിവർന്നു കിടന്നാൽ ഒരുപ്രയാസവുമില്ല. നാഡീകോശങ്ങളേയും ഞരമ്പുകളേയും നിയന്ത്രിക്കാനുള്ള ചില സൂത്രങ്ങൾ അറിയുന്നവർക്ക് ഉറക്കം ഇഷ്ടമാണെങ്കിലും അത് വേണ്ടെന്നു വെക്കാൻ കഴിയും. ചില വ്യക്തികൾ വള രെയധികം ഉറങ്ങിയാലും ജോലിചെയ്യുമ്പോൾ ഉറക്കം തൂങ്ങുന്നത് നിങ്ങൾ ശ്രദ്ധിച്ചിരിക്കും. ഇത് സമൂഹ ത്തിന വളരെ ദോഷം ചെയ്യും. ഒരു മനുഷ്യന്റെ ആയുസ്സ് എൺപതുവർഷമാണെങ്കിൽ അതിൽ നാൽപ്പതുവർഷവും ഉറങ്ങാൻ ചെലവഴിച്ചാൽ ഫലപ്ര ദമായ പലകാര്യങ്ങളും ചെയ്യാൻ അയാൾക്ക് സമയം ലഭിക്കില്ല. ഉറക്കത്തിന്റെ പരിധിയിൽ അമിതമായി സ മയം ചെലവഴിക്കുന്നത് പരിതാപകരമാണ്. ആരാണോ വളരെയധികം സമയം ഉറങ്ങുന്നത് അവർ

പ്രായോഗിക ജീവിതത്തിൽ സമയം കുറച്ചുകൊണ്ടുവരാൻ ഉദ്യമിക്കണം.

രണ്ടാമത്തെ ചീത്ത സ്വഭാവം തന്ദ്ര അഥവാ ജാഡ്യമാണ് (ബുദ്ധിമാന്ദ്യം). അത് ഒരുതരം സങ്കോചാവസ്ഥയാണ്. ജീവിതത്തിൽ എന്തെങ്കിലും പ്രവർത്തിക്കാനുള്ള പ്രചോദനം നശിച്ച് ചലന ശക്തി ഇല്ലാതാവുന്നു. ഇത് ഗ്രന്ഥികളുടെ തകരാറുമൂലവും രോഗം കാരണവും ജന്മനാലുള്ള പോരായ്മകളാലും സംഭവിക്കുന്നു. അതിൽ ചിലത് ചെറുപ്പത്തിലേ മരിക്കാൻ കാരണമാകുന്നു.

സ്വതവേ മടിയന്മാരായവർ ശരിയായ ചിന്തകൾ കുറഞ്ഞവരും പ്രവർത്തനവേഗം ഇല്ലാത്തവരുമാവുന്നു. എനിക്കത് ചെയ്യാൻ കഴിയുമോ, എങ്ങനെയാണ് ഞാനിത് ചെയ്ത് തീർക്കുക, ഞാൻ ഒന്നിനും കൊള്ളാത്തവനാണ്, ഞാൻ നിരക്ഷരനാണ് തുടങ്ങിയ ചിന്തകൾ അവരെ അലട്ടുന്നു. ജനങ്ങൾ ഇത്തരത്തിൽ ചിന്തിക്കുമ്പോൾ നാഡീതന്തുക്കളെ ശരിയായവിധം നിയന്ത്രിക്കാൻ കഴിയാതെ വരുന്നു. ഇത് ജോലി ചെയ്യാനുള്ള ഉദാസീനതയായിമാറുന്നു. ജാഡ്യം അപകടകാരിയാണ്. ഒരാൾ ഉണർന്നശേഷവും ഉറക്കംതൂങ്ങുന്നതും തന്ദ്രയാണ്. അതുകൊണ്ടു തന്നെ ഒരുതരം ജാഡ്യവും. ഇതിനെ അതിജീവിക്കാൻ ഒരാൾ ചില മാനസിക വ്യായാമങ്ങൾ പരിശീലിക്കണം. മാനസികമായ അച്ചടക്കവും വേണം.

ചില വിദ്യാർത്ഥികൾക്ക് അവരുടെ പഠനത്തിൽ ഏകാഗ്രമായി ശ്രദ്ധിക്കാൻ കുറച്ചു സമയമേകിട്ടൂ. അപ്പോഴേക്കും അവരുടെ മനസ്സ് കളിസ്ഥലത്തെത്തി

യിരിക്കും. കണ്ണുകൾപുസ്തകത്തിൽതന്നെയായിരിക്കുമെങ്കിലും മനസ്സ് കളിസ്ഥലത്ത് പത്തോ പതിനഞ്ചോ മിനിറ്റ് കളിക്കുകയായിരിക്കും. അവരുടെ രക്ഷിതാക്കളും അദ്ധ്യാപകരും കാഴ്ചയിൽ കാണുന്ന ഈ പഠനത്തിൽ സംതൃപ്തരാവും. യഥാർത്ഥത്തിൽ അവർക്ക് ശരിയായി പഠിക്കാനാവുന്നില്ല. കണ്ണുകൾ വായിക്കുമെങ്കിലും മനസ്സത് ശ്രദ്ധിക്കില്ല. ഇതും ഒരു തരം നിശ്ചലാവസ്ഥയാണ്. മനസ്സ് കളിസ്ഥലത്ത് ഉടക്കിക്കിടക്കുകയാണ്.

പരീക്ഷാകാലത്ത് കുട്ടി സുഹൃത്തുകളുടേയും രക്ഷിതാക്കളുടേയും അയൽക്കാരുടേയും ഉയർന്ന പ്രതീക്ഷക്കൊത്ത് പഠിക്കാൻ നിർബന്ധിതനാവുന്നു. അപ്പോഴും കണ്ണുകൾ വായിക്കുന്നുവെങ്കിലും മനസ്സ് ചെയ്യുന്നില്ല. ബാഹ്യ പ്രേരണയാൽ കുട്ടി പ്രവർത്തിക്കുന്നു. എന്താണിതിന്റെ ഫലം? പരീക്ഷ കഴിഞ്ഞ് സമാശ്വസിക്കുന്ന സമയത്ത് സിനിമക്കോ കളിസ്ഥലത്തോ പോകുമ്പോൾ അവന്റെ മനസ്സ്പഴയ നിശ്ചലാവസ്ഥയിലേക്ക് തിരിച്ചുപോവുന്നു. അവൻ വളരെ വേഗത്തിൽ മുൻപ് കഷ്ടപ്പെട്ടു പഠിച്ചതൊക്കെ രണ്ടോമൂന്നോ ദിവസം കൊണ്ട് മറക്കുന്നു. പരീക്ഷാ സമയത്ത് നമുക്ക് പാഠങ്ങൾ വളരെ വേഗം ഓർക്കാൻ കഴിയുമെങ്കിലും അത് കഴിയുന്നതോടെ എല്ലാം മറക്കുന്നു. ഇത്തരം മന:ശാസ്ത്രം എല്ലാ കാര്യത്തിലും സംഭവിക്കുന്നു. അതിനാൽ ജാഡ്യ എന്നത് അപകടകരമായ ഒന്നാണ്. ഒരാൾ ഇക്കാര്യത്തിൽ ജാഗ്രതയുള്ളവനാകണം.

ഈ നിർവ്വികാരത ഒരു സ്ത്രീയെ അടുക്കളയിൽ ഭക്ഷണം പാചകം ചെയ്യുന്ന സമയത്താണ് ബാധിക്കുന്നതെങ്കിൽ അവർ പച്ചക്കറിയിൽ ഉപ്പിടാനും മസാലയിടാനും മറക്കും. ഭൗതികമായി അവളുടെ സാന്നിധ്യം അവിടെയുണ്ടെങ്കിലും മനസ്സ് മറ്റെവിടെയെങ്കിലുമായിരിക്കും. ഒരു മനുഷ്യൻ അയാളുടെ ജോലിയിൽ അശ്രദ്ധയുള്ളവനായാൽ, ഒരു സ്ത്രീ ഭക്ഷണത്തിൽ ഉപ്പും മസാലയും ചേർക്കിന്നില്ലെങ്കിൽ അവരുടെ മനസ്സ് ജാഡ്യാവസ്ഥയിലാണെന്ന് മനസ്സിലാക്കാം. അവർക്ക് മനോരോഗ ചികിത്സ ആവശ്യമാണ്. പ്രത്യേകിച്ച് ആൺകുട്ടികളുടേയും പെൺകുട്ടികളുടേയും കാര്യത്തിൽ, അവർ പഠനത്തിലേർപ്പെട്ടവരാണെങ്കിൽ ഈ ജാഡ്യാവസ്ഥയിൽ നിന്നും മാറാൻ വളരെ കാലമെടുക്കും. സ്കൂളിൽ അധ്യാപകൻ ഈ മന:ശാസ്ത്രം ശരിക്കും അറിഞ്ഞിരിക്കണം. അങ്ങനെയായാൽ കുട്ടികൾക്ക് അവരിൽ നിന്നും പഠിക്കാനാവും.

മൂന്നാമത്തെ ചിത്തസ്വഭാവം ഭയം (പേടി) ആണ്. ഇത് ജനിക്കുമ്പോൾ തന്നെ ഒരാളിൽ രൂഢമൂലമായിക്കിടക്കുന്ന വാസനയാണ്. ഈ ഭയം കൂടിവരുമ്പോൾ ഒരാൾ ഭീരുവായിമാറുന്നു. ഒരാൾ ഭയത്തിന ഒരിക്കലടിമപ്പെട്ടുകഴിഞ്ഞാൽ ആസ്വഭാവം കൂടിക്കൂടി വരുന്നു. അതു പോലെത്തന്നെയാണ് കൂടുതൽ ഉറങ്ങുന്നതിനനുസരിച്ച് വീണ്ടും ഉറങ്ങാൻ തോന്നുന്നത്. പിന്നീടത് ഇരുപത്തിനാലുമണിക്കൂറും ഉറങ്ങുന്ന സ്വഭാവമായിത്തീരും. ഭക്ഷണത്തിന്റെ കാര്യത്തിലും ഇതുപോലെത്തന്നെയാണ്. എത്രകണ്ട് ഭക്ഷണം കൂടുതൽ കഴിക്കുമ്പോ അതിനനുസരിച്ച് ഭക്ഷണത്തിന്റെ അളവ്കൂടി

വരുന്നു. ഒരാൾക്ക് ഒരു ഭൂതത്തെ (പിശാച്) പോലെ ഭക്ഷണം വാരിവലിച്ചുതിന്നാം. എന്നാൽ എത്രകണ്ട് ആഹാരം കുറക്കുന്നുവോ അത്രകണ്ട് ആരോഗ്യ ത്തോടെ ജീവിക്കാം. ഞാൻ അഞ്ചുവർഷം ഭക്ഷണമി ല്ലാതെ ജീവിച്ചു. അത് സാധ്യമാവില്ല എന്ന് തോന്നാം. പക്ഷെ പരിശ്രമിച്ചാൽ അതും സാധിക്കും. അത് വലിയ പ്രയാസമുള്ള കാര്യമൊന്നുമല്ല.

ഇത്തരം സ്വഭാവങ്ങളിൽ നിയന്ത്രണം ശീലിച്ചിരിക്ക ണം. ഒരുപക്ഷെ ചില പ്രതികൂലസാഹചര്യങ്ങളിൽ ഒരാൾക്ക് പത്തുദിവസം ഭക്ഷണമൊന്നുംലഭിച്ചില്ലെന്ന് വന്നേക്കാം. ഈ സാഹചര്യത്തിൽ ഭക്ഷണനിയ ന്ത്രണം ശീലിക്കാത്തവർ തീർച്ചയായും മരിച്ചു പോവും. എന്നാൽ നിയന്ത്രണം ശീലിച്ചവൻ നാലഞ്ചു വർഷം ഇത്തരം സാഹചര്യങ്ങളെ അതിജീവിച്ചേക്കും. ഇത് മനുഷ്യന്റെ സാധ്യമായ കാര്യങ്ങളാണ്.

ഒരാൾ ഭയത്തിനു കീഴ്പ്പെട്ടാൽ ഭയമെന്ന വാസന കൂടിക്കൂടിവരും. ഭീരുവായ ഒരാൾ ഒരു പക്ഷെ വിശാല മായ പകൽ വെളിച്ചത്തിൽപോലും ഭൂതങ്ങളെ ദർശി ക്കും. അതുപോലെ തന്നെ ധീരനായ ഒരാൾ അർദ്ധ രാത്രി ശ്മശാനത്തിൽപോലും ഭൂതങ്ങളെ കാണുകയി ല്ല. എന്താണിതിനുകാരണം? ഭയത്തിന്റെ മാനസികാവ സ്ഥയിൽ ഒരുതരം മാനസിക പ്രക്ഷേപണം ഉദ്ഭവിക്കു ന്നു. സാധാരണയായി മനസ്സ് അഞ്ചവസ്ഥകളിൽ ഏതെങ്കിലും ഒന്നിലായിരിക്കും 1) ക്ഷിപ്ര (ഏതാണ്ട് ഭ്രാന്തമായ), 2) മൂർഹ (ഏതാണ്ട് വിഡ്ഢിയായ), 3. വിക്ഷിപ്ത (ചിന്നിച്ചിതറിയ), 4)ഏകാഗ്ര (ഏതാണ്ട് ഏകാഗ്രമായി), 5) നിരോധ (കുശാഗ്രബുദ്ധി), ഒരു

വ്യക്തിയുടെ ആന്തരികമായ മാനസിക പ്രക്ഷേപണങ്ങൾ ഈ അഞ്ചിലേതെങ്കിലുമാവുമ്പോൾ ഭൂതങ്ങൾ (പ്രേതങ്ങൾ) ഉദ്ഭവിക്കും. ചിലപ്പോൾ രാത്രിയുടെ നിശ്ശബ്ദതയിൽ ഇത്തരം പിശാചുക്കളുടെ സാന്നിധ്യം ഒഴിവാക്കാൻ മതിഭ്രാന്ത് ഇല്ലാതാക്കിയാൽ മതി. മനസ്സിൽ നിന്നും പ്രക്ഷേപണം ചെയ്യുന്ന വിഭ്രാന്തിക്കെതിരായ മാനസികാവസ്ഥ ഉണ്ടാക്കണം. അങ്ങനെ ഭയത്തെ നിയന്ത്രിക്കാൻ ഒരാൾക്ക് കഴിയും. ഇതെങ്ങനെ സാധ്യമാകും? ഒരേയൊരു വഴിയേ ഉള്ളൂ. ഏറ്റവും ശക്തിമാനായ പരമപുരുഷനിൽ അഭയം കണ്ടെത്തുക. മനസ്സ് ഉറപ്പിക്കുക.

യതോ വാചോ നിവർത്തന്തേ
അപ്രാപ്യ മനസാ സഹ.
ആനന്ദം ബ്രഹ്മണോ വിധ്വാന
മാ വിഭേതി കുതശ്ചന.

ഒരാൾ പരമപുരുഷനിൽ അഭയം പ്രാപിച്ചാൽ ഈ ലോകത്തിലുള്ള മറ്റൊന്നിനേയും ഭയപ്പെടേണ്ടതില്ല. യഥാർത്ഥത്തിൽ ഭയത്തിൽ നിന്നും മോചനം നേടാൻ ഇതുമാത്രമേ വഴിയുള്ളൂ. ആരാണോ ഭയത്തിന്റെ മനോപ്രക്ഷോഭത്തിനിരയാവുന്നത് അയാൾ സ്വന്തം കഴിവുകളെ സംശയിക്കുന്നു. അയാൾ നിഷ്ക്രിയനാവുന്നു. എന്നാൽ അൽപ്പം പരിശ്രമിച്ചാൽ അവർ ചെയ്യാനാഗ്രഹിക്കുന്നത് ചെയ്യാനാവും. എനിക്കീ ജോലി ചെയ്യാനാവുമോ എന്ന് നിങ്ങൾ ഭയപ്പെട്ടേക്കാം. എന്നാൽ നമ്മൾ വിചാരിക്കുകയാണെങ്കിൽ അത് പൂർത്തിയാക്കാൻ കഴിയുമെന്നകാര്യം ആർക്കാണറിഞ്ഞുകൂടാത്തത്? ആരെങ്കിലും ഒരാൾ ഭയത്തിന്റെ

വശീകരണംകൊണ്ട് ഭൂതത്തെ കാണുന്നുവെന്ന് വിചാരിക്കുക. പെട്ടെന്നുതന്നെ അയാൽ ഇഷ്ട മന്ത്രം ഓർക്കുന്നു. അപ്പോൾ ഏതാനും അടിമുന്നോട്ടു വെക്കാനും ഭൂതത്തിന്റെ ചെകിടത്തടിക്കാനും കഴിയും. പിന്നീട് മനസ്സിലാവും അത് യഥാർത്ഥത്തിൽ ഭൂതമല്ല എന്ന്. ഒരു പക്ഷെ അതൊരുകസേരയായിരിക്കും. ഒരു മനുഷ്യന്റെ നിഴൽച്ചിത്രമായി അത് തോന്നിയതായിരിക്കും. ഇതാണ് ശരിക്കും സംഭവിക്കുന്നത്. ധൈര്യത്തോടു കൂടി മുൻപോട്ടുപോവുക. അപ്പോൾ നിങ്ങൾക്കുകാണാം ഭൂതങ്ങളും വേതാളങ്ങളും കുട്ടിച്ചാത്തന്മാരുമൊക്കെ ഒരു നമസ്ക്കാരം പറഞ്ഞ് നിങ്ങളിൽ നിന്നും അകന്നുപോവുന്നത്.

നാലാമത്തെ ദു:ശീലമാണ് ക്രോധം (ദേഷ്യം) എന്താണ് ദേഷ്യത്തിന്റെ പ്രകൃതം? നാഢീ കോശങ്ങളിലോ തന്തുക്കളിലോ വളരെയധികം അസ്വസ്ഥത (പ്രക്ഷോഭം) അനുഭവപ്പെടുമ്പോൾ-ഒരു പക്ഷെ എന്തെങ്കിലും ചിന്തിക്കുകയോ, കേൾക്കുകയോ ചെയ്യുമ്പോൾ - ഒരാൾ ക്രോധത്തിനിരയാവുന്നു. ഒരാൾ നിങ്ങളെ ശല്യപ്പെടുത്തുകയോ വളരെയധികം അപമാനിക്കുകയോ ചെയ്യുമ്പോൾ നിങ്ങളുടെ നാഢീഞരമ്പുകൾ വിക്ഷേപാവസ്ഥയിലാവുന്നു. ആരും അപമാനിച്ചിലെങ്കിലും ഒരാളെക്കുറിച്ച് വെറുതെ ചിന്തിച്ചാൽ പോലും നാഢീ ഞരമ്പുകൾ അത്ഭുതകരമായി ഇളകിമറിയുന്നു. ഒരു പക്ഷെ പതിനഞ്ചുവർഷം മുൻപ് ഒരാൾ നിങ്ങളെ അപമാനിക്കത്തക്കവിധം വല്ലതും പറഞ്ഞിട്ടുണ്ടെന്ന് കരുതുക. ഇപ്പോൾ പോലും പെട്ടെന്നാ വാക്കുകൾ ഓർത്താൽ നിങ്ങൾ ഇളകിമറിയുന്നു.

നാഡീഞരമ്പുകൾ ഫലശൂന്യമാവുമ്പോൾ നിങ്ങൾ കോപിഷ്ടനാവുന്നു. അതിന്റെ ഫലമായി ശരീരം വിറക്കുന്നു. തൊലിയുടെ നിറം മാറുന്നു. നല്ല വെളുത്ത ശരീരമുള്ളവൻ ചുവക്കുന്നു. കറുത്തനിറമുള്ളവൻ വയലറ്റ് നിറമാകുന്നു. (ദേഷ്യത്തിന് ബംഗാളിയിൽ രാഗ എന്നുപറയുന്നു. രൻജ് + ഗൈൽ = രാഗ, സംസ്കൃതത്തിൽ രാഗ എന്നാൽ എന്തിനെങ്കിലും നിറം കൊടുക്കുക എന്നാണ്. ഒറിയയിൽ അത് രാഗഎന്നുതന്നെയാണ്. ഇതാണ് മനുഷ്യശരീരത്തിൽ കോപത്തിന്റെ പ്രവർത്തനം. ദേഷ്യം എല്ലായിടത്തും ഒരുപോലെയാണ്. നാഡീ കോശങ്ങൾക്ക് നാഡീ തന്തുക്കളെ നിയന്ത്രിക്കാൻ പറ്റാത്തതുകൊണ്ടാണിങ്ങനെ സംഭവിക്കുന്നത്.

നാഡീ തന്തുക്കളിൽ ഒരാൾക്ക് നിയന്ത്രണം നഷ്ടപ്പെടുമ്പോൾ എന്തു സംഭവിക്കുന്നു എന്നതിന് മറ്റൊരുദാഹരണം ഞാൻ പറയാം. ചില ആളുകൾ ഫുട്ബോൾ കളിയിൽ അമിതാവേശമുള്ളവരാണ്. ഉറക്കത്തിൽകൂടി അവർകളി സ്വപ്നംകാണുന്നു. എന്താണ് സ്വപ്നം? ബോധാവസ്ഥയിൽ നമ്മൾ ചിന്തിക്കുമ്പോൾ ബോധമനസ്സാണ് പ്രവർത്തിക്കുന്നത്. അപ്പോൾ നമ്മൾ മാനസികമായി ചിന്തിക്കുന്നു എന്നറിയുന്നു. എന്നാൽ ഉറങ്ങുമ്പോൾ ചിന്തകളിൽ ബോധമനസ്സ് പ്രവർത്തിക്കുന്നില്ല. നമ്മൾ കാണുന്ന വസ്തുക്കൾ യഥാർത്ഥമാണെന്ന് തെറ്റിദ്ധരിക്കുന്നു. അതിനാൽ ഫുട്ബോൾ ഭ്രാന്തൻ കളി സ്വപനം കാണുമ്പോൾ ഗോൾ, ഗോൾ എന്നാർത്തു വിളിക്കുന്നു. വലതും ഇടതും ഭാഗങ്ങളിൽ കാലുകൊണ്ട് അടിക്കു

കയും ചെയ്യും. വ്യക്തമായും അയാളുടെ നാഢീ കോശങ്ങൾക്ക് തന്തുക്കളിലെ നിയന്ത്രണം നഷ്ടപ്പെട്ടിരിക്കുന്നു. ഒരാൾ കുപിതനാവുമ്പോൾ എളുപ്പം പരാജയപ്പെടുന്നു. അതുകൊണ്ടാണ് ബുദ്ധ ഭഗവാൻ പറഞ്ഞത്:

അക്കോധേന ജിനെകോധം
അസാധും സാധുനാജിനേ
ജിനേകദരീയം ദാനേന
സച്ചേന അലീകവാദിനം (പാലി)

ദേഷ്യത്തെ എതിരിടാൻ ദേഷ്യമില്ലാത്തപ്രകൃതക്കാരനാവണം. കോപം വരുമ്പോൾ ഒരാൾക്ക് നാഢീകോശങ്ങളുടേയും തന്തുക്കളുടെയും നിയന്ത്രണം നഷ്ടമാകുന്നു. ശരീരമാകെ വിറക്കുന്നു. പറയാൻ പാടില്ലാത്ത പലതും പറയുന്നു. ദേഷ്യത്തിൽ നിന്ന് മാറിനിൽക്കുമ്പോൾ കുപിതനായ മറ്റൊരാളെ കീഴ്പ്പെടുത്താൻ കഴിയുന്നു. കാരണം അപ്പോൾ നിങ്ങൾക്ക് നാഢീവ്യൂഹങ്ങളിൽ പരിപൂർണ്ണമായ നിയന്ത്രണമുണ്ട്. ദേഷ്യം കൊണ്ട് വിറക്കുന്നവൻ ഒരു ചെറിയതള്ളലിൽതന്നെ വീണുപോവുന്നു. അതുകൊണ്ടാണ് ശ്രീബുദ്ധൻ പറഞ്ഞത് ദേഷ്യത്തോടെതിരിടാൻ ദേഷ്യമില്ലാത്ത അവസ്ഥ നിലനിർത്താൻ കഴിയണം.

അസാധും സാധൂനാജിനേ ഒരു നെറി കെട്ടവനെ (വഞ്ചകനെ) എതിരിടാൻ നാം സ്വയം സത്യസന്ധനാവണം. ഒരു പിശുക്കനെ നേരിടാൻ നമ്മൾ സേവനതൽപരരാവണം. ദേഷ്യം, ആത്മാർത്ഥതയില്ലായ്മ, പിശുക്ക് തുടങ്ങിയ മാനസികാവസ്ഥകൾ മാന

സികരോഗത്തിന്റെ പ്രകടനമാണ്. അതിനെ നേരിടണമെങ്കിൽ ഒരാൾ പൂർണ്ണമായും മനോരോഗമില്ലാത്തവനാവണം. അല്ലെങ്കിൽ നിങ്ങൾ അവരിൽ നിന്നും അകലണം കുറഞ്ഞത് സംഘർഷം നടക്കുമ്പോഴെങ്കിലും.

പിശുക്കെന്ന ശീലത്തെ പറ്റി ഞാൻ പണ്ടൊരുകഥ പറഞ്ഞിരുന്നു. പിശുക്കുകൊണ്ട് കൈചുരുട്ടിപ്പിടിക്കുന്ന ഒരാളുണ്ടായിരുന്നു. ഭാര്യയും അതുപോലെ പിശുക്കിയായിരുന്നു. നമുക്കയാളെ സോമൻ എന്നുവിളിക്കാം. ഒരു ദിവസം സോമൻ വീട്ടിൽ വന്നപ്പോൾ അയാളുടെ മുഖം വിറളിയിരുന്നു. ശാരീരികമായി അയാൾ ഒരു രോഗിയെപ്പോലെയായിരുന്നു. ദു:ഖപൂർണ്ണമായ അവസ്ഥ കണ്ടപ്പോൾ ഭാര്യ ചോദിച്ചു:

സോമി കഹെ സോമാ സെ കഹേ മുഹ് മലിൻ ?

ക്യാ കുഛ് ഗാട്സെ ഗീർ ഗയോ, ക്യാകുഛ് ദിയോ ദിൻ?

സോമാ എന്റെ പ്രിയപ്പെട്ടവനേ, നിങ്ങളുടെ മുഖമെന്താണിങ്ങനെ വിറളിയിരിക്കുന്നത്? നിങ്ങളെന്താണിങ്ങനെ അവശനായിരിക്കുന്നത്? നിങ്ങൾക്ക് പണം നഷ്ടമായോ? തെറ്റായി നിങ്ങൾ ആർക്കെങ്കിലും ഒരു സമ്മാനം കൊടുത്തുപോയോ? ഇങ്ങനെ എന്തെങ്കിലും സംഭവിച്ചുകാണും. അല്ലെങ്കിൽ നിങ്ങളിങ്ങനെ വിറളി വെളുത്തിരിക്കുകയില്ല. സോമൻ പറഞ്ഞു.

നാ കുച്ച് ഗീരോ നാ കുച്ച് ദീയോ ദീൻ

ദീയോ ദേഖെ ദുസരകോ താഹേ ഹോയെ മുഹ് മലീൻ

ഇല്ല അങ്ങനെയൊന്നുമില്ല. എനിക്ക് പണം നഷ്ട പ്പെടുകയോ ഞാനാർക്കെങ്കിലും സമ്മാനം നൽകു കയോ ചെയ്തിട്ടില്ല. ഒരാൾ മറ്റൊരാൾക്ക് സംഭാവന നൽകുന്നത് ഞാൻ കണ്ടു. അപ്പോൾ എന്റെ സാധാര ണമായ ആത്മസംയമനം നഷ്ടപ്പെട്ടു.

ശ്രദ്ധിക്കു, ഇതെല്ലാം മനോരോഗങ്ങളാണ്. ഇത്തരം മാനസിക രോഗങ്ങൾക്കെതിരെ വ്യക്തമായും ശക്ത മായും നീങ്ങാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ നിങ്ങൾ സ്വയം ഇത്തരം രോഗങ്ങൾ ഇല്ലാത്തവനായി രിക്കണം. ഒരുകാര്യം ഏറ്റെടുത്ത് ചെയ്യുന്ന കാലമെ ങ്കിലും ഇതുണ്ടാവണം. എങ്കിൽ മാത്രമേ നിങ്ങൾക്ക് വിജയിക്കാനാവൂ.

അടുത്ത ചീത്ത സ്വഭാവമാണ് ആലസ്യം. മയക്കം അഥവാ മാന്ദ്യം. മനുഷ്യശരീരത്തിൽ വ്യത്യസ്തമായ പ്രവർത്തനശേഷികൾ വിവിധ നാഢീ കോശങ്ങളുടെ സഹായത്താൽ പ്രവർത്തനക്ഷമമാകുന്നു. ചില വ്യക്തികൾക്ക് ജന്മവാസനകളാൽ ഈ ഗുണം നഷ്ട പ്പെടുന്നു. അവർ ആഗ്രഹിച്ചാലും പ്രവർത്തിക്കാൻ കഴിയാതെ വരുന്നു. അത്തരക്കാർ അലസതയെന്ന സ്വഭാവത്തെ ജീവിതത്തിൽ വികസിപ്പിച്ചെടുക്കുന്നു. അലസത ആത്മീയ ജീവിതത്തിൽ ഏറ്റവും ഉപദ്രവകാ രിയാണ്. മാനസികതലത്തിൽ അതിലും കുറവും, ഭൗതികതയിൽ ഏറ്റവും കുറവുമാണ്.

പതിനാലോ പതിനഞ്ചോ വയസ്സായ എല്ലാ മനു ഷ്യർക്കും പരമപുരുഷനെ പ്രാപിക്കാനുള്ള ആഗ്രഹം ജന്മനാലുള്ളതാണ്. പ്രാപഞ്ചികമായ സങ്കൽപശക്തിയാൽ ഒരാളുടെ മനസ്സിന അതിവിപുല

മായ വികാസം ലഭിക്കുന്നു. എല്ലാ അർത്ഥത്തിലും ഒരാൾ പ്രശസ്തനാവുന്നു. അത്തരം വ്യക്തികളുടെ സർവ്വതോന്മുഖമായ വളർച്ച ഒരാൾക്കും പരിശോധിക്കാനാവില്ല. ആളുകൾഇക്കാര്യം തിരിച്ചറിയുന്നു. എന്നാൽ അവരത് അവഗണിക്കുകയും സമയം വെറുതെ കളഞ്ഞ് ഒന്നിനും കൊള്ളാതെ വൃദ്ധരാവുകയും ചെയ്യുന്നു. അതായത് അവർ ആത്മീയമല്ലാത്തകാര്യങ്ങളിൽ ശ്രദ്ധിച്ച് സമയം കളയുന്നു. ഇതിനെ ആത്മീയമായ ആലസ്യം എന്നുപറയുന്നു. ഇത് ജീവിതത്തെ വളരെയധികം ഉപദ്രവിക്കുന്നു. കാരണം ഒരാളുടെ കഴിവുകളിൽ വളരെ കുറഞ്ഞ ശതമാനം മാത്രമേ ഉപയോഗപ്രദമകുന്നുള്ളൂ. ഒന്നോ രണ്ടോ ശതമാനം മാത്രം മനുഷ്യൻ ഉപയോഗിക്കുന്നു. ഉന്നതവ്യക്തൃത്വങ്ങൾ എന്നുപറയുന്നവർപോലും പത്തുശതമാനം കഴിവുകൾ മാത്രമാണ് ഉപയോഗിക്കുന്നത്. ആത്മീയ ആലസ്യത്താൽ മനുഷ്യൻ വളരുന്നില്ല. വെറും സാധാരണക്കാരനായിമാത്രം ജീവിക്കുന്നു. അവർ ഈ ലോകത്തു വന്ന് ജീവിച്ച് ക്ഷയിച്ച് മരിക്കുന്നു. അതും വെറുമൊരു സാധാരണക്കാരനായി മാത്രം.

രണ്ടാമത്തേത് മാനസികമായ ആലസ്യമാണ്. എന്താണീ ആലസ്യത്തന്റെ സ്വഭാവം? മാനസികമായ ആലസ്യം മനോധൈര്യം നശിപ്പിക്കുന്നു. സ്വതന്ത്രമായി ചിന്തിക്കാനും, മാനസികമായ കഴിവ് തന്നിൽ അന്തർലീനമായ ചിന്തകൾക്കനുസരിച്ച് പ്രയോഗിക്കാനുമാവുന്നില്ല. എല്ലാ മനുഷ്യർക്കുമറിയാം അവരൊക്കെ പരമപുരുഷന്റെ സന്തതികളാണെ

ന്ന്. ജാതീയമായ ഒരു വേർതിരിവും മനുഷ്യരുടെ ഇട യിലില്ല. ആരാണോ ജാതിചിന്തകൾ സ്വീകരിക്കുന്നത് അവർക്ക് പരമപുരുഷനെ ലഭിക്കുകയുമില്ല. അതു പോലെ ആരാണോ പരമപുരുഷനിൽ ഉറച്ചു വിശ്വസി ക്കുന്നത് അവർക്കരിക്കലും ജാതീയത സ്വീക രിക്കാനാവില്ല. മിക്കവാറും എല്ലാവർക്കും ഇത് മനസ്സി ലായിട്ടുണ്ടെങ്കിലും വ്യക്തി ജീവിതത്തിൽ ഇപ്പോഴും അവർ പഴയ രീതികൾ ക്കും വിശ്വാസങ്ങൾക്കും അടി മപ്പെട്ടിരിക്കുന്നു. എന്തൊരു അപകടകരമായ തെറ്റാ ണിത്. എന്തൊരു അപകടകരമായ മാനസികാലസ്യം! ധാർമ്മികമായ ധൈര്യം ഇല്ലാത്തതാണ് ഇതിന്റെ മൂലകാരണം.

അടുത്തത് ഭൗതികമായ അലസതയാണ്. ഇത് സ്വന്തം പരിശീലനത്തിൽ നിന്നും എല്ലാവരും മനസ്സി ലാക്കിയതാണ്. പല സമുദായങ്ങളേയും നശിപ്പിച്ചത് ഇത്തരം ഭൗതികമായ ആലസ്യമാണ്. ലോകത്തിലെ പലസമുദായങ്ങളും ശാരീരികമായ തൊഴിലെടുക്കാൻ മടിയുള്ളവരാണ്. അവർ അവരുടെ ജോലിചെയ്യാൻ പുറത്തുനിന്നും ആളെ കൊണ്ടുവരുന്നു. അവർക്ക് ആഹാരത്തിന വകയില്ലെങ്കിലും ജോലിചെയ്യാൻ മടി യാണ്. കുറച്ചു ദിവസം ധാരാളമായി ആഹാരമുണ്ടെ ങ്കിൽ അതു തീരുന്നതുവരെ ചിലർ പരമാനന്ദത്തോടെ കഴിയുന്നു. ചിലർ ഉറങ്ങുന്നു. ചിലർ വളരെമോശമായ അവസ്ഥയിലെത്തുന്നു. കാരണം അവർ പ്രകടമായ മദ്യപാനത്തിലകപ്പെടുന്നു. മിക്കരാജ്യങ്ങളിലേയും ആളുകൾ ഇത്തരം ആലസ്യത്തിലകപ്പെട്ടിരിക്കുന്നു.

ഇത് ഭൗതികമായ ആലസ്യത്തെ വിശദമാക്കുന്നു. എല്ലാവരും ഇതിനെതിരെ പോരാടണം.

ആറാമത്തേയും അവസാനത്തേയും ചീത്തസ്വഭാവമാണ് വിളംബം വരുത്തൽ അഥവാനീട്ടികൊണ്ടുപോകൽ. നീട്ടികൊണ്ടുപോകുന്നതിന്റെ മന:ശാസ്ത്രം ഇന്നുവേണ്ട നാളെ മതി  എന്ന് ചിന്തയാണ്. വീണ്ടും നാളെ നാളെ എന്നാണ്. കാല വിളംബം വരുത്തുക എന്നത് വളരെ ഗുരുതരമായ പോരായ്മയാണെങ്കിലും വേദശാസ്ത്രപരമായും വ്യക്തിപരമായും ഈ കാഴ്ച്ചപ്പാട് പൂർണ്ണമായി സ്വീകരിക്കുന്നില്ല. എന്റെ അഭിപ്രായത്തിൽ ഉത്തമമമായ കാര്യങ്ങൾ ചെയ്യാനുള്ള കഴിവ് നീട്ടിവെക്കുന്നത് ദുശ്ശീലമാണ്. പാപകരമായ കർമ്മങ്ങൾ നീട്ടിവെക്കുന്നത് നന്മയാണ്. നല്ല കർമ്മങ്ങൾ ചെയ്യുന്നത്, നാളെവരെ നീട്ടിവെച്ച് സമയം കളയുന്നത്. വളരെയധികം തെറ്റാണ്. എന്നാൽ ചീത്ത കർമ്മങ്ങൾ നീട്ടിവെക്കുന്നത് വളരെ നല്ലതാണ്. ചീത്തകാര്യങ്ങൽ ചെയ്യുന്നതിന കാലതാമസം നേരിടുമ്പോൾ ചിലപ്പോൾ മനസ്സുതന്നെ മാറിയേക്കാം. പിന്നീടത് ചെയ്യേണ്ട എന്നും തീരുമാനിച്ചേക്കാം. അപ്രകാരം കാലവിളംബം എന്നത് ദുഷ്കർമ്മങ്ങളെ സംബന്ധിച്ച് സദ് ഗുണമാണ്.

രാമായണത്തിൽ നല്ലൊരു കഥയുണ്ട്. രാവണൻ ഏതാണ്ട് മരിക്കാറായപ്പോൾ രാമൻ അടുത്തുവന്നു പറഞ്ഞു. താങ്കൾ അറിവുള്ളവനും പരിശീലനം നേടിയവനുമായ രാജാവാണ്. താങ്കളോടുപമിക്കുമ്പോൾ താങ്കളുടെ ബൃഹത്തായ പരിചയംകൊണ്ട് ഞാൻ വെറുമൊരു ബാലനാണ്. അതിനാൽ വിലപ്പെട്ട ഉപ

ദേശം നൽകിയാലും. രാവണൻ പറഞ്ഞു: രാമാ എന്റെ അനുഭവം കൊണ്ടുപറയുകയാണ്. എന്തെങ്കിലും ഉത്തമമായ കാര്യങ്ങൾ ചെയ്യാനുദ്ദേശിക്കുന്നുവെങ്കിൽ എത്രയും വേഗം ചെയ്യുക. നാളേക്കുവെച്ചകാര്യങ്ങൾ ഇന്നുതന്നെ ചെയ്യുക. ശുഭസ്യ ശീഘ്രം അശുഭസ്യ കാലഹരണം.

യോ കാൽ കരെ സോ ആജ് കർ
യോ ആജ് കരെ സോ അബ്
പല്മെ പ്രളയ് ഹോയെഗീ
ബഹുരീ കരോഗെ കബ്

നാളെചെയ്യാനുള്ള ജോലി ഇന്നുതന്നെ ചെയ്യുക. എന്തിനാണത് നാളെ വരെ താമസിപ്പിക്കുന്നത്? സൂര്യകിരണങ്ങൾ നാളെ നിങ്ങളുടെ ജീവിതത്തിൽ തുളച്ചുകയറണമെന്നില്ല. ഇന്നുതന്നെ അതു ചെയ്യുക. നിങ്ങൽ ചെയ്യാനുദ്ദേശിക്കുന്ന ജോലി വളരെ വേഗത്തിൽ ചെയ്തു തീർക്കുക. ഈ നിമിഷത്തിൽ തന്നെ.

രാമാ അദ്ദേഹം തുടർന്നു. ഞാൻ എല്ലാവരേയും സ്വർഗ്ഗത്തിലെത്തിക്കുന്നതിനുള്ള ഒരു കോണി നിർമ്മിക്കുന്നതിനെ പറ്റി ചിന്തിച്ചിരുന്നു. നിർഭാഗ്യവശാൽ ഞാൻ താമസിപ്പിച്ചു. വീണ്ടും താമസിപ്പിച്ചു. വീണ്ടും താമസിപ്പിച്ചു. ഇപ്പോഴാകട്ടെ ഞാൻ മരിക്കാറായിക്കഴിഞ്ഞു. ഒരിക്കലും ആ ജോലി ഇനി എനിക്കു ചെയ്യാൻ സാധിക്കയില്ല. അശുഭസ്യകാലഹരണം. എപ്പോഴാണോ നിങ്ങളുടെ മനസ്സിൽ ഒരു ചീത്തകാര്യം ചെയ്യാൻ വിചാരിക്കുന്നത് അത് താമസിപ്പക്കുക. ഇന്ന് ഞാനതുചെയ്യുകയില്ല. നാളെ ചെയ്യാം എന്നു വിചാരിക്കുക. വീണ്ടും നീട്ടിക്കൊണ്ടുപോവുക. അത്ഭുതം!

ഈ ഉപദേശം ഞാൻ സ്വീകരിച്ചില്ല. ഒരു നിമിഷത്തെ പ്രേരണയാൽ ഞാൻ സീതയെ ബലമായി പിടിച്ചു കൊണ്ടു വരാൻ തീരുമാനിച്ചു. ആ തീരുമാനം നല്ലതായിരുന്നില്ലെന്ന് അപ്പോൾ ഞാൻ തിരിച്ചറിഞ്ഞുവെങ്കിലും ഞാൻ കാത്തിരുന്നില്ല. ഒട്ടും താമസിക്കാതെ അവളെ തട്ടിക്കൊണ്ടുപോന്നു. അതിന്റെ ഫലമായി ഞാനിതാ മരിക്കാറായിരിക്കുന്നു. അതുകൊണ്ട് രാമാ ഈ രണ്ടു തത്വങ്ങൾ പാലിക്കാൻ ഞാനിതാ നിന്നെ ഉപദേശിക്കുന്നു.

അതിനാൽ നല്ല ജോലികൾ കാലവിളംബംവരുത്തുന്നത് അങ്ങേയറ്റം ചീത്തകാര്യമാണെന്ന് വീണ്ടും പറയുന്നു. എന്നാൽ ഹീന പ്രവൃത്തികളാകുമ്പോൾ അത് അങ്ങേയറ്റം നല്ലതുമാണ്. അതിനാൽ എപ്പോഴാണോ നിങ്ങൾക്ക് ഒരു ചീത്ത കാര്യം ചെയ്യാൻ തോന്നുന്നത് അത് താമസിപ്പിക്കുക. പെട്ടെന്ന് ചെയ്യാതിരിക്കുക. പിന്നീട് മറ്റുള്ളവരോട് ചോദിക്കുക ആ പ്രവൃത്തി ഗുണം ചെയ്യുമോ ഇല്ലയോ എന്ന്. ഈ കാലതാമസം നിങ്ങളുടെ മനസ്സിൽ ഒരു മാറ്റം വരുത്തുമെങ്കിൽ ആ ചീത്തകാര്യം പിന്നീട് ചെയ്യാൻ തോന്നുകയുമില്ല.

ഈ ആറു ചീത്ത സ്വഭാവങ്ങളെ അതിജീവിച്ച് മുന്നോട്ടു കുതിക്കാൻ ശ്രമിച്ചാൽ ലോകത്തൊരുശക്തിക്കും അയാളുടെ പ്രയാണത്തെ തടുക്കാനാവില്ല. പുരോഗതി തടയാനുമാവില്ല. നിങ്ങളുടെ വ്യക്തിജീവിതത്തിൽ നിന്ന് ഈ ആറുചീത്ത സ്വഭാവങ്ങളെ അകറ്റി നിർത്താൻ പരിശ്രമിക്കുക. അങ്ങനെ ചെയ്താൽ നിങ്ങൾ വിജയിയായിത്തീരും.

ഉലുവെരിയ, ഹഗറ, 16 ജനു
വരി 1979

ഉള്ളടക്കം

# 6. താരകബ്രഹ്മം, സദാശിവൻ, ശ്രീകൃഷ്ണൻ.

വ്യക്തി ജീവിതത്തിലും സമൂഹജീവിതത്തിലും മാറ്റങ്ങൾ തുടർച്ചയായി സംഭവിച്ചുകൊണ്ടിരിക്കും. ചെറിയ മാറ്റങ്ങൾ കൂടെക്കൂടെ വരുന്നതും വലിയ മാറ്റങ്ങൾ താൽക്കാലികമായി വരുന്നതുമാണ. സംസ്കാരം സിദ്ധിച്ചിട്ടില്ലാത്ത ആദിമനുഷ്യൻ ഒരു മില്ല്യൻ വർഷങ്ങൾക്കപ്പുറം ഭൂമിയിൽ വന്നു. എന്നാൽ ഇന്നത്തെ മനുഷ്യവർഗ്ഗം ഏതാണ്ട് ഒരു ലക്ഷം വർഷങ്ങൾക്കിപ്പുറമാണ് രൂപാന്തരം പ്രാപിച്ചത്. ഈ അവസാന ദശദക്ഷം വർഷത്തിൽ മനുഷ്യപുരോഗതിയുടെ സ്ഥാനം വളരെ സാവധാനത്തിലായിരുന്നു. ഒച്ചിന്റെ വേഗതയിലായിരുന്നു അതിന്റെ പുരോഗതി. ആദി മനുഷ്യൻ അനേകശതം അഥവാ അനേക സഹസ്രം വർഷങ്ങൾക്കു ശേഷമാണ് അഗ്നി കണ്ടുപിടിച്ചത്.

വീണ്ടും ആയിരക്കണക്കിനുവർഷങ്ങൾക്കുശേഷമാണ് കാളവണ്ടികണ്ടുപിടിച്ചത്. ധാരാളം പഴയ സംസ്കാര ങ്ങളെല്ലാം കാലാനുക്രമ ചരിത്രത്തിൽ നിന്നും മാഞ്ഞുപോയാതിനുകാരണം ചക്രങ്ങൾ കണ്ടുപിടിക്ക പ്പെടാത്തതിനാലാണ്. അവർക്ക് തോണികൾ ഉണ്ടാ ക്കാനറിയാമായിരുന്നു. പക്ഷെ ചക്രങ്ങൾ കണ്ടുപിടി ക്കാത്തതിനാൽ സൗത്ത് ആഫ്രിക്കയിലെ മായൻ നാഗരികത നശിച്ചുപോയി. സാമൂഹ്യ പുരോഗതി യുടെ വേഗത ആ ദിവസങ്ങളിൽ വളരെ സാവധാന ത്തിലായിരുന്നു. എന്നാൽ അതിന്റെ വേഗം വളരെയ ധികം വർദ്ധിച്ചത് അവസാനത്തെപതിനയ്യായിരം വർഷങ്ങളിലായിരുന്നു. അതാകട്ടെ ഋഗ്വേദത്തിന്റെ ആഗമനത്തോടെയായിരുന്നു. ഈ പതിനയ്യായിരും വർഷത്തെ പുരോഗതിയാണ് യഥാർത്ഥ മനുഷ്യസം സ്കാരത്തിന്റെ കാലമായി പരിഗണിക്കുന്നത്.

സ്വന്തമായും കൂട്ടായുമുള്ള പരിശ്രമത്താൽ സാധാ രണയായി മനുഷ്യൻ സ്വയം ചില ചെറിയ മാറ്റങ്ങൾ സ്വീകരിക്കും. ചിലപ്പോൾ ചില ആവശ്യങ്ങൾ വന്നു ചേരുമ്പോൾ അതൊരു ചെറിയ മാറ്റത്തിന കാരണമാ വുകയും അതൊരുപുരോഗതിയായി ഭവിക്കുകയും ചെയ്യും. എപ്പോഴാണോ ഒന്നോരണ്ടോ ഇത്തരം സാഹചര്യങ്ങൾ സംജാതമാകുന്നത്, ചെറിയമാറ്റങ്ങൾ തുടങ്ങാൻ ജനങ്ങൾ തയ്യാറാവുന്നത്, സ്വയം മാറ്റങ്ങൾ സ്വീകരിക്കാൻ തുടങ്ങുന്നത് അപ്പോൾ ചില നേതാ ക്കൾ സമൂഹത്തെ നയിക്കാൻ ആവശ്യമായി വരുന്നു. പുരാതനകാലത്ത് ഇത്തരം നേതാക്കന്മാരെ ഋഷിമാർ എന്നു പറഞ്ഞിരുന്നു. പണ്ടുകാലത്ത് ഇത്തരം ഋഷി

മാർ ധാരാളം ഉണ്ടായിരുന്നു. വർത്തമാന കാലത്തും അവർ ഉണ്ട്. ഭാവിയിലും അവർ ഉണ്ടാവും. കാരണം സമൂഹത്തിന് മാറ്റങ്ങൾ വന്നുകൊണ്ടിരിക്കും. മാറ്റങ്ങളിലൂടെ എന്താണോ സംഭവിച്ചത് അത് തീർച്ചയായും മുന്നോട്ടു ചലിക്കും. ഈ പ്രപഞ്ചത്തിലുള്ളതെല്ലാം മാറ്റത്തിനു വിധേയമാണ്. ഭൂത വർത്തമാനകാലങ്ങൾ തമ്മിലുള്ള വ്യത്യാസം അതിവിശാലമാകുമ്പോൾ ഭൂത കാലം മരിച്ചുപോയെന്ന് നാം പറയും.

മരണവും ഇതുപോലെ ഒരുതരം മാറ്റമാണ്. വർത്തമാനകാലരൂപവും ഭൂതകാലരൂപവുമായുള്ള ബന്ധം ഇല്ലാതാവുന്നതാണ് മരണം. ഒരു ചെറിയ കുട്ടിയുണ്ടെന്ന് കരുതുക. അത് ഭാവിയിൽ ഒരു ആൺകുട്ടിയായി വളരുമ്പോൾ ഭിന്നമായ ചില മാറ്റങ്ങൾ വരുന്നു. നേരത്തെയുള്ള ശരീരം തന്നെയാണ് ആൺകുട്ടിയായി വളർന്നതെന്ന് നാം മനസ്സിലാക്കുന്നു. കുറച്ചുകാലം കഴിയുമ്പോൾ ആൺകുട്ടി യുവാവായി മാറും. യുവാവ് മധ്യവയസ്കനും പിന്നീട് വൃദ്ധനുമായി മാറുന്നു. എന്നാൽ പ്രായം ചെന്ന മനുഷ്യൻ മരിച്ച് വീണ്ടും ഒരു കുട്ടിയായി പുനർജനിക്കുമ്പോൾ ഈ വ്യത്യാസം വിപുലമാവുന്നു. അപ്പോൾ ഒരാൾക്ക് രണ്ട് ജീവിതവും തമ്മിലുള്ള ചങ്ങല (ബന്ധം) കണ്ടുപിടിക്കാൻ പ്രയാസം നേരിടുന്നു. അപ്പോൾ മരണവും പുനർജ്ജന്മവും മാറ്റങ്ങളാണ്. ചരിത്രപരമായ പഠനം വെളിപ്പെടുത്തുന്നത് ചെറിയ മാറ്റങ്ങൾ തുടർച്ചയായി സംഭവിക്കുന്നു എന്നും വലിയ മാറ്റങ്ങൾ നീണ്ട ഇടവേളക്കുശേഷം സംഭവിക്കുന്നു എന്നതാണ്.

അഗ്നിയുടെ കണ്ടുപിടുത്തത്തിനു മുമ്പ് പുരാതന മനുഷ്യൻ സാധനങ്ങൾ ചൂടാക്കിയിരുന്നത സൂര്യന്റെ പൊള്ളിക്കുന്ന വെളിച്ചം കൊണ്ടാണ്. വളരെ കാലങ്ങൾക്കു ശേഷം അഗ്നി കണ്ടുപിടിച്ചപ്പോൾ അത് വലിയൊരു മാറ്റമായി പരിഗണിക്കപ്പെട്ടു. പുരാതന മനുഷ്യൻ ആദ്യമായി കാളവണ്ടി കണ്ടുപിച്ചപ്പോൾ അത് വളരെദൂരം എത്താവുന്ന ഒരു ശാസ്ത്രീയ പുരോഗതിയായി മാറി.

മാനവസംസ്ക്കാരം ആദ്യമായി തുടങ്ങിയത ചരിത്രാതീതകാലം മുതലാണെന്നുപറയാം. അത് മനുഷ്യരാശിയിൽ നാമ്പെടുത്തുവന്നതാണ്. ഋഗ്വേദത്തിന്റെ ആദ്യത്തെ രൂപപ്രാപ്തിക്കുശേഷം അതായത് പതിനയ്യായിരം വർഷങ്ങൾക്കിപ്പുറം ഒരുവൻ മാറ്റം ശിവന്റെ കാലഘട്ടത്തിൽ സംഭവിച്ചു. അത് ഏതാണ്ട് പതിനായിരം വർഷം വരെയുള്ള ഋഗ്വേദകാലഘട്ടം വരെ തുടർന്നു.

മനുഷ്യ ജീവിതം ചിലതരം പ്രകടനങ്ങളാൽ വിശേഷിപ്പിക്കപ്പെട്ടു. ജനങ്ങൾ തിന്നാനും കുടിക്കാനും തുടങ്ങി. വസ്ത്രം ധരിക്കാനും പാടാനും ആടാനും വീടുണ്ടാക്കാനും ചികിത്സകൾ എടുക്കാനും തുടങ്ങി. ഇതിന പൊതുവായി സംസ്കാരം എന്നു വിളിക്കപ്പെട്ടു. ഈ പ്രകടനങ്ങളിൽ ഒന്നുമാത്രം സംസ്കാരം ആകുന്നില്ല. സംസ്ക്കാരം എന്നത് ഇവയുടെ ആകെയുള്ള പ്രകടനമാണ്. സദാശിവൻ മനുഷ്യരുടെ ഇത്തരം പ്രകടനങ്ങൾ ക്രമാനുഗതമായി വിന്യസിക്കാൻ ആഗ്രഹിച്ചു. നൃത്തം, സംഗീതം, വൈദ്യം, സംസ്കാരം എന്നു മാത്രമല്ല മനുഷ്യന്റെ ഓരോ സ്വഭാ

വവും ക്രമപ്പെടുത്താൻ ശ്രമിച്ചു. ഇതൊരു വലിയ മാറ്റമായിരുന്നു. വിപ്ലവകരമായ മാറ്റം. ഇങ്ങനെയൊരു മാറ്റം അതിനുമുമ്പ് ഉണ്ടായിട്ടില്ല. അത്തരം ദൂരവ്യാപകമായ മാറ്റം കൊണ്ടുവരാൻ സാധാരണ നേതൃത്വത്തിന പ്രയാസമമായിരുന്നു. ഋഷിമാർക്കും അത് സാധിക്കുമായിരുന്നില്ല. ഈ മാറ്റത്തിന്റെ സാഹചര്യം സ്വയം ഉൾക്കൊള്ളാൻ സഹായിച്ചവരെ ഞാൻ സദ്വിപ്രന്മാർ എന്നു വിളിക്കും. എന്നാൽ ആരാണോ ഇത്തരമൊരു വലിയ മാറ്റത്തിനു വേണ്ടി മുൻകൈയെടുത്തത് അയാളെ മഹാസദ്വിപ്ര എന്നു പറയും. സദ്വിപ്രന്മാർക്ക് സാധാരണ മനുഷ്യരെ മാറിയ പരിതസ്ഥിതിയിലേക്ക് നയിക്കാനും പരിപൂർണ്ണതയിലെത്തിക്കാനും ശരിയായ പാതയിലൂടെ നയിക്കാനും അറിയുമായിരുന്നു.

അതിനാൽ വിപ്ലവകരമായ മാറ്റത്തിന തുടക്കം കുറിച്ചത് ഒരു സദ്വിപ്രന്റെ പ്രവർത്തനം കൊണ്ടല്ല, മറിച്ച് മഹാസദ്വിപ്രന്റെ പ്രവർത്തനം കാരണമാണ്. മഹാ സദ്വിപ്രൻ എന്നത് തത്വശാസ്ത്രപരമായ പേരാണ്. വേദസംഹിതകളിൽ അദ്ദേഹത്തെ താരകബ്രഹ്മം എന്നുപറയും. സദാശിവൻ ഇപ്രകാരമുള്ള താരകബ്രഹ്മമായിരുന്നു. പല വിഷയങ്ങളിലും അപാരമായ കഴിവുള്ളവനും മനുഷ്യജീവിതത്തിന്റെ എല്ലാ ഭാവങ്ങളിലും ഒരു മാർഗ്ഗദർശിയുമായിരുന്നു. എന്നിരുന്നാലും ശിവനുശേഷമുള്ള കാലഘട്ടം സാമൂഹ്യമാറ്റത്തിന്റെ വേഗത ആത്യന്തികമായി മന്ദീഭവിച്ചു. അതിന അതിന്റെ ചലനശക്തി നഷ്ടപ്പെട്ടു. അധഃപതനം തുടങ്ങുകയും ചെയ്തു. വ്യത്യസ്തമേഖലകളിലുള്ള

പ്രവർത്തന സംവിധാനങ്ങൾ തുരുമ്പുപിടിച്ച അവസ്ഥ യിലായി. ഈ സാഹചര്യത്തിൽ സമൂഹത്തെ മുന്നോട്ടു നയിക്കാനും ശരിയായ പാതയിൽ കൊണ്ടു വരാനും കഴിവുള്ള ഒരു വ്യക്തിത്വത്തിന്റെ ആവിർ ഭാവത്തിന ആവശ്യകത വന്നുചേർന്നു. അങ്ങനെ മുവ്വായിരത്തി അഞ്ഞൂറു വർഷങ്ങൾക്കപ്പുറം മറ്റൊരു പരമോന്നത നേതൃത്വം, ശ്രീകൃഷ്ണൻ ആവിർഭവിച്ചു. സമൂഹത്തിൽ അത്യത്ഭുതകരമായ പുരോഗതിയുടെ ഓളങ്ങൾ സൃഷ്ടിച്ചു.

ആരെങ്കിലും ചോദിച്ചേക്കാം. സദാശിവൻ തനി ച്ചാണോ ഈ വലിയ മാറ്റങ്ങൾ സമൂഹത്തിൽ കൊണ്ടുവന്നത് എന്ന്. തീർച്ചയായും അല്ല. അദ്ദേ ഹത്തെ എണ്ണമറ്റ സാധകന്മാരും ഭക്തന്മാരും ബുദ്ധിമാ ന്മാരും സാധാരണക്കാരുമായുള്ള ആളുകൾ വളരെയ ധികം സഹായിച്ചു. വേദപുസ്തകങ്ങളിൽ ഇവർ ശിവ ഗണങ്ങൾ എന്നറിയപ്പെടുന്നു. മറ്റെല്ലാ ദൈവങ്ങളും ദേവിമാരും പലതരം ആഭരണങ്ങൾ അണിഞ്ഞവരായി രുന്നു. ചിലർക്ക് കാതിൽ കുണ്ഡലങ്ങൾ, ചിലർക്ക് കിരീടം, ശംഖ്, താമര, ഗദ, ചക്രം തുടങ്ങിയ ആയുധ ങ്ങൾ ഇതെല്ലാം അവർക്കുണ്ടായിരുന്നു. എന്നാൽ ശിവന അദ്ദേഹത്തിന്റെ ഭക്തന്മാർ മാത്രമായിരുന്നു ആഭരണങ്ങൾ. അവരാകട്ടെ അദ്ദേഹത്തിന്റെ നിർദ്ദേശ മനുസരിച്ച് നല്ല ഒരു സമൂഹം പടുത്തുയർത്താൻ വിശ്രമമില്ലാതെ പ്രവർത്തിച്ചവരായിരുന്നു.

ശ്രീകൃഷ്ണന്റെ കാലഘട്ടത്തിൽ എന്തു സംഭ വിച്ചു? അദ്ദേഹവും സമൂഹത്തിൽ വിപ്ലവകരമായ മാറ്റം വരുത്തി. ഇത്തരം മാറ്റത്തിന അദ്ദേഹത്തെ

സഹായിച്ചത് അത്യാവശ്യത്തിന അറിവുള്ളവരോ ബുദ്ധിമാന്മാരോ ആയിരുന്നില്ല. എന്നാൽ വേദപുസ്തകങ്ങളിൽ അവർ തികഞ്ഞ ജ്ഞാനമുള്ളവരായിരുന്നു. അതിൽ പലരും സമൂഹത്തിലെ സാധാരണക്കാരായിരുന്നു. എന്നാലവർ യഥാർത്ഥത്തിൽ ജ്വലിക്കുന്ന ഭക്തന്മാരായിരുന്നു. ശ്രീകൃഷ്ണന്റെ നിർദ്ദേശമനുസരിച്ച് അവർ സമൂഹ നന്മക്കു വേണ്ടി ആത്മാർത്ഥമായി പ്രവർത്തിച്ചിരുന്നു. അവരുടെ ധനം, ഇഷ്ടം കൃഷ്ണഭക്തിയായിരുന്നു. അവർ ഈ ഭക്തികാരണം ജീവിതത്തിൽ വിജയിച്ചു. അവരുടെ ആത്മാർത്ഥതയാൽ വളരെയധികം അവർ നേടി. അറിവുകൊണ്ട് നേടാവുന്നതിലുമപ്പുറം.

ഈ കാലഘട്ടത്തിലും എടുത്തുപറയാവുന്ന നിരവധി മാറ്റങ്ങൾ സംഭവിച്ചു. എന്നാൽ ഇന്നത്തെ സമൂഹത്തിന്റെ സ്ഥിതിയെന്താണ്? പലതരം പ്രശ്നങ്ങൾ ആവിർഭവിക്കുന്നു. മാനസികവും ശാരീരികവുമായ, മറ്റെല്ലാവിധത്തിലുമുള്ള പുതിയ ഒരുക്കങ്ങൾ ഈ സാഹചര്യങ്ങളെ കൈകാര്യം ചെയ്യാൻ അത്യാവശ്യമാണ്. വളരെ ചെറിയ സാമൂഹ്യ വ്യവസ്ഥയിൽപോലും അഴിമതിയും നീചത്വവും കടന്നുകൂടിയിരിക്കുന്നു. സത്യസന്ധരായ ആളുകൾ യോജിച്ച് ഈ പ്രതികൂല സാഹചര്യങ്ങളെ എതിർത്ത് കാര്യമായ മാറ്റത്തിന ശ്രമിക്കണം. ഈ കർത്തവ്യത്തിന വിജയിക്കണെങ്കിൽ എല്ലാവരും ശരിയായ രീതിയിൽ തയ്യാറെടുപ്പുകൾ നടത്തേണ്ടത് അത്യാവശ്യമാണ്. ചിലർ മോശമായ കാര്യങ്ങൾ ചെയ്യുന്നതിനുമുമ്പും ചില ഒരുക്കങ്ങൾ നടത്തുന്നു. അതേപോലെ നല്ല കർമ്മങ്ങൾ ചെയ്യാൻ നല്ല

തയ്യാറെടുപ്പുകൾ വേണം. നല്ല ആളുകൾ എപ്പോഴും നല്ല പ്രവൃത്തികളേ ചെയ്യൂ.

ഓരോ പ്രവൃത്തിക്കു മുമ്പും പ്രാരംഭതയ്യാറെടുപ്പുകൾ വേണം. യഥാർത്ഥത്തിൽ വളരെ നീണ്ട തയ്യാറെടുപ്പുകൾ നടന്നുകൊണ്ടിരിക്കുന്നു. അതുകൊണ്ട് മാറ്റം കാലതാമസം കൂടാതെ നടക്കും. കാലതാമസം സാഹചര്യങ്ങൾക്ക് സഹിക്കാനാവില്ല. ശ്രീകൃഷ്ണനുശേഷം ഏതാണ്ട് മുവ്വായിരത്തി മുന്നൂറ് വർഷങ്ങൾ പിന്നിട്ടു. ശിവനുശേഷം ഏഴായിരം വർഷങ്ങൾ കടന്നുപോയി. കഴിഞ്ഞകാലഘട്ടങ്ങളിൽ സംഭവിച്ചതുപോലെ ഇന്നത്തെ ജനങ്ങളും തയ്യാറെടുപ്പ് തുടങ്ങേണ്ടിയിരിക്കുന്നു. മനുഷ്യരാശിയുടെ നന്മതിരികെകൊണ്ടുവരാൻ പുതിയ തത്വശാസ്ത്രവുമായി ഒരു യുദ്ധത്തിൽ എല്ലാവരും സ്വയം മുഴുകേണ്ടിയിരിക്കുന്നു.

കഴിഞ്ഞകാലങ്ങളിൽ അതായത് സദാശിവന്റേയും ശ്രീകൃഷ്ണന്റേയും സമയത്ത് ഒരു പുതിയ തത്വശാസ്ത്രത്തിന്റേയും പുതിയ ജീവിതരീതിയുടേയും വെളിച്ചത്തിൽ പ്രചോദിതരായ ആളുകളുടെ ഒരു വലിയചലനംതന്നെയുണ്ടായി. അതുകൊണ്ടു തന്നെ അവിശ്വസനീയമായ രീതിയിൽ ചുരുങ്ങിയ സമയം കൊണ്ട് അവർക്ക് കൃത്യത നിർവ്വഹിക്കാൻ കഴിഞ്ഞു. ഒരു വലിയ മാറ്റത്തിന യുദ്ധം അനിവാര്യമാണ്. അത് ചിലപ്പോൾ ചുരുങ്ങിയകാലമാവും ചിലപ്പോൾ ദീർഘകാലമാവും. അതിശക്തനായ ഒരു വ്യക്തിത്വത്തിന്റെ പ്രചോദനത്താലാണ് ഈ യുദ്ധം നടത്തുന്നതെങ്കിൽ ചുരുങ്ങിയ കാലംകൊണ്ടുതന്നെ ലക്ഷ്യത്തിലെത്തിക്കാനാവും. വളരെയേറെ ചിന്തകൾക്കുശേഷം ജന

ങ്ങൾ തീരുമാനിക്കും സമൂഹം നേരിടുന്ന പ്രധാന പ്രശ്നങ്ങൾ എന്തെല്ലാമാണെന്ന്. അത് പരിഹരിക്കാനുള്ള അത്യാവശ്യതയ്യാറെടുപ്പുകൾ എന്തെല്ലാമാണെന്നവർ കണ്ടെത്തും. ഒരിക്കൽ തയ്യാറായാൽ അവർക്ക് വളരെ വേഗം വിജയിക്കാനാവും.

മനുഷ്യസമൂഹത്തിൽ ഇന്ന് വിശ്വബോധത്തോടെയുള്ള കാഴ്ചപ്പാടുകളാണുള്ളത്. പ്രാദേശികമായ ചിന്തകൾക്കിന്ന് പ്രസക്തി കുറവാണ്. വലുതും ചെറുതുമായ പ്രശ്നങ്ങളിൽ നാം തന്നെ തീരുമാനമെടുക്കണം. എത്രവലിയ പ്രശ്നങ്ങളായാലും നമുക്കുതന്നെ അത് പരിഹരിക്കാൻ കഴിയണം. അതിനുള്ള തയ്യാറെടുപ്പുകളിൽ ഏർപ്പെടണം. കാരണം സമൂഹത്തിൽ പെട്ടെന്നുതന്നെ ചില മാറ്റങ്ങൾ വരാനുള്ള സാഹചര്യം ആഗതമായിരിക്കുന്നു. എത്രയും സമയം നാം താമസിക്കുന്നുവോ അത്രയും സമയം ഈ അന്ധകാരം തുടർന്നുകൊണ്ടിരിക്കും. ഇന്ന് ഒരു പുതിയതത്വശാസ്ത്രം മനുഷ്യവർഗ്ഗപ്രേമത്തിന്റെ ഒരു പുതിയരൂപം, ഒരു പുതിയ സാമൂഹ്യ സാമ്പത്തിക ചിന്ത എത്തിക്കഴിഞ്ഞു. അത് തീർച്ചയായും സാമൂഹ്യ ക്ഷേമം വർദ്ധിപ്പിക്കുന്നതായിരിക്കും.

ഇതുകൊണ്ടാണ് ഞാൻ ഇനിയുള്ള കാലം വെറുതെ കളയരുതെന്ന് പറഞ്ഞത്. ഗുണപ്രദമായ പരിശ്രമങ്ങൾക്കുവേണ്ടി സമയം പ്രയോജനപ്പെടുത്തുക. ശുഭസ്യശീഘ്രം അശുഭസ്യകാലഹരണം എന്നാണ് ആപ്തവാക്യം. ഉത്തമമായ ഒരു നല്ലകാര്യം ചെയ്യാൻ ഉറച്ചാൽ പഞ്ചാംഗം നോക്കാനോ, നക്ഷത്രങ്ങളുടെ സ്ഥലം നോക്കാനോപോകരുത്. എത്രയും

വേഗം അത് തുടങ്ങുക എന്നാൽ ഉപദ്രവകരമായ എന്തെങ്കിലും കാര്യങ്ങൾ ചെയ്യാനാഗ്രഹിച്ചാൽ കഴിയുന്നേടത്തോളം അത് താമസിപ്പിക്കുക. സമയംപോകുമ്പോൾ, മനസ്സിനു മാറ്റം സംഭവിക്കുമ്പോൾ നിങ്ങൾ ഒരു പക്ഷേ അത് ചെയ്യേണ്ടെന്ന് തീരുമാനിക്കും.

മഹത്തായ എന്തെങ്കിലും കർത്തവ്യം ചെയ്യാൻ വിചാരിച്ചാൽ സമയം കളയാതെ അതുചെയ്യുക. ഈ ക്രിയാത്മകലോകത്ത് ഈ ആപേക്ഷികലോകത്ത് ഏറ്റവും വിലപിടിച്ച പ്രസക്തമായ ഒന്നാണ് സമയം എന്നത്. ഒരിക്കൽ സമയം കടന്നുപോയാൽ പിന്നീടത് തിരിച്ചുവരില്ല. അതിനാൽ സമയം വെറുതെകളയരുത്. നിങ്ങളത് സഫലീകരിച്ചാൽ വിജയം തീർച്ചയായും നിങ്ങളോടൊപ്പമായിരിക്കും.

ബാൻഗോൺ 17 ജനുവരി 1979

**ഉള്ളടക്കം**

# 7. മനുഷ്യർ എന്താണ് ചെയ്യേണ്ടത്?

ഓരോ മനുഷ്യന്റെയും കടമകളെ സംബന്ധിച്ചേടത്തോളം ഇപ്രകാരം പറയുന്നു.

തൃജ ദുർജ്ജന സംസർഗ്ഗം
ഭജ സാധുസമാഗമം.
കുരു പുണ്യമഹോരാത്രം
സ്മര നിത്യമനിത്യതാം.

തൃജദുർജ്ജന സംസർഗ്ഗം. ആരാണ് ദുർജ്ജനം? ഇത് ആപേക്ഷികമായ പേരാണ്. ആരുടെ സാന്നിധ്യ മാണോ മറ്റുള്ളവരിൽ നീചമായ ചിന്തകൾ ഉണ്ടാക്കു ന്നത് അവരാണ് ദുർജ്ജനങ്ങൾ. എന്താണ് നീചമായ ചിന്തകൾ അഥവാ അധ:പതനം? അധ:പതനം എന്നാൽ ശരിയായ പാതയിൽ നിന്നുള്ള വ്യതിയാനമാണ്. വേദവാകൃമനുസരിച്ച് ഒരാളെ ഭൗതികവും മാന സികവുമായ ആത്മീയവുമായ നന്മയിലേക്ക് നയിക്കു ന്നതാണ് ഹിതം. മാനസികവും ആത്മീയവുമായ നല്ല രീതിയിലുള്ള ഉയർച്ചയാണ് കല്യാണം. ആത്മീയപാത യിലേക്ക് മാത്രമുള്ള ഉയർച്ചയാണ് ക്ഷേമം. ഒരു വ്യക്തി മറ്റുള്ളവരെ അധ:പതനത്തിന്റെ പാതയിലേക്ക് നയിക്കുന്നുവെങ്കിൽ അയാളെ ദുർജ്ജനം എന്നുപറയു ന്നു.

ഓരോ മനുഷ്യനും ഗുണങ്ങളും ദോഷങ്ങളുമുണ്ട്. ഒരു വ്യക്തിക്ക് നാൽപതു ശതമാനം നന്മയും അറു പതു ശതമാനം ദോഷങ്ങളും ഉണ്ടെന്നുകരുതുക. പരി ണതഫലമായുണ്ടായ തിന്മ ഇരുപതു ശതമാനമാണ്. ഒരു മോശക്കാരനായ വ്യക്തിയുടെ പരിണതഫലമാ യുള്ള തിന്മ നാൽപതുശതമാനമാണെന്നിരിക്കുക. അയാൾ നാൽപതുശതമാനത്തിലധികം തിന്മകളുള്ള മറ്റൊരാളുമായി ഇടപഴകുമ്പോൾ അവൻ അഥവാ അവൾ തീർച്ചയായും അധ:പതിക്കും. വ്യക്തമായി പറ

ഞ്ഞാൽ ഒരു കള്ളൻ വളരെ സത്യസന്ധനായ ഒരാളുടെ മുൻപിൽ ദുർജനമാവുകയില്ല. കാരണം കള്ളനിലെ ദുഷ്ചിന്തകളെ വളരെയെളുപ്പം നിഷ്ഫലമാക്കാൻ അയാൾക്ക് കഴിയും. എന്നാൽ പറയത്തക്ക ഗുണങ്ങളൊന്നുമില്ലാത്ത ഒരു സാധാരണ മനുഷ്യന് കള്ളൻ ഒരു ദുർജനമാണ്. ആത്മീയമായും മാനസികമായും വികാസം പ്രാപിച്ച ഒരു വ്യക്തി എളുപ്പം സ്വാധീനിക്കാൻ കഴിയാത്തവരാണെങ്കിൽ ഒരധാർമ്മികനായ വ്യക്തിപോലും ദുർജ്ജനമാവില്ല.

അധാർമ്മികരെ ഒഴിവാക്കുക എന്നത് എല്ലാ മനുഷ്യരുടേയും കർത്തവ്യമാണ്. നിങ്ങൾ ചോദിച്ചേക്കാം ഒരു അധാർമ്മികനായ വ്യക്തിയെ സദാചാരിയായി മാറ്റാമോ എന്ന്. തീർച്ചയായും കഴിയും. പക്ഷെ ഒരു കാര്യം ഓർക്കുക. അധാർമ്മികരേക്കാൾ മാനസിക ശക്തി കൂടിയവർക്കുമാത്രമേ അവരെ മാറ്റിയെടുക്കാനാവൂ. അതുകൊണ്ട് നിങ്ങൾ എന്തുചെയ്യും? തനിച്ചു പോകുന്നതിനുപകരം അഞ്ചോ ആറോ സുഹൃത്തുക്കളെ കൂട്ടി കൊണ്ടുപോവുക. അപ്പോൾ നിങ്ങളുടെ കൂട്ടായ്മ, മാനസിക ശക്തി അവരുടേതിനേക്കാൾ കൂടും.

ത്യജദുർജ്ജന സംസർഗ്ഗം. സാധുക്കളുടെ സാമ്പത്തിക സ്ഥിതി ഉയർത്തുന്നകാര്യത്തെകുറിച്ച് ധാരാളം ആളുകൾ അത്യുത്സാഹത്തോടെ സംസാരിക്കുന്നതു കേൾക്കാം. എന്നാൽ സ്വന്തമായി അതുചെയ്യാനുള്ള മനസ്സ് അവർക്കില്ലതാനും. ഇത് അവരുടെ കപടനാട്യത്തിനുദാഹരണമാണ്. അത്തരക്കാരെ നേരിട്ടു എതിരിടരുത്. എന്നാൽ താൽക്കാലികമായി അവരോട് വ്യത്യ

സ്തത പുലർത്തണം. ഇത്തരക്കാരെ നിങ്ങൾ എങ്ങനെ കൈകാര്യം ചെയ്യും? അവരെ തനിച്ച് നേരിടുന്നതിനു പകരം പത്തോ ഇരുപതോ ആളുകളോടൊപ്പം അവരെ ശരിയായ പാതയിൽ കൊണ്ടുവരാൻ ശ്രമിക്കണം.

ഭജസാധൂ സമാഗമം. ആരാണ് സാധു. സാധു എന്നാൽ സ്വന്തം കൂട്ടുകാരെ ഹിതത്തിലേക്ക് നയിക്കുന്നവരാണ്. അതായത് ഭൗതിക മാനസിക ആത്മീയമായ നന്മയുള്ളവൻ.

ജാതശ്ച ഏവ ജഗതി
ജൻതവഃ സാധുജീവിതാഃ
യേ പുനർനേഹ ജായന്തേ
ശേഷാഃ ജഠരഗർദ്ദഭാഃ

ജന്മംമുതൽ സത്യസന്ധമായ പ്രവർത്തനങ്ങളിൽ വ്യാപൃതരായവർ സാധു എന്ന പേരിന് അർഹതയുള്ളവരാണ്. മറ്റുള്ളവർക്ക് മനുഷ്യരൂപമുണ്ടെങ്കിലും അവരെ കഴുതകളോട് ഉപമിക്കാം. അവരുടെ രൂപം മനുഷ്യരുടേതാണ്. മനുഷ്യവർഗ്ഗത്തിൽപ്പെട്ട ഒരമ്മയുടെ മക്കളായി ജനിച്ചവരാണ്. പക്ഷെ മനസ്സ് കഴുതകളുടെതുമാണ്.

ഭജസാധൂ സമാഗമം – സ്വന്തം ജീവിതം മറ്റുള്ളവരുടെ ക്ഷേമത്തിനുവേണ്ടി സമർപ്പിച്ച സത്യസന്ധരായ വ്യക്തികളുമായുള്ള സഹവാസം എത്ര നേരം വേണമെങ്കിലുമാവാം. അത് നിങ്ങളുടെ വ്യക്തിപരമായ ക്ഷേമം ഉയർത്താൻ പ്രാപ്തരാക്കുന്നു. എല്ലാ ജീവജാലങ്ങളുടേയും ക്ഷേമം ഉയർത്തിക്കൊണ്ട് നല്ല നിലയിലേക്ക് അവരെ എത്തിക്കുകയും ചെയ്യുന്നു. ആദ

ർശശാലികളുടെ കടമയാണിത്. പാപികളുമായുള്ള സമ്പർക്കം നിങ്ങൾ ഒഴിവാക്കണം. അധാർമ്മികരായ വ്യക്തികൾ മറ്റുള്ളവരെ അധാർമ്മികരാക്കുന്നു. എന്നാൽ സത്യസന്ധരായ വ്യക്തികൾ മറ്റുള്ളവരെ ധാർമ്മികതയിലേക്ക് നയിക്കുന്നു. ഒരു പ്രകരണത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

സത്സംഗേന ഭവേൻമുക്തി:
അസത്സംഗേഷു ബന്ധനം
അസത്സംഗ മുദ്രണം യത്
തൻമുദ്ര പരികീർത്തിതാ

ധാർമ്മികതയെ അഭിവൃദ്ധിപ്പെടുത്തുക എന്നതാണ് സത് സംഗത്തിന്റെ വൈശിഷ്ട്യം. അതായത് ധാർമ്മികരുമായുള്ള കൂട്ടുകെട്ട് എല്ലാവർക്കും തുല്യമായ നേട്ടം ഉണ്ടാക്കുന്നു.

കുരുപുണ്യമഹോരാത്രം അഹോരാത്രമെന്നാൽ സൂര്യോദയം മുതൽ അടുത്ത സൂര്യോദയം വരെയുള്ള സമയം. ഭാരതീയ ജ്യോതി ശാസ്ത്രമനുസരിച്ച് സൂര്യോദയം മുതൽ സൂര്യാസ്തമനം വരെയുള്ള സമയത്തെ ദിനമാനം എന്നും അസ്തമയം മുതൽ ഉദയംവരെയുള്ള സമയത്തെ രാത്രിമാനം എന്നും പറയുന്നു. അതിനാൽ ഒരുദിനമാനവും ഒരു രാത്രിമാനവും ചേർത്താൽ ഇരുപത്തിനാലുമണിക്കൂറായി. പാശ്ചാത്യ രീതിയനുസരിച്ച് അർദ്ധരാത്രിമുതൽ അർദ്ധരാത്രിവരെയുള്ള സമയമാണ് ഇരുപത്തിനാലുമണിക്കൂർ. ഇന്ത്യൻ രീതിയിലുള്ള ദിനമാനവും രാത്രിമാനവുമായി അതിനെ ബന്ധപ്പെടുത്താനാവില്ല. പാശ്ചാത്യ രീതിയിൽ ദിവസം ആരംഭിക്കുന്നത് അർദ്ധ

രാത്രി മുതലായതിനാൽ ഘടികാരവും അതു പോലെതന്നെ തയ്യാറാക്കി.

ദിവസം മുഴുവൻ പുണ്യം ചെയ്യണമെന്ന് ഞാൻ ഉപദേശിക്കുന്നു. അപ്പോൾ പുണ്യം എന്താണെന്ന ചോദ്യവും ഉൽഭവിക്കുന്നു. ഗംഗാനദിയിലെ ജലത്തിൽ മുങ്ങിക്കുളിച്ചാൽ പുണ്യം കിട്ടുമോ? തീർച്ചയായും ഇല്ല. പിന്നെ എന്താണ് പുണ്യം?

അഷ്ടദശപുരാണേഷു
വ്യാസസ്യവചന ദ്വയം
പരോപകാരാഃ പുണ്യായ
പാപായ പരപീഡനം

മറ്റുള്ളവർക്ക് നന്മ ചെയ്യുന്നതാണ് പുണ്യം. അവരെ ഉപദ്രവിക്കുന്നത് പാപവും. ഈ ലോകത്ത് അധാർമ്മികരുടെ എണ്ണത്തിന ഒരു കുറവുമില്ല. പൈശാചികത്വം കാണിക്കുക എന്നതും മറ്റുള്ളവരെ അതുവഴി ഉപദ്രവിക്കുക എന്നതും അവരുടെ ജന്മ സ്വഭാവമാണ്. പുണ്യാത്മാക്കൾ എന്താണ് ചെയ്യുക? അവർ മറ്റുള്ളവർക്കും, സമൂഹത്തിനും രാജ്യത്തിനും സാമാന്യ ജനത്തിനും നന്മ ചെയ്ത് പുണ്യം ആർജ്ജി ക്കുന്നു അവരുടെ ബുദ്ധിപരമായ പ്രവർത്തനങ്ങൾ ജനങ്ങളുടെ സാമൂഹ്യ സാമ്പത്തിക മേഖലകളിൽ ഉയർച്ചയുണ്ടാക്കുന്ന ഇതാണവരുടെ പ്രധാന താൽപര്യം. നിങ്ങളുടെ നല്ല പ്രവർത്തനങ്ങൾ സമൂ ഹത്തെ രണ്ടടി മുന്നോട്ടു കൊണ്ടുപോകുന്നു എന്ന് കരുതുക. അതോടൊപ്പം ചീത്ത ആളുകളുടെ ചീത്ത പ്രവർത്തനങ്ങൾ സമൂഹത്തെ രണ്ടടി പുറകോട്ടു നയി ക്കുന്നു. ഫലമാകട്ടെ പൂജ്യമായിരിക്കും. അതിനാൽ

നിങ്ങൾ സമൂഹത്തിന് നന്മചെയ്യുന്നത് തുടരുക. അതേ സമയം തന്നെ സമൂഹത്തിന്റെ ഉയർച്ചക്ക് തട സ്സമായി പ്രവർത്തിക്കുന്ന ചീത്ത ആളുകളെ ശക്ത മായി നേരിടുക. ധർമ്മത്തിന്റെ പാതയിൽ ഉത്തമമായ പ്രവർത്തനങ്ങൾ കാഴ്ച്ചവെയ്ക്കുന്നതോടൊപ്പം അസ ത്യവാദികൾക്കെതിരെ പടപൊരുതുകയും വേണം. രണ്ടും പുണ്യപ്രവർത്തനമാണ്. സമൂഹത്തിൽ ധാരാളം നല്ല ആളുകളുണ്ട്. ഉത്തമന്മാരായവർ മഹ ത്തായകാര്യങ്ങൾ ചെയ്യുന്നതിൽ വ്യാപൃതരായിരിക്കു ന്നു. അവർ തെറ്റിനേയും അനീതിയേയും എതിർക്കു ന്നില്ല. ഇത്തരം നിർജ്ജീവമായ ഔദാര്യം കൊണ്ട് ഈ ലോകത്തിൽ മനുഷ്യപുരോഗതി തടയപ്പെടുന്നു. നല്ല കാര്യങ്ങൾ ചെയ്യുന്നതിലൂടെ പുണ്യം നേടുക എന്നതും പാപത്തിനും കറ്റകൃത്യങ്ങൾക്കുമെതിരെ പടപൊരുതുക എന്നതുമാണ് സ്വീകാര്യമായത്. രണ്ടും ആജ്ഞാകാരിയും ധാർമ്മികപാതയിൽ ഒഴിച്ചുകൂടാനാ വാത്ത ഭാഗമുവമാണ്.

സ്മരനിത്യം അനിത്യതാം നിങ്ങളീ ലോകത്തു വന്നത് വളരെ ചുരുങ്ങിയ ഒരു കാലത്തേക്കാണെന്ന് എപ്പോഴും ഓർക്കണം. സാമൂഹ്യ സേവനമടക്കം വ്യത്യസ്ഥമായ പല കാര്യങ്ങളും ചെയ്യാൻ നിങ്ങൾ ഉത്തരവാദിത്വമുള്ളവനാണ്. അതിനാവശ്യമായ ബുദ്ധിയും സ്വാതന്ത്ര്യവും എല്ലാ സാധ്യമായ വഴിക ളിൽ നിന്നും സ്വായത്തമാക്കണം. അതോടൊപ്പം സ്വന്തം കടമകളും ഉത്തരവാദിത്വങ്ങളും പാലിക്കണം. നിങ്ങളുടെ കടമകളെല്ലാം ചെയ്തുകഴിഞ്ഞാൽ ഒരി ക്കൽ ഈ ലോകത്തോട ചെറുപുഞ്ചിരിയോടെ

യാത്രാമൊഴി ആവശ്യപ്പെടണം. ഇക്കാര്യത്തിൽ തുളസീദാസന്റെ വാക്കുകൾ ഉദ്ധരിക്കാം.

തുളസീ ജബ് തും ജഗ് മെ ആയെ ജഗ് ഹൻസെ തും രോയേ.

ഐസീ കർണീ കർകെ ചലോ തും ഹൻസൊ ജഗ് രോയേ.

തുളസീ നീ ഈ ലോകത്തേക്കുവന്നപ്പോൾ നീ കരഞ്ഞു ലോകം ചിരിച്ചു. നീ നിന്റെ ലോകോത്തരകാര്യങ്ങളിൽ മുഴുകി ഒരുനാൾ മരിക്കുമ്പോൾ നീ ചിരിക്കും ലോകം കരയും.

ഒരു കുഞ്ഞു ജനിക്കുമ്പോൾ കുടുംബാംഗങ്ങൾ സന്തോഷത്തോടെ ചിരിക്കും. എന്നാൽ കുഞ്ഞ് കരയും. മനുഷ്യ സ്നേഹത്തോടെ ആനന്ദപ്രദമായ പ്രവൃത്തികൾ ചെയ്ത് ജീവിച്ചാൽ ലോകം വെടിയുന്ന സമയത്ത് മുഖത്ത് പുഞ്ചിരിവിരിയും. അപ്പോൾ മറ്റുള്ളവർ നിങ്ങളുടെ വേർപാടിൽ നിറഞ്ഞ കണ്ണുനീരോടെ വിതുമ്പും. കഷ്ടപ്പാടിൽ തങ്ങളെ സത്യസന്ധമായി സഹായിച്ച വ്യക്തിയുടെ നഷ്ടബോധത്താൽ ജനങ്ങളിൽ ഒരുശൂന്യത അനുഭവപ്പെടും. ജീവിക്കുന്നേടത്തോളംകാലം മഹത്തായകാര്യങ്ങളേ ചെയ്യൂ എന്ന് എല്ലാവരും പ്രതിജ്ഞയെടുക്കണം. അപ്പോൾ പുഞ്ചിരിക്കുന്ന മുഖത്തോടെ ഈ ലോകത്തോട് യാത്ര പറയാം.

മീററ്റ് 8 ഫെബ്രവരി 1979

ഉള്ളടക്കം

# 8. ഏതെങ്കിലും തരത്തിലുള്ള അപകർഷതാബോധം വെച്ചുപുലർത്തരുത്

മനുഷ്യന്റെ എല്ലാവിധ ന്യൂനതകളിലും ആഭ്യന്തര ശത്രുക്കളിലും വെച്ച് ഭയമാണ് ഏറ്റവും നികൃഷ്ടമായത്. ഭയം വിവിധരീതികളിൽ പ്രകടമാവുന്നു. അതിലൊന്നാണ് അപകർഷതാബോധം. അതുണ്ടാവുന്നത് ചില ന്യൂനതകളിൽ നിന്നും അപര്യാപ്തതകളിൽ നിന്നുമാണ്. ധനികന്റെ മുൻപിൽ സാധുക്കളും, ശക്തന്റെ മുൻപിൽ അശക്തനും പരമപുരുഷന്റെ മുൻപിൽ പാപികളും ഇത്തരം അപകർഷതാബോധം കാണിക്കുന്നു. ഭയമെന്ന ഈ വികാരം മനുഷ്യന് വളരെ ഉപദ്രവകാരിയാണ്. അത് പുരോഗതിയുടെ പാതയിൽ പ്രയാസമേറിയ തടസ്സങ്ങളുണ്ടാക്കുന്നു. ഒരാൾ അഭികാമ്യമല്ലാത്ത ചിലകാര്യങ്ങൾ ചെയ്തുവെന്നിരിക്കട്ടെ. ചിലപ്പോൾ അയാൾ ധാരാളം തെറ്റുകൾ ചെയ്തിട്ടുണ്ടെന്നും കരുതുക. അതിന്റെയൊക്കെ പരിണിതഫലമായി സുപ്രധാനമായ പല ഉത്തരവാദിത്വങ്ങളും ഏറ്റെടുക്കാൻ അയാൾ തടസ്സമായിനിൽക്കുന്നു. ചിലർ പരമ

പുരുഷന്റെ മുൻപിൽ നിൽക്കാൻ ഭയപ്പെടുന്നു. ഞാൻ പാപിയാണ്, പാപിയാണ് എന്ന് തുടർച്ചയായി ഒരാൾ ചിന്തിച്ചാൽ അയാൾക്ക് ജന്മനാലുള്ള മാനസികശക്തി നശിക്കും. അത്തരം ചിന്തകൾ ഒഴിവാക്കണം. അവർ എന്താണ് ചിന്തിക്കേണ്ടത്? ഞാൻ നല്ലവനാണ്, ശരിയായും ഞാൻ പരമപുരുഷന്റേതാണ്. അതിനാൽ ഞാൻ എന്തിന് എന്റെ മനസ്സ് ശങ്കയാലും സംഭ്രാന്തിയാലും അപകർഷതാബോധത്താലും ക്ഷീണിപ്പിക്കുന്നു?

ഭഗവദ്ഗീതയിൽ ശ്രീകൃഷ്ണൻ പറഞ്ഞു:

അപി ചേത് സുദൂരാചാരോ
ഭജതേ മാമനന്യഭാക്
സോപി പാപവിനിർമുക്തോ
മുച്യതേ ഭവബന്ധനാത്.

പാപികളേക്കാൾ നീചരായ മനുഷ്യർ ഏതു വിഭാഗത്തിൽപെടുന്നു? അവരും പരമപുരുഷനെ പ്രാപിക്കേണ്ടവരാണ്. ആരും പരമപുരുഷനിൽ നിന്നും ദൂരത്തോപുറത്തോ അല്ല. ഈ പ്രപഞ്ചത്തിന്റെ ഉടമസ്ഥൻ പരമപുരുഷനാണെന്നിരിക്കേ, ഉന്നതനായ പ്രഭുവാണെന്നിരിക്കേ അയാൾ പാപികളുടേയും പ്രഭുവല്ലേ? പിന്നെ പാപികൾ എന്തിനദ്ദേഹത്തെ ഭയപ്പെടുന്നു? അവർക്കും ഒരുദിവസം പരമപുരുഷനെപ്രാപിക്കാനാവും.

അപി ചേത് സുദുരാചാരോ ഭജതേമാമനന്യ ഭാക് ഒരുശൂദ്രാചാരി നികൃഷ്ടനായ പാപിയാണ്. സാധാരണപാപികൾ അവരെ വെറും പാപികൾ എന്നാണ് വിളിക്കുക. എന്നാൽ ഇത്തരം നീചരായ പാപി

കൾപോലും അവരുടെ മാനസികമായ കഴിവുകൾ എല്ലാ വസ്തുക്കളിൽ നിന്നും പിന്തിരിപ്പിച്ച് പരമപുരുഷനിലേക്ക് മാത്രം തിരിഞ്ഞാൽ തീർച്ചയായും അവർക്ക് അദ്ദേഹത്തെ ലഭിക്കും. അവർ പാപികളാണെന്നകാര്യം സ്വയം മറക്കും. അവർ പരമപുരുഷന്റേതുമാത്രമാണെന്ന ഓർമ്മവരും. അടിപതറാത്ത ശ്രദ്ധയോടെ അദ്ദേഹത്തിൽ അഭയം പ്രാപിക്കുമ്പോൾ പ്രാപഞ്ചികമായ എല്ലാ പാപങ്ങളിൽ നിന്നും മുക്തനാവുകയും ചെയ്യും. ആത്യന്തികമായി അവർക്ക് മോക്ഷവും ലഭിക്കും.

ആരും ഒരിക്കലും ഞാനൊരുപാപിയാണെന്ന് ചിന്തിക്കരുത്. ഞാനൊരു പാപിയാണ്, പാപം ചെയ്തിട്ടുണ്ട് എന്നതിനേക്കാളെല്ലാമുപരിയായി, ഞാനാരായിരുന്നാലും പരമപുരുഷന്റേതുകൂടിയാണ് എന്നതാണ് സത്യം. ശരീരംകൊണ്ടും മനസ്സുകൊണ്ടും ആത്മാവുകൊണ്ടും ഞാൻ നേടിയതെല്ലാം അദ്ദേഹം നൽകിയതാണ്. ഞാനദ്ദേഹത്തെ സന്തോഷിപ്പിക്കാൻ ഇതെല്ലാം ശരിയായി ഉപയോഗിക്കും. ഞാനീ ലോകത്ത് വന്നത് സ്വാർത്ഥലാഭത്തിനു വേണ്ടിയല്ല. മറ്റൊരുകാര്യത്തിനും കൂടിയാണ്. പരമപുരുഷൻ എന്നിലേൽപ്പിച്ച ഉൽകൃഷ്ടസമ്പത്തുകൊണ്ട് പരമപുരുഷന്റെ സന്തതി പരമ്പരകളെ ശരിയായ വിധത്തിൽ സേവിക്കാൻ കൂടിയാണ്. ഞാൻ അദ്ദേഹത്തിന്റെ സൃഷ്ടികളെ സേവിക്കുമ്പോൾ തീർച്ചയായും അദ്ദേഹം എന്നോടുകരുണയുള്ളവനായിരിക്കും.

പരമപുരുഷനെ സേവിക്കണമെങ്കിൽ നാം മനുഷ്യരെ സേവിച്ചിരിക്കണം. അദ്ദേഹത്തിന്റെ സന്തതിക

ളായ ചരാചരങ്ങളെ സേവിക്കണം. അത്രയും ചെയ്യുമ്പോൾ ഒരാൾ എല്ലാവിധ അപകർഷതാബോധത്തിൽ നിന്നും പാപത്തിൽ നിന്നും മുക്തനാവുന്നു. നിങ്ങൾ ആരായാലും പരമപുരുഷന്റെ സ്വന്തമാണ്. എങ്കിൽ പുണ്യാത്മക പ്രവർത്തനങ്ങൾ ഈ നിമിഷം മുതൽ ചെയ്യുക. തീർച്ചയായും ഇത് നിങ്ങൾക്ക് ക്ഷേമം കൊണ്ടുവരും.

മോകാമ 11 ഫെബ്രുവരി 1979

[ഉള്ളടക്കം]

# 9. രാത്രിയും പകലും പുണ്യാത്മക പ്രവർത്തനങ്ങൾ ചെയ്യുക. (1)

കുരു പുണ്യമഹോരാത്രം എന്നത് ഞാൻ വിശദീകരിച്ചു. ഇതെങ്ങനെ കഴിയുമെന്ന് ജനങ്ങൾ അത്ഭുത

പ്പെടും. പ്രത്യക്ഷത്തിൽ അത് തീർച്ചയായും പ്രയാസമുള്ളജോലിയാണ്. കുരു എന്നത് വ്യാകരണപരമായി മധ്യമപുരുഷനിലെ വിധിരൂപമായക്രിയയാണ്. ഇരുപത്തിനാലുമണിക്കൂറും നല്ലകാര്യങ്ങൾ ചെയ്യുക. അഹോരാത്രം എന്നതിന്റെ അർത്ഥം ഞാൻ നേരത്തെ ചർച്ച ചെയ്തു. അതായത് സൂര്യോദയം മുതൽ അടുത്ത സൂര്യോദയംവരെ.

സമയഅളവിനെ സംബന്ധിച്ച ശാസ്ത്രം ആദ്യമായി കണ്ടുപിടിച്ചത് ദ്രാവിഡന്മാരാണ്. പിന്നീട് വേദകാലത്തെ ഇന്ത്യക്കാരും, അറബികളും (5000 മുതൽ 6000 വർഷം വരെ ജീവിച്ച അറബികൾ) അതിനെ വികസിപ്പിച്ചു. അറബിസിദ്ധാന്തമനുസരിച്ച് എളുപ്പമായ വഴി ഭൂമി ഒരിടത്ത് ഉറച്ചുനിൽക്കുകയാണ് എന്നുചിന്തിക്കുകയായിരുന്നു. എന്നാൽ ഭൂമിതീർച്ചയായും ഉറപ്പിച്ച് നിർത്തിയതല്ല. പക്ഷെ സമയം രേഖപ്പെടുത്താനുള്ള സൗകര്യത്തിനുവേണ്ടി – ആപേക്ഷികമായകണക്കുകൂട്ടൽ – അപ്രകാരം കണക്കാക്കുന്നു. സമയംകൃത്യമായി അളക്കണമെങ്കിൽ ഭൂമി ഒരു സ്ഥലത്ത് ഉറച്ചുനിൽക്കുന്നതായി സങ്കൽപ്പിക്കുകയല്ലാതെ നിവൃത്തിയില്ല. എന്നാൽ മറ്റുചില രാജ്യക്കാർ വിശ്വസിച്ചിരുന്നത് ഭൂമി ചലിക്കുന്നു എന്നാണ്. അവർക്ക് ഭൂമി ഉരുണ്ടതാണെന്നും അറിയാമായിരുന്നു. ഋഗ്വേദകാലഘട്ടത്തിൽ ജനങ്ങളുടെ പൊതുവിജ്ഞാനം അത്രകണ്ട് വികസിച്ചിരുന്നില്ല. അതുകൊണ്ടുതന്നെ അഭിപ്രായ വ്യത്യാസങ്ങളുണ്ടായിരുന്നു. ചിലരെ സംബന്ധിച്ചേടത്തോളം ഭൂമിത്രികോണാകൃതി

യിലും ചിലത് ചതുരത്തിലുമാണ്. എന്നാൽ യജുർവേദകാലത്ത് ഭൂമി ഉരുണ്ടതാണെന്ന് കണ്ടെത്തി.

കപിത്ഥഫലവത്‌വിശ്വം ദക്ഷിണോത്തരയോസമം

സംസ്കൃതത്തിൽ കപിത്ഥഫലം എന്നാൽ കൂവളത്തിന്റെകായ. ഇതിനെ ഉദ്ബില്വ, ഊറുബില്വ എന്നും പറയുന്നു. ഊറുബില്വ എന്ന് മുൻപ് അറിയപ്പെട്ടിരുന്ന സ്ഥലം (ഇന്ത്യയിലെ ബീഹാറിലെ ഗയയിൽ) ഇപ്പോൾ അർവാൾ എന്നറിയപ്പെടുന്നു. കപിത്ഥഫലവദ് എന്നാൽ ഈ ലോകം കൂവളത്തിൽകായപോലെ ഉരുണ്ടതാണ് എന്നാണ്. എന്നാലതിന്റെ ഉത്തര ദക്ഷിണധ്രുവങ്ങൾ അണ്ഡാകൃതിയിലാണ്. അതിനാൽ ഭൂമിക്ക അൽപ്പം അണ്ഡാകൃതിയുമുണ്ട്. പൂർണ്ണമായും ഇല്ലതാനും ഭൂമി മാത്രമല്ല ആകാശഗോളങ്ങളെല്ലാം ഒന്നുകിൽ ഗോളാകൃതിയിലോ അല്ലെങ്കിൽ പൂർണ്ണമായും അണ്ഡാകൃതിയിലോ ആണ്. അവയുടെ ആകൃതി അണ്ഡാകൃതിയായയുംമാറാം.

പുരാതന അറബി ചരിത്രമനുസരിച്ച് ഭൂമി ഉറച്ചു നിൽക്കുകയും സൂര്യൻ അതിനെ ചുറ്റിത്തിരിയുകയുമെന്നാണ് കരുതിയിരുന്നത്. ഈ സങ്കൽപമനുസരിച്ച് സമയം കണക്കുകൂട്ടിയതുകൊണ്ട് അത് കൃത്യമായി വന്നു. മറ്റൊരു രീതിയിലാണെങ്കിൽ അതായത് ഭൂമികറങ്ങുകയാണെന്ന് സ്വീകരിച്ചാൽ സമയം കണക്കാക്കാൻ പ്രയാസമാണ്. സമയം അളന്നു തുടങ്ങാൻ ഒരു ബിന്ദു ഇല്ലാത്തതു തന്നെയാണ് കാരണം. ആ കാലത്തെ പുരാതന മനുഷ്യൻ സൂര്യോദയം മുതൽ അടുത്ത സൂര്യോദയംവരെ ഇരുപത്തിനാലുമണിക്കൂർ ആണെന്നും ഒരു പൂർണ്ണരാത്രിയും പകലുമാണെന്നും

ചിന്തിച്ചു. ഉദയം മുതൽ അസ്തമയം വരെയുള്ള സമയത്തിന ആഹൻ എന്നവർ വിളിച്ചു. ഈ ആഹൻ എന്നപദം സപ്താഹ എന്നതിലും കാണാം. (സപ്തം എന്നാൽ ഏഴ്. ആഹൻ ദിവസം. അതായത് ഏഴുദിവസം). സംസ്കൃതത്തിൽ അളവിനെ മാപ അഥവാ മാന എന്നുവളിക്കുന്നു. അതിനാൽ ഉദയം മുതൽ അസ്തമയം വരെയുള്ള കാലം ദിനമാനം അഥവാ പകൽ എന്നും അസ്തമനം മുതൽ ഉദയംവരെയുള്ളകാലത്തെ രാത്രിമാനം (രാത്രിയെ സംബന്ധിച്ച അളവ്) എന്നും വിളിക്കുന്നു. രാത്രിയെസംബന്ധിച്ച എന്ന പദം ലാറ്റിൻ ഭാഷയിൽ രാത്രിയുടെ നാമവിശേഷണമാണ്. വൈദിക ഭാഷയിൽ നക്തം എന്നതാണ് രാത്രിയുടെ തുല്യപദം. മധൂനക്തമുതഷസോ . എന്നാൽ രാത്രിയും പകലും മധുപോലെ മധുരതരമാവട്ടെ എന്നാണ്.

പടിഞ്ഞാറൻ രാജ്യങ്ങളിൽ സമയ അളവിന്റെ ശാസ്ത്രം കണ്ടുപിടിച്ചത് വളരെ കാലങ്ങൾക്കുശേഷമാണ്. സംസ്കൃതവാക്കായ പാശ്ചാത്യം എന്നതിന അപ്രധാനമായ എന്നാണർത്ഥം. എന്താണ് പാശ്ചാത്യം? പ്രഭാത സൂര്യനു നേരെ നോക്കിയാൽ നിങ്ങളുടെ മുഖം കിഴക്കും പുറം ഭാഗം പടിഞ്ഞാറുമാണ്. പിൻഭാഗം എന്ന പദത്തിന സംസ്കൃതത്തിൽ മൂന്ന് തുല്യാർത്ഥപദങ്ങളുണ്ട്. പൃഷ്ടം, പശ്ചിം, പശ്ചാത്. പൃഷ്ടം എന്നവാക്കിൽ നിന്ന് മഗഹീ, ബംഗാളി എന്നീ ഭാഷകളിലുള്ള പീത് എന്നപദം വന്നു. പശ്ചീം എന്ന വാക്കിന ഏതാനും അർത്ഥങ്ങളുണ്ട്. ഒന്ന് പിൻഭാഗം മറ്റൊന്ന് പടിഞ്ഞാറ. അതുപോലെ പശ്ചി

മോത്തനാസനം എന്ന ഒരാസനവുമുണ്ട്. അതിൽ നമ്മുടെ പിൻ ഭാഗം തറയിൽനിന്നും ഉയർത്തുന്നു. ചില ആളുകൾക്ക് പശ്ചിമം എന്നാൽ പിന്നിൽ ആണെന്ന അവ്യക്ത ബോധമുണ്ട്. എന്നാൽ അത് തെറ്റാണ്. അതിനർത്ഥം ഒരാളുടെ പുറകുവശം എന്നാണ്. സംസ്കൃത പദമായ പാശ്ചാത്യം എന്നത് പശ്ചാത് + ട്യയുൻ എന്നീ ധാതുക്കളിൽ നിന്നുണ്ടായതാണ്. പാശ്ചാത്യ എന്ന് ഇംഗ്ലീഷിൽ എഴുതുമ്പോൾ രണ്ടു ടി (t) ഉണ്ടായിരിക്കണം.

പാശ്ചാത്യരുടെ കണക്കനുസരിച്ച് അഹോരാത്രം എന്നാൽ അർദ്ധരാത്രി മുതൽ പിറ്റേദിവസം അർദ്ധരാത്രിവരെയുള്ള ഇരുപത്തിനാലുമണിക്കൂറാണ്. ഇതിനൊരു വലിയ അസൗകര്യമുണ്ട്. ഘടികാരത്തിന് എന്തെങ്കിലും യാന്ത്രികതകരാറു സംഭവിച്ചാൽ ഇരുപത്തിനാലു മണിക്കൂർ ചക്രത്തിൽ ചില വ്യതിയാനങ്ങൾ വരും. എന്നാൽ സൂര്യോദയത്തിന് ഒരു മാറ്റവും ഉണ്ടാവില്ല. അതിനാൽ ഭാരതീയരീതിനുസരിച്ച് ഉദയം മുതൽ തുടങ്ങി ഉദയത്തിൽ അവസാനിക്കുകയും പാശ്ചാത്യ രീതിയനുസരിച്ച് അർദ്ധരാത്രി തുടങ്ങി അർദ്ധ രാത്രിയിൽ അവസാനിക്കുകയും ചെയ്യുന്നു.

അഹോരാത്രം പുണ്യകർമ്മങ്ങൾ ചെയ്യുക എന്നു പറയുന്നു. എന്താണ് പുണ്യം? ഒരാളുടെ പ്രവർത്തനം ശാരീരികവും മാനസികവും ആത്മീയവുമായ നന്മയിലേക്കുയർത്തുന്നതാണ് പുണ്യം. അയാളുടെ പ്രവർത്തനം ഈ മേഖലകളിൽ തിന്മയിലേക്കാണ് നയിക്കുന്നതെങ്കിൽ അത് പാപം. പുണ്യം പാപം ഇവ രണ്ടും രണ്ടുരീതിയിലാണ്.

രണ്ടുതരം പാപങ്ങളാണ് പാതകം, പ്രത്യവായ എന്നിവ. കക്കുക, കളവു പറയുക തുടങ്ങി ഒരാൾ ചെയ്യാൻ പാടില്ലാത്തത് ചെയ്യുന്നതാണ്പാതകം. അത് മറ്റുള്ളവരെ ഉപദ്രവിക്കുന്ന പ്രവർത്തിയാണ്. സാധുക്കൾക്ക് ആഹാരം നൽകുക, രോഗികളെ ശുശ്രൂഷിക്കുക. തുടങ്ങി ചെയ്യേണ്ടതായ പ്രവർത്തനങ്ങൾ ചെയ്യാതിരിക്കുകയാണ് പ്രത്യവായ. താർക്കികരുടെ ഭാഷയിൽ പാതകത്തേക്കാൾ നിന്ദ്യമാണ് പ്രത്യവായം.

പാതകം എന്നത് വീണ്ടും മൂന്നുഭാഗങ്ങളായിരിക്കുന്നു. നിങ്ങളുടെ പ്രവർത്തനങ്ങൾ മറ്റുള്ളവരെ ഉപദ്രവിച്ചിട്ടുണ്ടെങ്കിൽ അത് സംശയലേശമെന്യേ പാതകമാണ്. പാതകത്തിന്റെ കാര്യത്തിൽ നിങ്ങൾ വരുത്തിയ നഷ്ടങ്ങൾക്ക് പരിഹാരം കണ്ടെത്തുകയാണ് വേണ്ടത്. നിങ്ങൾ എന്തെങ്കിലും മോഷ്ടിച്ചു എന്നു കരുതുക. അത് നഷ്ടപരിഹാരത്തോടെ തിരിച്ചുക്കൊടുത്താൽ പിന്നീടതിനെപാതകം എന്നുപറയാനാവില്ല. കാരണം നിങ്ങൾ അതിനാവശ്യമായ നഷ്ടപരിഹാരം കണ്ടെത്തി. എന്നാൽ ചിലനഷ്ടങ്ങൾ ഒരിക്കലും പരിഹരിക്കാനാവാത്തതായിരിക്കും. നിങ്ങൾ ആരുടെയെങ്കിലും വിരലുകൾ ഛേദിച്ചുവെന്നിരിക്കട്ടെ. അതൊരിക്കലും പുന:സ്ഥാപിക്കാൻ സാധ്യമല്ല. അത്തരം പ്രവർത്തനങ്ങളെ അതിപാതകം എന്നുപറയുന്നു. എന്നാൽ നിങ്ങൾ ഒരിക്കലും പരിഹരിക്കാനാവാത്തതും, ആവർത്തിക്കത്തക്ക സ്വാധീനം മറ്റുള്ളവരിൽ ചെലുത്തുന്നതുമായ പ്രവർത്തനങ്ങൾ ചെയ്യുന്നുവെങ്കിൽ അതിന മഹാപാതകം എന്നുപറയുന്നു. എന്തും ചെയ്യാൻ മടിയില്ലാത്തൊരു വ്യാപാരി കുരുമുളകിൽ

പപ്പായ വിത്ത് കലർത്തി വിൽക്കുന്നു എന്ന് കരുതുക. ആർക്കും രണ്ടുവിത്തുകൾ തമ്മിലുള്ള വ്യത്യാസം തിരിച്ചറിയാനാവില്ല. രണ്ടും ഒരുപോലെയാണ് ഇതൊരു പ്രേരണയായി മറ്റു വ്യാപാരികളും മായം ചേർക്കൽ ആവർത്തിക്കുമ്പോൾ അത് മഹാപാതകമാണ്. ഉപകാരപ്രദമായ സേവനപ്രവർത്തനങ്ങളിൽ സ്വയം സമർപ്പിച്ച് പുണ്യം ചെയ്യുന്നവർക്ക് അധിപാതകത്തിന പരിഹാരം ചെയ്യാനാവും. നഷ്ടപരിഹാരം നൽകി പാതകത്തിന പ്രതിക്രിയ ചെയ്യാം. എന്നാൽ മഹാപാതകത്തിനൊരിക്കലും പരിഹാരം ചെയ്യാനാവില്ല. അതേറ്റവും വൃത്തിഹീനമായ പാതകമാണ. അതിന പരിഹാരമായി സ്വന്തം ജീവിതം തന്നെ സമർപ്പിക്കണം. എല്ലാവിധ സന്തോഷങ്ങളും ത്യജിച്ച് ധന്യമായ ജീവിതം നയിക്കണം.

രാമായണകഥ നിങ്ങൾക്കെല്ലാമറിയാം യുദ്ധത്തിൽ രാമനാൽ പരാജയപ്പെടുമെന്ന് ഉറപ്പായ രാവണൻ തന്റെ പ്രഭുവും എല്ലാവിധ കരുത്തിനും കാരണക്കാരനുമായ ശിവനോട് തന്റെ ജീവൻ രക്ഷിക്കാനാവശ്യപ്പെട്ടു. എന്നാൽ മറ്റൊരാളുടെ ഭാര്യയെ ബലമായിപിടിച്ചുകൊണ്ടുവന്നവനോട് ശിവൻ വലുതായി നീരസംഭാവിക്കുകയും സഹായിക്കാൻ വിമുഖതകാണിക്കുകയും ചെയ്തു. മറ്റാരും രാവണനെ രക്ഷിക്കാനുണ്ടായിരുന്നില്ല. രാവണൻ മറ്റേതെങ്കിലും ഗുരുവിന്റെ ശിഷ്യനായിരുന്നുവെങ്കിൽ അയാളുടെ ജീവൻ രക്ഷിക്കാൻ സഹായിക്കുമായിരുന്നു. എന്നാൽ ശിവൻ തന്നെ ഗുരുവായതിനാൽ ആരും ജീവൻ രക്ഷിക്കാനുണ്ടായില്ല വേദപുസ്തകങ്ങളിൽ ഇങ്ങനെപറയുന്നു. ശിവേരുഷ്ടേ

ഗുരുസ്ത്രാതാ ഗുരൗ രുഷ്ട്രൗ ന കശ്ചന . ശിവൻ ഒരാളോടുകോപിച്ചാൽ അയാളുടെ ഗുരുവിന രക്ഷിക്കാനാവും. എന്നാൽ ശിവൻ തന്നെ ഗുരുവായതിനാൽ ആർക്കും തന്നെ അയാളെ രക്ഷിക്കാനാവില്ല. അതിനാൽ ശിവൻ രാവണന്റെ ഗുരുവാണെങ്കിലും കോപിഷ്ഠനായതിനാൽ ആരും തന്നെ രാവണനെ രക്ഷിക്കാനുണ്ടായില്ല.

പാർവ്വതി ഭർത്താവിനോടപേക്ഷിച്ചു. അല്ലയോപ്രഭോ രാവണൻ അങ്ങയുടെ ഭക്തനാണ് ദയവുചെയ്ത് അവനെ രക്ഷിച്ചാലും. എന്നാൽ ശിവനെങ്ങനെ രക്ഷിക്കാൻ കഴിയും? രാവണൻ ഒരു മഹാപാതകിയാണ്. എന്നാൽ രാവണൻ അതിപാതകിയാണെന്ന് പാർവ്വതി അഭിപ്രായപ്പെട്ടു. അല്ലെന്ന് ശിവൻ പറഞ്ഞു. രാവണൻ ഒരു കള്ളനായി സീതയെ അപഹരിച്ചിരുന്നെങ്കിൽ അയാൾ അതിപാതകിയാണ്. പക്ഷെ അവൻ ഒരു സാധുവിന്റെ (സന്യാസി) രൂപത്തിലാണ് സീതയെ ബലമായികൊണ്ടുപോയത്. ഇതിന ഒരു തുടർച്ചയായ ഫലമുണ്ട്. ഭാവിയിൽ വിവാഹിതയായ ഒരു സ്ത്രീയും ഒരു സന്യാസിയെ വിശ്വസിക്കുകയില്ല. അവർ വിചാരിക്കും സന്യാസി എന്നാൽ വേഷം മാറിയരാവണനാണെന്ന്. മാത്രമല്ല ആഭാസന്മാർ സന്യാസി വേഷം ധരിച്ച് കുറ്റകൃത്യങ്ങൾ ചെയ്യും. സത്യത്തിൽ ഇന്ന് അവർ ചെയ്യുന്നതങ്ങനെയാണ്. തുടർച്ചയായ ദുഷ്ഫലങ്ങൾ ഉണ്ടാക്കുന്ന ഇത്തരം കുറ്റങ്ങൾ തീർച്ചയായും മഹാപാതകമാണ്. അതുകൊണ്ട് ശിവൻ രാവണന്റെ ജീവൻ രക്ഷിക്കാനുള്ള അപേക്ഷ നിരസിച്ചു. എങ്കിൽ ഞാൻ രാവ

ണനെ രക്ഷിക്കുമെന്ന് പാർവതി പറഞ്ഞു. നിനക്ക് ശ്രമിക്കാം, പക്ഷെ ഫലമൊന്നുമുണ്ടാവില്ലെന്ന് ശിവൻ പറഞ്ഞു. പാർവ്വതി രക്ഷിക്കാൻ ശ്രമിച്ചെങ്കിലും ആത്യന്തികമായി പരാജയപ്പെട്ടു.

പാപം രണ്ടു തരത്തിലുണ്ടെന്ന് നാം കണ്ടെത്തി പാതകവും പ്രത്യവായവും. പുണ്യവും രണ്ടു തരത്തിലുണ്ട്. പ്രത്യക്ഷപുണ്യവും അപ്രത്യക്ഷപുണ്യവും. നേരിട്ടുള്ളതും അല്ലാത്തുമായപുണ്യം.

വിശക്കുന്നവന് ആഹാരം നൽകുന്നതും ബലഹീനരെ സഹായിക്കുന്നതുമായ പ്രവർത്തനങ്ങൾ പ്രത്യക്ഷപുണ്യത്തിനുദാഹരണമാണ്. സാമൂഹ്യ സേവനം, മരങ്ങൾ വെച്ചുപിടിപ്പിക്കൽ, നനക്കൽ തുടങ്ങിയ സേവനങ്ങൾ തുടരുന്നത് അപ്രത്യക്ഷ പുണ്യത്തിനുദാഹരണമാണ്. പൊടിപിടിച്ചതും ചൂട് കൂടുതലുള്ളതുമായ റോഡിൽ ഒരാൾ മരം വെച്ചുപിടിപ്പിക്കുന്നത് ആയിരം മുതൽ രണ്ടായിരം വർഷം വരെ തളർന്നുവരുന്ന യാത്രക്കാർക്ക് ക്ഷീണമകറ്റാൻ സഹായകമാവുന്നു. ഇങ്ങനെ നേടുന്ന പുണ്യം അപ്രത്യക്ഷമാണ്. അനുഗ്രീതമല്ലാത്ത സാമൂഹ്യപരിതസ്ഥിതികൾ കാരണം സാമ്പത്തികപരാധീനതയുള്ളവർക്കും ആരോഗ്യപരമായി ക്ഷീണിച്ചവർക്കും പ്രത്യക്ഷ പുണ്യം നേടാൻ പ്രയാസമാണ്. താരതമ്യം ചെയ്യുമ്പോൾ വളരെക്കുറച്ചാളുകൾക്കുമാത്രമേസത്യത്തിൽ പ്രത്യക്ഷപുണ്യം നേടാനാവൂ. എന്നാൽ എല്ലാവർക്കും അപ്രത്യക്ഷപുണ്യം നേടാനാവും. ശരിയായി പരിശ്രമിച്ചാൽ തീർച്ചയായും ആളുകൾക്ക് പ്രത്യക്ഷ പുണ്യവും നേടാം. സാമ്പത്തികപരാധീനതയുള്ള

വർക്ക് ശാരീരിക സേവനം നൽകാം. ശാരീരിക വൈകല്യമുള്ളവർക്ക് ബുദ്ധിപരമായ സേവനം നൽകാം. ഏവർക്കും ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ സേവനം ചെയ്യാം. ഇതാണ് പുണ്യം എന്നുപറയുന്നത്.

കുരുപുണ്യ മഹോരാത്രം . അഹോരാത്രം പുണ്യം എന്നീ പദങ്ങൾ നാം നേരത്തെ ചർച്ച ചെയ്തു കഴിഞ്ഞു. പാപപുണ്യങ്ങളെപറ്റി വ്യാസദേവൻ ഇങ്ങനെപറഞ്ഞു. വ്യാസൻ എന്നത് ആദ്യ നാമമല്ല. ബാനർജി, തിവാരി എന്നൊക്കെ പറയുന്നതുപോലുള്ള പേരാണ്. അദ്ദേഹത്തിന്റെ ശരിയായ നാമം കൃഷ്ണദ്വൈപായനൻ എന്നാണ്. ഗംഗായമുനാ നദീസ്ഥാനത്തുള്ള ഒരു കൊച്ചു ദ്വീപിൽ ഒരു മുക്കുവകുടുംബത്തിലാണ് അദ്ദേഹം ജനിച്ചത്. അവിടുത്തെ മണ്ണിന് കറുത്ത പഞ്ഞിക്കുരുവിന്റെ നിറമാണ്. കറുത്ത മണ്ണുള്ള ദ്വീപിൽ ജനിച്ചതിനാൽ അദ്ദേഹത്തിന് കൃഷ്ണദ്വൈപായനൻ എന്നുപേരിട്ടു. അദ്ദേഹം പതിനെട്ടുപുരാണങ്ങളുടെ രചയിതാവാണ്.

അഷ്ട ദശപുരാണേഷു
വ്യാസസ്യവചനദ്വയം
പരോപകാര പുണ്യായ
പാപായപരപീഢനം

വ്യാസന്റെ പതിനെട്ടുപുരാണങ്ങളിൽ രണ്ടു പ്രധാനപ്പെട്ട വാക്യങ്ങൾ ഇതാണ്. പരോപകാരം - മറ്റുള്ളവർക്ക് നന്മചെയ്യുന്നത്-പുണ്യമാണ്. പരപീഢനം - മറ്റുള്ളവർക്ക് ചീത്തകാര്യങ്ങൾ ചെയ്യുന്നത് - ദുർഗുണമാണ്. (പാപമാണ്)

എന്തുകൊണ്ടാണദ്ദേഹം പതിനെട്ടുപുരാണങ്ങൾ എഴുതിയത്? പുണ്യപ്രവർത്തനങ്ങൾ ധാർമ്മികനാവാൻ സഹായിക്കുന്നു എന്ന് കഥകളിലൂടെ പ്രകടമായികാണിക്കാനാണ്. അതായത് മറ്റുള്ളവർക്ക് നന്മചെയ്യുന്നവൻ പുണ്യവാനാണ്. മറ്റൊരു രീതിയിൽ പറഞ്ഞാൽ മറ്റുള്ളവർക്ക് ഉപദ്രവം ചെയ്യുന്നവൻ പാപം ചെയ്തു കൂട്ടുന്നു. അദ്ദേഹം ഈ പുരാണങ്ങൾ എഴുതിയത് എല്ലാവർക്കും വിദ്യ അഭ്യസിക്കാൻ വേണ്ടിയുള്ള മാധ്യമമായിട്ടാണ്. ഇതുകൊണ്ടാണദ്ദേഹം ഈ പുരാണങ്ങൾ എഴുതാൻ തിടുക്കം കാട്ടിയത്.

കുരുപുണ്യമഹോരാത്രം –രാത്രിയും പകലും പുണ്യം ആർജ്ജിക്കാൻ ശങ്കരാചാര്യർ ഉപദേശിച്ചു. എന്നാൽ രാത്രി ഒരാൾക്ക എങ്ങനെ പുണ്യം നേടാനാവും? ജനങ്ങൾ ഒരു ദിവസം ഇരുപത്തിനാലുമണിക്കൂർ എന്തു ചെയ്യാനാണ്. അവർ ശ്വാസോച്ഛ്വാസം ചെയ്യും. സദ്പ്രവർത്തനങ്ങൾ ചെയ്യുന്നത് ശ്വാസത്തിലും നിശ്വാസത്തിലും ഏകതാളത്തിലായാൽ ഉറക്കത്തിലും നിങ്ങളുടെ പുണ്യ പ്രവർത്തനങ്ങൾ തുടരും. ശ്വാസോച്ഛ്വാസം ഉണർന്നിരിക്കുന്ന അവസ്ഥയിലായാലും ഉറക്കത്തിലായാലും തുടർന്നുകൊണ്ടിരിക്കും.അതിനാൽ സർവ്വത്ര നിറഞ്ഞുകിടക്കുന്ന പ്രവർത്തനങ്ങൾ ശ്വാസോച്ഛ്വസത്തിൽ ശ്രുതിചേർത്താൽ അത്ഇരുപത്തിനാല് മണിക്കൂറും തുടർന്നുകൊണ്ടിരിക്കും. അപ്രകാരം ശ്വാസോച്ഛ്വാസ വ്യവസ്ഥയിൽ ധ്യാനസമയത്തുള്ള മന്ത്രോച്ചാരണം സമഞ്ജസപ്പെടുന്നു. ഒരു തവണ ഈ

പരിശീലനത്തിൽ നിങ്ങൾ ആധിപത്യം സ്ഥാപിച്ചെടുത്താൽ നിങ്ങളുടെ മന്ത്രോച്ചാരണം ഉറക്കത്തിലും യാന്ത്രികമായി നടക്കും. മന്ത്രോച്ചാരണം കൊണ്ട് പുണ്യം നേടിയെടുക്കാൻ സാധിക്കുമോ ഇല്ലയോ എന്ന് നിങ്ങൾ ചോദിക്കും. അത് നിങ്ങളുടെ മനസ്സിനെ ഉണർത്തുന്നു. കൂടുതൽ ശക്തിയോടെ അധികം പുണ്യം നേടാൻ നിങ്ങളെ സജ്ജമാക്കുന്നു. ഗ്രഹിക്കാനോ കണ്ടുപിടിക്കാനോ പ്രയാസമേറിയ എല്ലാ പ്രവർത്തനങ്ങളിലും വെച്ച് ഇത് ഒരു പുണ്യകർമ്മമാണ്. മന്ത്രോച്ചാരണരീതി ശ്വാസോച്ഛ്വാസവുമായി ശ്രുതിചേർത്താൽ അത് പിന്നെ ഉണർന്നിരിക്കുമ്പോഴും ഉറക്കത്തിലും സ്വപ്നത്തിലും പ്രയാസമില്ലാതെ തുടരും. ഈ അവസ്ഥയിൽ ഒരാൾ അജപ അഥവാ സിദ്ധി നേടി എന്നുപറയുന്നു. ഇഷ്ട മന്ത്രത്തിന്റെ സ്വമേധയാലുള്ള ഈ ആവർത്തനത്തെ പറയുന്നത് അജപഗായത്രി അജപജപ എന്നാണ്. ഇത് മന്ത്രോച്ചാരത്തിന്റെ മൂർത്തമായ അവസ്ഥയാണ്. ഇത് ഉറക്കത്തിലും തുടരുന്നു. അതുകൊണ്ടാണ് ശങ്കരാചാര്യർ പറഞ്ഞത് കുരുപുണ്യ മഹോരാത്രം എന്ന്. ഈ പരിശീലനത്തോടെ മനുഷ്യർ മാനസികമായും ആത്മീയമായും ഉണരുന്നു. അനന്തരഫലമായി ഒരാൾക്ക് സ്വസമൂഹത്തിന മറ്റ് വലിയ സമൂഹത്തിനും വലിയ സേവനങ്ങൾ നൽകാൻ സാധിക്കുന്നു. എല്ലാവരും ഈ അവസ്ഥയിലെത്താൻ ശ്രമിക്കണം.

പാറ്റ്ന 12 ഫെബ്രവരി 1979

**ഉള്ളടക്കം**

# 10. രാത്രിയും പകലും പുണ്യാത്മക പ്രവർത്തനങ്ങൾ ചെയ്യുക. (2)

രാവിലത്തെ പ്രഭാഷണത്തിൽ കുരുപുണ്യ മഹോരാത്രം എന്നതിനെ കുറിച്ച് വിശദമായ ചർച്ചനടന്നു. ജ്ഞാനം (അറിവ്), കർമ്മം (പ്രവൃത്തി) ഭക്തി എന്നിവ എന്താണെന്ന് നിങ്ങൾക്കറിയാമല്ലോ? ഇതിൽ ആത്യന്തികമായ ഭക്തിമാത്രമാണ് ശരിയായയപാത. ഭക്തി എന്നത് പ്രപത്തിവാദത്തിൽ അധിസ്ഥിതമാണ്.

എന്താണ് പ്രപത്തിവാദം? മനുഷ്യരും മറ്റുജീവജാലങ്ങളും ദിവസവും പലതരത്തിലുള്ള പ്രവർത്തനങ്ങൾ ചെയ്തുവരുന്നു. അങ്ങേയറ്റത്തുവരുന്ന പ്രവർത്തനമാണ് പ്രപത്തി അഥവാ സമ്പൂർണ്ണസമർപ്പണം. അദ്ദേഹത്തിന്റെ ആഗ്രഹമില്ലാതെ ഒരു മരത്തിലെ ചെറിയ ഇലക്കോ ഒരു പുൽത്തകിടിയിലെ പുൽക്കൊടിക്കോ ചലിക്കാൻ പോലും സാധ്യമല്ല. പരമപുരുഷന് സമ്പൂർണ്ണമായി സമർപ്പിക്കലാണ് പ്രപത്തി. ഭക്തി

യുടെ ഉപാസനാരീതി പ്രപത്തിയിലധിഷ്ഠിതമാണ്. അതൊരുദിവ്യമായ ക്രീഢയാണ്. പരമപുരുഷന്റെ ദൈവീകമായ നാടകമാണ്. ഈ നാടകത്തിൽ പരമ പുരുഷൻ സംവിധാനം ചെയ്ത് നൽകുന്ന കഥാപാത്ര ത്തിനുസരിച്ച് അഭിനയിക്കണം. ചിലപ്പോൾ നാടകം നീണ്ടതാകും. രചയിതാവ് പ്രയാസപ്പെട്ട് രംഗങ്ങൾ അഭിനയിപ്പിക്കും. പാണ്ഡവരുടെ കൈകളാൽ കൗര വർ സമ്പൂർണ്ണ പരാജയമടഞ്ഞപ്പോൾ അത്തരം ഒരു രംഗം അരങ്ങേറി. പാണ്ഡവരും ധാരാളം കനത്ത നഷ്ടങ്ങളാൽ പ്രയാസപ്പെട്ടു. ധൃതരാഷ്ട്രരും ഗാന്ധാ രിയും മറ്റുപലരും യുദ്ധക്കളത്തിലെത്തി. അവർക്കെതി രായി ശ്രീകൃഷ്ണനും പാണ്ഡവരിൽ അഞ്ചുപേരും അവരുടെ അമ്മയും നിലകൊണ്ടു. രണ്ടുഭാഗക്കാരും കരയുകയായിരുന്നു. പെട്ടെന്ന് കൃഷ്ണൻ കൗരവന്മാ രുടെ അടുത്തേക്കുവന്നു. അവർ മുഖത്തോടു മുഖമാ യിനിന്നു. അന്നത്തെ സാമൂഹ്യനീതിയനുസരിച്ച് കൃഷ്ണൻ ഇപ്രകാരം പറഞ്ഞ് അവരെ സാന്ത്വനിപ്പി ച്ചു. അല്ലയോ അമ്മേ, എന്താണ് നിങ്ങൾ കരയു ന്നത്? നിങ്ങൾ ബുദ്ധിമതിയാണ്. ഇത് ലോകനിയമ മാണെന്ന് നിങ്ങൾക്ക് നന്നായി അറിയാം. ജാതസ്യഹിധ്രുവർമൃത്യു . ആരെല്ലാമാണ് ജനിക്കു ന്നത് അവരെല്ലാം ഒരു ദിവസം മരിക്കുമെന്നത് മുൻ നിശ്ചയമാണ്. വഹാഗച്ഛതി സഗച്ഛതി ആരെല്ലാംവരു ന്നുവോ അവരെല്ലാം പോകുന്നു.

പിന്നീട് ഗാന്ധാരിപറഞ്ഞു. കൃഷ്ണാ മറ്റുള്ളവർ കരയുമ്പോൾ ഒരാൾക്ക് അയാളുടെ വീട്ടിൽ പോയി സമാശ്വസിപ്പിക്കാൻ കഴിയും. എന്നാൽ കൊടിയ

ദു:ഖം ബാധിക്കപ്പെട്ട ഒരാൾ സ്വയം ഇതെല്ലാം മറക്കുകയും സമാശ്വാസവാക്കുകൾ കേൾക്കുമ്പോൾ കൂടുതൽ ദു:ഖിക്കുകയും ചെയ്യും. (സത്യത്തിൽ ഒരാളുടെ വീട്ടിൽ കുടുംബാംഗത്തിനൊരപകടം സംഭവിച്ചാൽ സംഭവം വിശദീകരിക്കുന്നതിനുപകരം അവരുടെ അരികിലിരുന്ന് ദു:ഖം പങ്കിടുകയാണ് വേണ്ടത്) കൃഷ്ണൻ മൗനം പാലിച്ചു. ഗാന്ധാരിപറഞ്ഞു: നീയാണ് ഇത്തരം ഒരു നാടകം സംവിധാനം ചെയ്തത്. ഞാനത് സ്വീകരിക്കുന്നു. നിന്റെ നാടകത്തിൽ ചില പ്രത്യേക വേഷങ്ങൾ പാണ്ഡവർക്കും മറ്റു ചില വേഷങ്ങൾ കൗരവർക്കും നൽകി. നിങ്ങൾക്ക് ധാർമ്മികരുടെ വേഷം പാണ്ഡവർക്കു പകരം എന്റെ മക്കൾക്ക് നൽകാമായിരുന്നു. എന്തുകൊണ്ടാണ് നീ ഇങ്ങനെ ഒരു പക്ഷപാതം കാണിച്ചത്?

ഈ ചോദ്യത്തിന ശരിയായ ഉത്തരം നൽകാൻ കൃഷ്ണന പ്രയാസമായിരുന്നു. കൃഷ്ണന പാണ്ഡവരെ പാപികളായും കൗരവരെ പുണ്യാത്മാക്കളായും മാറ്റാൻ കഴിയുമായിരുന്നു. എന്തുകൊണ്ടദ്ദേഹം അങ്ങനെ ചെയ്തില്ല? ഇതായിരുന്നു കൃഷ്ണനെതിരെ ഗാന്ധാരിയുടെ ആവലാതി. കൃഷ്ണൻ നിശ്ശബ്ദത പാലിച്ചു.

കൈകളിലെ പത്തുവിരലുകൾ പോലെ പരമപുരുഷന എല്ലാ സൃഷ്ടികളും തുല്യപ്രാധാന്യമുള്ളതാണ്. അയാൾ വിചാരിച്ചാൽ തീർച്ചയായും അവരെ നൃത്തം ചെയ്യിപ്പിക്കാൻ കഴിയും. ഇതാണ് അദ്ദേഹത്തിന്റെ സ്വന്തമായ വിശേഷാധികാരം. എന്നിരുന്നാലും മനുഷ്യർക്ക് ഇങ്ങനെ ഒരുചോദ്യം ചോദിക്കാൻ അധികാര

മുണ്ട്. കാരണം അവർക്കും ചില പ്രത്യേകാവകാശങ്ങ ളുണ്ട്. ഇല്ലായിരുന്നുവെങ്കിൽ എന്തിനാണദ്ദേഹം മനു ഷ്യർക്ക് നാവു നൽകിയത്? മനുഷ്യരുടെ പ്രശ്നങ്ങൾ കേൾക്കാൻ സാധിക്കില്ല. അദ്ദേഹം മനുഷ്യരെ സംസാ രിക്കാൻ തയ്യാറാക്കിയിട്ടുണ്ടെങ്കിൽ അവരെ ശ്രദ്ധി ക്കുക തന്നെവേണം. മനുഷ്യന തീർച്ചയായും ചില പ്രശ്നങ്ങൾ പറയാനുണ്ടാവും. അവർ അവരുടെ പ്രയാസങ്ങൾ ഏറ്റവും പ്രിയപ്പെട്ടവരോടും അടുപ്പമുള്ളവരോടുമാണ് പറയുക. അതല്ലാതെ അവർ എവിടെ പോകാനാണ്. ആരോടാണ് പരാതിപറയുക? തീർച്ചയായും ഈ പ്രശ്നം പരമപുരുഷന ചില അസൗകര്യങ്ങൾ ഉണ്ടാക്കുമെന്നത് തീർച്ചയാണ്.

ഗാന്ധാരി പറഞ്ഞു: ഞാൻ നിന്നെ ശപിക്കാനാഗ്ര ഹിക്കുന്നു. എന്താണ് ഗാന്ധാരിയുടെ പരാതി? അവർ അറിയാനാഗ്രഹിക്കുന്നു എന്തുകൊണ്ടാണ് അദ്ദേഹം കൗരവരെ അധാർമ്മികരായും പാണ്ഡവരെ ധാർമ്മിക രായും ചിത്രീകരിച്ചത് എന്ന്. ശരിയായ ഉത്തരം നൽകാനുണ്ടായിരുന്നുവെങ്കിലും ആ സമയത്ത് കൃഷ്ണനതു സാധിച്ചില്ല. ഗാന്ധാരി നിന്ന നിലയിൽ പറഞ്ഞു: കൃഷ്ണാ, നിന്നെ ശപിക്കാനുള്ള അനു വാദം തരണം. പരമപുരുഷന ശാപം നൽകുന്ന തിനുമുമ്പായി ഒരാൾ അനുവാദം ചോദിച്ചിരിക്കണം. ഗാന്ധാരി തുടർന്നു. എന്റെ എല്ലാ മക്കളും എന്റെ കൺ മുമ്പിൽ മരിച്ചതിനാൽ നിന്റെ വർഗ്ഗം മുഴുവൻ എന്റെ കൺമുന്നിൽ തന്നെ നശിച്ചു പോകട്ടെ. കൃഷ്ണൻ അതംഗീകരിച്ചുകൊണ്ടു പറഞ്ഞു. അത ങ്ങനെതന്നെയാകട്ടെ.

ഈലോകത്ത് ഏതൊരുകാര്യവും അദ്ദേഹത്തിന്റെ ഇച്ഛാനുസരണമാണ് നടക്കുന്നത്. ഇതാണ് പ്രപത്തി. ഭക്തിയെകുറിച്ചുള്ള ധാരാളം അധ്യായങ്ങളടങ്ങിയ പുസ്തകങ്ങളെല്ലാം ഈ പ്രപത്തിയുടെ ആശയങ്ങളെ ഉൾകൊള്ളുന്നതാണ്.

മനുഷ്യരുടെ ഇടയിൽ ഏതാനും ഉന്നതരായ ജ്ഞാനികളും പേരുകേട്ട കാർമ്മികരും ഉണ്ട്. എന്നാൽ പ്രായോഗിക ജീവിതത്തിൽ സൈദ്ധാന്തികമായ അറിവുകൾക്കല്ല പ്രായോഗികമായ അറിവുകൾക്കാണ് പ്രാധാന്യം. സൈദ്ധാന്തിക ലോകത്ത് സമയം പാഴാക്കുന്നത് ഉപയോഗശൂന്യമായ കാര്യമാണ്. സാധാരണ ജീവിതത്തിൽ ഒരാൾ തീർച്ചയായും പ്രായോഗിക ബുദ്ധിയുള്ളവനാകണം. നിങ്ങൾ ഉന്നതനായ ഒരു കർമ്മയോഗിയെ കണ്ടുമുട്ടുന്നുവെന്നുകരുതുക. അദ്ദേഹം ഏറ്റെടുത്ത എല്ലാ രംഗങ്ങളിലും വിജയിച്ചിട്ടുണ്ടോ എന്നു ചോദിക്കുക. തീർച്ചയായും അദ്ദേഹം ഇല്ല എന്ന മറുപടി നൽകും. പിന്നീട് പ്രവർത്തന രംഗത്ത് എപ്പോഴെങ്കിലും ക്ഷീണിതനായിട്ടുണ്ടോ എന്ന് ചോദിച്ചാൽ തീർച്ചയായും പല സന്ദർഭങ്ങളിലും ക്ഷീണിതനായിട്ടുണ്ടെന്നായിരിക്കും മറുപടി. ക്ഷീണിതനായിരിക്കുമ്പോൾ കൂടുതൽ ശക്തിനൽകാൻ അദ്ദേഹം പരമപുരുഷനോട് പ്രാർത്ഥിക്കുകയില്ലേ? ആ കർമ്മയോഗി എത്ര ഉന്നതനായാലും അന്തിമഘട്ടത്തിൽ പരമപുരുഷനിൽ അഭയം പ്രാപിക്കും. അദ്ദേഹത്തിന സ്വയം സമർപ്പിക്കും.

തുടർച്ചയായി അറിവുപകർന്നുകൊടുക്കുന്ന ജ്ഞാനി തന്റെ തുടർച്ചയായി നടത്തുന്ന പ്രഭാഷണം

വഴി ക്ഷീണിതനാവും. ചിലപ്പോൾ തുടർച്ചയായി ചിന്തിക്കുന്നതുവഴി തലച്ചോറ് ശരിയായി പ്രവർത്തിക്കാതിരിക്കാനും സാധ്യതയുണ്ട്. അതിന്റെ ഫലമായ വിഷമങ്ങൾ കൂടുകയും ബുദ്ധിപരമായ ചിന്തകളും ആശയങ്ങളും പ്രാവർത്തികമാക്കാൻ പ്രയാസം നേരിടുകയും ചെയ്യുന്നു. അപ്പോൾ എന്തു സംഭവിക്കുന്നു? ജ്ഞാനം, പരാജയം സമ്മതിച്ചു കൊടുക്കേണ്ടിവരുന്നു. അഹംബോധത്തിന ആത്മസമർപ്പണമല്ലാതെ മറ്റു വഴികളൊന്നുമില്ല. ഒടുവിലയാൾ ഇപ്രകാരം അഭ്യർത്ഥിക്കാൻ നിർബന്ധിതനാവുന്നു. അല്ലയോ പരമപുരുഷാ, എന്നെ സഹായിക്കൂ. എന്റെ ആത്മാഭിമാനം സംരക്ഷിക്കൂ.

ശരിയായ ഭക്തിയില്ലാത്ത ചില ഭക്തന്മാർ മറ്റുള്ളവരെ വഞ്ചിക്കാൻ ഭക്തി അഭിനയിച്ചുകാണിക്കും. അതായത് അടിച്ച മണികൾ തന്നെ വീണ്ടും അടിക്കുന്നു. കത്തിച്ച മെഴുകുതിരികൾ വീണ്ടും കത്തിക്കുന്നു. അതും യാതൊരു വിധ വികാരവുമില്ലാതെ. അതുകൊണ്ട് കുറച്ചുകഴിയുമ്പോൾ അവർ യന്ത്രങ്ങളെപോലെയാകും. ഭക്തിയില്ലാത്ത വ്യക്തി ശരിക്കും ഒരു യന്ത്രമാണ്. അവരിൽ ആത്മസംതൃപ്തിയില്ലാതെ വെറും യാന്ത്രികമായ ചലനങ്ങൾ മാത്രം അവശേഷിക്കും. ഹൃദയം ശൂന്യവും മരുഭൂമിപോലെ തരിശുമായി മാറും. ഇപ്രകാരം ഒരാൾ മരുഭൂമിയുടെ മണൽതരിപോലെ വരണ്ടതായി മാറുമ്പോൾ അയാൾ ഇങ്ങനെ വിലപിക്കാൻ നിർബന്ധിതനാവുന്നു. അല്ലയോ പ്രഭോ, എന്നെ രക്ഷിക്കൂ. ഈ മരുഭൂമി

യിലെ ചുട്ടെരിയുന്ന ചൂടിൽ നിന്നും എന്നെ സംരക്ഷിക്കൂ.

ജനങ്ങൾ ഇപ്രകാരം ക്ഷീണിതരാവുമ്പോൾ, അവർ ജ്ഞാനികളോ കർമ്മയോഗികളോ ഭക്തരോ ആവട്ടെ ഇങ്ങനെ പറയും: എനിക്കിനി കൂടുതലൊന്നും ചെയ്യാനില്ല എന്ന്. ഇങ്ങനെയുള്ള സാഹചര്യത്തിൽ അവർക്ക് പരമപുരുഷനിൽ അഭയം പ്രാപിക്കുകയേ രക്ഷയുള്ളൂ. ഇതിന ശരണാഗതി എന്നു പറയുന്നു. ഇവിടെ അഭയസ്ഥാനം എന്നതിനർത്ഥം മറ്റെല്ലാറ്റിനേയും ഉപേക്ഷിച്ച് പരമ പുരുഷനെമാത്രം ആശ്രയിക്കുക എന്നതാണ്. ആ എന്നാൽ വരുന്നത്. ഗതി എന്നാൽ ചലനക്ഷമത. എല്ലാവിധ ചലനങ്ങളും പരമപുരുഷനിലേക്ക് തിരിച്ചുവിടുന്നതിനെയാണ് ശരണാഗതി എന്നു പറയുന്നത്. ശരണാഗതി സംഭവിക്കുമ്പോൾ ഒരാൾ അന്തിമമായനേട്ടം കൈവരിക്കുന്നു. ഈ പരമമായ സത്യം നിങ്ങൾ മനസ്സിലാക്കണം.

പാട്ന 12 ഫെബ്രവരി. 1979.

ഉള്ളടക്കം

# 11. മഹാസംഭൂതിയുടെ ആഗമനം

‘‘യദാ യദാ ഹി ധർമ്മസ്യ
ഗ്ലാനിർഭവതി ഭാരത
അഭ്യുത്ഥാനമ് അധർമ്മസ്യ
തദാത്മനം സൃജാമ്യഹം’’

യദാ യദാ എന്നാൽ കൃത്യസമയത്ത് അഥവാ യഥാർത്ഥ സമയത്ത് എന്നാണർത്ഥം. ഏതൊരു ജോലിയും നന്നായി ചെയ്യാൻ ഒരു കൃത്യസമയമു ണ്ടെന്ന് നിങ്ങൾക്കറിയാമല്ലോ? ഒരു ചെടികുഴിച്ചിടാൻ നിങ്ങൾ നല്ല സമയം നോക്കും. നെല്ല് കൊയ്തെടു ക്കാൻ നല്ല സമയം കാത്തിരിക്കും. അതാണ് ശരിയായ കൃത്യസമയം. അതിനാലാണ് ഭഗവാൻ കൃഷ്ണൻ ഇപ്രകാരം പറഞ്ഞത്: അർജുനാ എപ്പോഴാണോ ധർമ്മം ക്ഷയിച്ച് അധർമ്മംകൊടികുത്തി വാഴുന്നത് അപ്പോഴൊക്കെ ധർമ്മത്തെ രക്ഷിക്കാൻ ഞാൻ ഈ ഭൂമിയിൽ അവതരിക്കും.

ഏതാണ് തക്കതായ സമയം? നിങ്ങൾക്കറിയുന്നതു പോലെ ഈ പ്രപഞ്ചത്തിൽ ശക്തിയോ, ഭാവപ്രകടന ങ്ങളോ പ്രകടിതവും വസ്തുനിഷ്ടവുമായ ചലന ങ്ങളോ നേർ രേഖയിൽ സഞ്ചരിക്കുന്നില്ല. ചലനം സ്ഫന്ദനീയമായതും ക്രമാനുഗതമായതുമാണ്. അതാ യത് വേഗവും താൽക്കാലിക വിരാമവും ഇടവിട്ട് വരു ന്നു. വേഗതതാൽക്കാലിക വിരാമത്തിനുശേഷം വരു ന്നു. വ്യക്തിപരവും കൂട്ടായതുമായ ജീവിതത്തിന്റെ എല്ലാ ചലനഘട്ടത്തിലും താൽക്കാലിക വിരാമ സമ യത്ത് ന്യൂനതയും വക്രതയും ആവിർഭവിക്കുകയും അത് വേഗതയെ കളങ്കപ്പെടുത്തുകയും ചെയ്യുന്നു.

നമ്മുടെ കൂട്ടായ ജീവിതത്തിലും അൽപവിരാമത്തിന്റെ ചെറിയകാലഘട്ടത്തോടൊപ്പം വേഗതയുടെ ചെറിയ ഘട്ടം കൂടിവരുന്നു. വളരെ വർഷങ്ങൾക്കുശേഷം അതായത് ആയിരക്കണക്കിന വർഷത്തെ ഇടവേളക്കു ശേഷം ഒരു താൽക്കാലിക വിരാമം ഉണ്ടാവുന്നു. അപ്പോൾ ഒരുതരം ആലസ്യം അഥവാ നിശ്ചലാവസ്ഥ വ്യാപിക്കുന്നു. ആ നിശ്ചലാവസ്ഥ ഒരു വലിയ വ്യക്തി ത്വത്തിന്റെ അടിയന്തരമായ ആവശ്യം സൂചിപ്പിക്കുന്നു. ആ വലിയ വ്യക്തി അത്യാവശ്യമായ ചലനശക്തി സമൂഹത്തിന നൽകുന്നു. നമ്മുടെ തത്വ ശാസ്ത്ര മനു സരിച്ച് ഈ വ്യക്തിത്വങ്ങളെ ഞാൻ സദ് വിപ്രന്മാർ എന്നുവിളിക്കുന്നു. പിന്നീട് വളരെകാലത്തിനുശേഷം സമൂഹം വീണ്ടും ഒരു നിശ്ചലാവസ്ഥയെ പ്രാപിക്കു ന്നു. എല്ലാ മേഖലകളിലും അധ:പതനം വ്യാപകമാ വുന്നു. അഴിമതി അനിയന്ത്രിതമാവുന്നു. ഇത്തരം സന്ദർഭങ്ങളിൽ സദ്വിപ്രന്മാർക്ക് ഒരു പരിഹാരവും കണ്ടെത്താനാവില്ല. അത്തരമൊരു ആപൽ സന്ധി യിൽ കുറെകൂടി വലിയ ഒരു വ്യക്തിത്വത്തിന്റെ സേവനം അത്യാവശ്യമായി വരുന്നു. എപ്പോഴാണോ സമൂഹം വെള്ളം കെട്ടി നിൽക്കുന്ന ചെറു പൊയ്ക പോലെ നിലകൊള്ളുന്നത് അപ്പോൾ നല്ല ഭരണക്രമം കാഴ്ചവെച്ച് ശരിയായ പരിഹാരം ഉണ്ടാക്കാനും സാമൂ ഹ്യശരീരത്തെ വീണ്ടും പ്രവർത്തിപ്പിക്കാനും അദ്ദേഹം ജന്മമെടുക്കുന്നു.

യദാ യദാഹി ധർമ്മസ്യ ഗ്ലാനിർഭവതി ഭാരത
അഭ്യുത്ഥാനമധർമ്മസ്യ തദാത്മാനം സൃജാമ്യഹം

ഇവിടെ ഭഗവാൻ കൃഷ്ണൻ അർജുനനെ ഭാരത എന്ന് സംബോധന ചെയ്യുന്നു. സംസ്കൃതവാക്കായ ഭാരത എന്നതിന്റെ മൂലക്രിയ ഭർ (ഭക്ഷണം നൽകുക) എന്നതും തൻ (വികസിപ്പിക്കുക) എന്നതും ചേർന്ന താണ്. ഭർ എന്നതിനോട് അൽ പ്രത്യയം ചേരുമ്പോൾ ഭര. അർത്ഥം ആരാണോ ഭക്ഷണം നൽകുന്നത് എന്ന്. തൻ എന്നതിനോട് ദ പ്രത്യയം ചേർത്താൽ ത. വികസനവും പുരോഗതിയും ഉണ്ടാക്കുന്നത് എന്നർത്ഥം. അതായത് എല്ലാവിധ വികസനവും ഉണ്ടാക്കുന്ന സത്ത എന്നർത്ഥം. അപ്രകാരം ഭാരത എന്നാൽ പദാനുപദമായുള്ള അർത്ഥം പരിപോഷണം എന്നാണ്. എല്ലാ വിധ വികസനവും ഒരു വ്യക്തിക്കുണ്ടാവാൻ സഹായിക്കുന്നു. ഭരത+അൻഭാരത. എന്നാലർത്ഥം ഭരതനെ സംബന്ധിക്കുന്ന. നമ്മുടെ ഇന്ത്യ സംസ്കൃതത്തിൽ ഭാരതവർഷ എന്നു പറയപ്പെടുന്നു. വർഷം എന്ന വാക്കിന മൂന്നർത്ഥമുണ്ട്. ആദ്യത്തേത് മഴ. രണ്ടാമത്തേത് കൊല്ലം. ഉദാ: 1979 ഒരു വർഷമാണ്. മൂന്നാമത്തേത് രാജ്യം. (രാജ്യത്തെ ദേശ എന്നും സംസ്കൃതത്തിൽ പറയുന്നു.) അതൃത്തികളാൽ രേഖപ്പെടുത്തിയ രാജ്യം. അതുകൊണ്ട് ഭാരതവർഷ എന്ന പേരിന പദാനുപദമായ അർത്ഥം ഏതു രാജ്യമാണ് പ്രജകൾക്കു വേണ്ടവിധം ആഹാരം നൽകുകയും മറ്റെല്ലാവിധ പുരോഗതിക്കും കാരണമായിരിക്കുന്നത് എന്നാണ്.

എന്നാലീ ശ്ലോകത്തിൽ ഭാരത എന്നാൽ രാജാവ്. അർജ്ജുനൻ രാജാവെന്ന നിലയിൽ പ്രജകൾക്ക് ഭക്ഷണം നൽകാനും സമൂഹത്തിന്റെ മറ്റെല്ലാ ആവശ്യ

ങ്ങളും ലഘൂകരിക്കാനും എല്ലാവിധ പുരോഗതിയും ഉണ്ടാക്കാനും ബാധ്യസ്ഥനാണ്. അപ്രകാരം ഭഗവാൻ കൃഷ്ണൻ അർജുനനെ ഭാരത എന്ന് സംബോധന ചെയ്യുന്നു. കൃഷ്ണൻ പറയുന്നു. എപ്പോഴാണോ ധർമ്മം ക്ഷയിക്കുന്നത്, അധർമ്മം കൊടികുത്തിവാഴുന്നത് അപ്പോൾ സദ്വിപ്രന്മാർക്ക്, അവർ കഴിവുകൾ വികസിച്ചവരാണെങ്കിലും സാഹചര്യങ്ങൾ നിയന്ത്രിക്കാനാവാതെ വരുന്നു. അത്തരമൊരു സാഹചര്യത്തിൽ സ്വയം ജന്മമെടുക്കുക എന്നല്ലാതെ എനിക്ക് വേറെ വഴിയൊന്നുമില്ല. താദാത്മാനം സൃജാമ്യഹം!

ധർമ്മം എന്നാലെന്താണ്? ധർമ്മം ക്ഷയിക്കുന്നു എന്ന് സൂചിപ്പിച്ചതുകൊണ്ട് ശരിക്കും ധർമ്മം എന്താണെന്നുനാം അറിയണം. സംസ്കൃതത്തിൽ നാല് അർത്ഥപദങ്ങളുണ്ട്. ഒന്ന് ധൃതി രണ്ട് ധാരണം മൂന്ന് ധാരണാ നാല് ധർമ്മ, ധൃതി എന്നത് ധർ + ക്തിൻ എന്നീ ധാതുക്കൾ ചേർന്നതാണ്. അതിന്റെ അർത്ഥം ധരിക്കുന്നത് അഥവാ ആധാരമാക്കുന്നത്. അതായത് ഭൗതികവും മാനസികവുമായ എല്ലാ പ്രവർത്തനങ്ങളും ആധാരമാക്കുന്നത് ഈ സത്തയെയാണ്. ഇതിനെ ധർമ്മം അഥവാ ധൃതി എന്നുപറയുന്നു.

ഈ പ്രപഞ്ചത്തിലെ എല്ലാ സത്തകളും അതിന്റേതായധർമ്മം പരിപാലിക്കണം. ഒരു സാഹചര്യത്തിലും മനുഷ്യരോ മൃഗങ്ങളോ, ജീവനുള്ളതോ അല്ലാത്തതോ ആയ ഒന്നും തന്നെ അവരെ സംബന്ധിക്കുന്ന ധർമ്മത്തിൽ നിന്നും വ്യതിചലിക്കരുത്.

ബാംഗലൂർ 18 ഫെബ്രുവരി 1979

ഉള്ളടക്കം

# 12. ധർമ്മത്തിന്റെ പത്ത് സ്വഭാവങ്ങൾ

"ശ്രേയാൻ സ്വധർമ്മോ വിഗുണഃ
പരധർമ്മാത് സ്വനുഷ്ഠിതാത്.
സ്വധർമ്മെ നിധനം ശ്രേയഃ
പരധർമ്മോ ഭയാവഹഃ"

മനുഷ്യന് ഉദാത്തമായ ഒരു മരണം ഉണ്ടാവണം. ഏറ്റവും ശ്രേഷ്ഠമായ മരണം. ക്രൂരവും മൃഗീയവുമായ ഒന്നിന്റെ അനുവർത്തനമാകരുത്. സ്വധർമ്മനിധനം ശ്രേയ: ശ്രേഷ്ഠമായ രീതിയിലുള്ള ഒരു മരണമാണ് വിഷയാസക്തമായ ഒരു ജീവിതം തുടരുന്നതിനേക്കാൾ നല്ലത്. പരധർമ്മോഭയാവഹ: മനുഷ്യന്റേതല്ലാത്ത സ്വഭാവവിശേഷങ്ങൾ തുടർന്നു പോകുന്നത് അപകടകരമാണ്. ഇവിടെ പരധർമ്മ എന്നാൽ മനുഷ്യന് യോജിക്കാത്ത തരത്തിലുള്ള ധർമ്മം പിന്തുടരുക എന്നാണർത്ഥം.

ധൃതി എന്നതിന്റെ ഒരർത്ഥം ക്ഷമ എന്നാണ്. അതിന്റെ വിശാലമായ ലക്ഷ്യാർത്ഥം ധർമ്മം എന്നാണ്. ധർമ്മത്തിന് പത്ത് സ്വഭാവ വിശേഷങ്ങളുണ്ട്.

“ധൃതിഃ ക്ഷമാ ധമോസ്തേയം
ശൗചമ് ഇന്ദ്രിയനിഗ്രഹഃ
ധീർവിദ്യാ സത്യമ് അക്രോധഃ
ദശകം ധർമ്മലക്ഷണം.”

ഈ ശ്ലോകത്തിൽ ധർമ്മത്തിന്റെ പത്തു സ്വഭാവവിശേഷങ്ങളെപറ്റി പറഞ്ഞിട്ടുണ്ട്. ആദ്യത്തേത് ധൃതി അഥവാ സഹനമാണ്. എല്ലാ മനുഷ്യരും സഹനശക്തിയുള്ളവരാകണം. നിങ്ങൾ ഒരു വിത്ത് അഥവാ തൈ കുഴിച്ചിടുന്നുവെന്ന് കരുതുക. ആരെങ്കിലും അതു മുളച്ചോ വേരുകളുണ്ടായോ എന്നു നോക്കാൻ അത് പിഴുതെടുത്തു നോക്കുന്നു എന്നു കരുതുക. അതൊരിക്കലും പാണ്ഡിത്യമായി ഗണിക്കാനാവില്ല. അതുപോലെ ആത്മീയ രംഗത്ത്, തന്ത്രസാധന തുടങ്ങിയ ഉടൻ ഒരു ഫലം പ്രതീക്ഷിച്ചാൽ അതൊരിക്കലും യഥാർത്ഥമാവുകയില്ല. അങ്ങനെയൊരിക്കലും ചെയ്യരുത്. എല്ലാ പ്രവർത്തനങ്ങൾക്കും ഒരു പ്രതിപ്രവർത്തനമുണ്ട്. സ്ഥലം, സമയം, വ്യക്തി എന്നീ ആപേക്ഷിക ഘടകങ്ങളിൽ അത് മാറ്റമില്ലാതെ തുടരുന്നു. നിങ്ങളെന്തു ചെയ്യുന്നുവോ അത് നിങ്ങളുടെ മുൻകാല പ്രവർത്തനങ്ങളാൽ തീരുമാനിക്കപ്പെട്ട പ്രകടനങ്ങളാണ്. നിങ്ങളുടെ പ്രവർത്തനങ്ങൾക്കെല്ലാം പ്രതിപ്രവർത്തനങ്ങളുണ്ട് എന്നാൽ നിങ്ങൾക്കത് പ്രകടമാവാൻ കുറച്ചുകാലം കാത്തിരിക്കേണ്ടിവരും. അപ്രകാരം ധൃതി, എന്നത് ധർമ്മത്തിന്റെ ആദ്യ സ്വഭാവമാണ്.

രണ്ടാമത്തേതാണ് ക്ഷമ അഥവാ മാപ്പ് നൽകൽ. ഓരോ പ്രവർത്തനത്തിനും തുല്യമായോ എതിരായോ ഉള്ളതും മാറ്റമില്ലാത്ത ആപേക്ഷിക വസ്തുതകൾക്കനുസരിച്ചതുമായ പ്രതിപ്രവർത്തനങ്ങൾ ഉണ്ടാവുമെന്ന് ഞാൻ നേരത്തെ പറഞ്ഞു. എന്നാലീ മൂന്ന് വസ്തുക്കളും പലപ്പോഴും മാറുന്നു. മാറ്റം അവശ്യഘടകമാണ്. ഈ മാറ്റം ഒരവസ്ഥയിൽ നിന്നും മറ്റൊരവസ്ഥയിലേക്കുള്ള രൂപമാറ്റമാണ്. ഒരാൾ നിങ്ങളെ ഇടിച്ച് ഒരു വികൃതി കാണിക്കുന്നു എന്ന് കരുതുക. ഇത് കടുത്ത ദ്രോഹമാണ്. ഈ പ്രവർത്തനത്തിനും ഒരു പ്രതിപ്രവർത്തനമുണ്ട്. മൂന്നാമത്തെ അവസ്ഥയിൽ ഈ പ്രതിപ്രവർത്തനത്തിനും മറ്റൊരു പ്രതിപ്രവർത്തനവും നാലാമത്തെ അവസ്ഥയിൽ മുമ്പത്തേതിന മറ്റൊരു പ്രതിപ്രവർത്തനവും ഉണ്ടാവും. രാമൻ ശ്യാമിനെ അപമാനിച്ചെന്നു കരുതുക. അപ്പോൾ ശ്യാമിന്റെ മകൻ രാമന്റെ മകനെ അപമാനിക്കുന്നു. അപ്പോൾ രാമന്റെ കൊച്ചുമകൻ ശ്യാമിന്റെ കൊച്ചു മകനേയും അപമാനിക്കുന്നു. ഇപ്രകാരം കാണത്തക്കവിധത്തിലുള്ള പ്രവർത്തനവും പ്രതിപ്രവർത്തനവും തുടർന്നുകൊണ്ടിരിക്കുന്നു. കണ്ടുകൊണ്ടിരിക്കുന്ന ഈ ചക്രം കുറച്ച് സമയത്തേക്ക് നിലയ്ക്കുന്നു. ഒരവസാനത്തിൽ എത്തുന്നു. പ്രതികാരം ചെയ്യാൻ നിങ്ങൾക്ക് സമയം ലഭിക്കുമ്പോൾ നിങ്ങൾ ഒരിക്കലും അതിന മുതിരരുത്. ഇപ്രകാരം ശൃംഖലയുടെ തുടർച്ച നിങ്ങൾക്ക് നിർത്താനാവും. അപ്പോഴവിടെ പ്രവർത്തനത്തിന്റെയും പ്രതിപ്രവർത്തനത്തിന്റെയും ശൃംഖല അവസാനിക്കുന്നു. ഇതാണ് ധർമ്മത്തിന്റെ രണ്ടാമത്തെ സ്വഭാവം.

മൂന്നാമത്തെ പ്രകൃതമാണ് ദമം അഥവാ നിയ ന്ത്രണം. ഇവിടെ ഒരു കഥ പറയാം. ഒരു ദിവസം ചിലർ ഒരു പ്രത്യേക സ്ഥലത്ത് നിൽക്കുമ്പോൾ അത്യത്ഭുതകരമായ ഒരു കാഴ്ചകണ്ടു. ചുറ്റും കിരണ ങ്ങൾ ചൊരിയുന്ന ഒരു സത്തയെ. അതിന്റെ പ്രഭയിൽ ഭയങ്കരമായ വിറയൽ അനുഭവപ്പെട്ടു. ഭയങ്കരവും അത്യുജ്ജ്വലവുമായ പ്രഭാപൂരം. അവർ ആ അതിപ്ര കാശവത്തായ സത്തയുടെ അടുത്തു ചെന്നു ചോദി ച്ചു. നിങ്ങൾ ആരാണ് എന്ന് പക്ഷെ മറുപടിയുണ്ടായി ല്ല. എന്താണ് നിന്റെ ആജ്ഞ?. അവർ വീണ്ടും ചോദി ച്ചു. അപ്പോൾ ആ ജാജ്വല്യമായ സത്ത ഏകാക്ഷര ത്തിൽ കൽപ്പന പുറപ്പെടുവിച്ചു. ഡാ എന്നായിരുന്നു അത്. അവരിൽ കൂടുതൽ വികാസം പ്രാപിച്ച ചിലർ ആ ഏകാക്ഷര ശബ്ദത്തെ ദമനം കുരു അതായത് ക്രമപെടുത്തുക അല്ലെങ്കിൽ നിയന്ത്രിക്കുക എന്നൊക്കെ വ്യാഖ്യാനിച്ചു. സാധാരണക്കാരായ രണ്ടാമത്തെ വിഭാഗം അതിനെ ദയാം കുരു അതായത് മറ്റുള്ളവരോട് ദയ കാണിക്കുക എന്ന് വ്യാഖ്യാനിച്ചു. മൂന്നാമത്തെ വിഭാഗമായ ദുർദേവതകൾ ദാനാം കുരു ഭിക്ഷ നൽകുക എന്നു പറഞ്ഞു. ഈ ശ്ലോകത്തിൽ പറഞ്ഞിട്ടുള്ളത് ദമോസ്തേയം എന്നാണ്. ഇവിടെ ദമ എന്നതിനർത്ഥം ദമനം അഥവാ ചട്ടം അല്ലെങ്കിൽ നിയ ന്ത്രണം എന്നാണ്.

എല്ലായിടത്തും ഒരാൾക്ക് സുഹൃത്തുക്കളും ശത്രു ക്കളും ഉണ്ടാകും. ബാഹ്യ ശത്രുക്കളെ എതിരിട്ട് അവരെ നിയന്ത്രണത്തിൽ കൊണ്ടുവരുന്ന പ്രവർത്തി ക്ക്, ശമനം എന്നു പറയുന്നു. ആർക്കാണോ ശമനം

എന്ന ഗുണമുള്ളത് അയാളെ ശാന്തൻ എന്നു വിളിക്കുന്നു. ശാം + അനത് - ശമന, ശ്യാം+ക്ത- ശാന്ത എന്നാൽ ബാഹ്യ ലോകത്ത് നിയന്ത്രണം കൈവരിച്ചവൻ എന്നാണർത്ഥം. അതുപോലെ ദം + അനത് - ദമന. ദമന എന്നാൽ ആന്തരിക ശത്രുക്കളിൽ നിയന്ത്രണം വരുത്തുന്ന അവസ്ഥയാണ്. ദുഷിപ്പിക്കുന്ന അഥവാ തരം താഴ്ത്തുന്ന പ്രവണതകളും പ്രവർത്തനങ്ങളും നിയന്ത്രണത്തിലാക്കുക എന്നാണ്. ദം + ക്ത - ദാന്ത എന്നതിനർത്ഥം ആന്തരിക ശത്രുക്കളെ കീഴടക്കിയവൻ. ഭാരതീയ പൗരാണിക ശാസ്ത്രമനുസരിച്ച് മരണത്തിന്റെ ഈശ്വരൻ അതായത് യമന്റെ (പ്ലൂട്ടോ) ജോലി ലോക ജനസംഖ്യയെ ഒരു നിശ്ചിത കണക്കിൽ പിടിച്ചു നിർത്തുകയാണ്. അപ്രകാരം കാലനേയും ശമന എന്നു പറയുന്നു. നമ: ശിവായ ശാന്തായ ആരാണോ എല്ലാ സത്തകളിലും നിയന്ത്രണം സ്ഥാപിച്ചത് അയാളെ ശാന്തൻ എന്നു പറയുന്നു. അതുകൊണ്ട് പുണ്യാത്മാക്കൾ, ആത്മീയാന്വേഷികൾ അവരുടെ തരംതാഴ്ത്തുന്ന പ്രവർത്തനങ്ങളിൽ നിയന്ത്രണം ഏർപ്പെടുത്താൻ കഴിയുന്നവരായിരിക്കണം.

നാലാമത്തെ സ്വഭാവമാണ് ആസ്തേയം. ഈ സ്വഭാവം നിങ്ങൾക്കെല്ലാം സുപരിചിതമാണെന്ന് കരുതുന്നു. ആസ്തേയ എന്നതിന്റെ ഭാഷാർത്ഥം ഭൗതികമായോ മാനസികമായോ ഒന്നും കവർന്നെടുക്കരുത്. എന്നാണ്.

അഞ്ചാമത്തെ സ്വഭാവമാണ്. ശൗചം. ശൗചം രണ്ടു വിധമുണ്ടെന്ന് നിങ്ങൾക്കറിയാം. ഒന്നു ബാഹ്യമായ

ശുചിത്വം. രണ്ടാമത്തേത് ആന്തരികമായ ശുചിത്വം. ബാഹ്യമായ ശുചിത്വം എന്നാൽ ശരീരവും വസ്ത്ര ങ്ങളും പരിസരവും വൃത്തിയായി സൂക്ഷിക്കുക എന്നാ ണ്. ആന്തരിക ശുചിത്വം എന്നാൽ മനസ്സ് വൃത്തി യാക്കി സൂക്ഷിക്കുകയാണ്.

ആറാമത്തേതാണ് ഇന്ദ്രിയ നിഗ്രഹം. സംസ്കൃത ത്തിൽ ഇന്ദ്രാ എന്ന പദത്തിന് നിയന്ത്രിക്കുന്നവൻ നേതാവ്, കുലപതി എന്നൊക്കെ അർത്ഥമുണ്ട്. സർദാർ എന്നാണ് പേർഷ്യൻ പദം. സർ എന്നാൽ തലവൻ ദർ എന്നാൽ ഉടമസ്ഥൻ. സർദാർ എന്നാൽ അവശേഷിക്കുന്ന നിയന്ത്രിത വിഷയങ്ങളിൽ എല്ലാ ജോലികളും തീർത്തവൻ എന്നാണർത്ഥം. പത്ത് ഇന്ദ്രി യങ്ങളുണ്ട്. അഞ്ച് ജ്ഞാനേന്ദ്രിയങ്ങളും. അഞ്ച് കർമ്മേന്ദ്രിയങ്ങളും. ഭൗതിക പ്രവർത്തനങ്ങളിൽ നിയ ന്ത്രണം ഏർപ്പെടുത്തുമ്പോൾ അതിനെ ഇന്ദ്രാ എന്നു പറയുന്നു. അക്ഷരാർത്ഥത്തിൽ പറഞ്ഞാൽ അധി കാരം ചെലുത്തുന്ന സത്ത. സൂക്ഷ്മമായ മനസ്സ്. അഥവാ ആത്മാവ്. ഈ ഇന്ദ്രിയങ്ങളുടെ അധിപനാ ണ്. നിങ്ങൾ മാനസികവും ആത്മീയവുമായ ശക്തിക ളാൽ ഇന്ദ്രിയങ്ങളെ നിയന്ത്രിച്ചു നിർത്തണം. ധാർമ്മിക ജീവിതത്തിൽ ഇന്ദ്രിയങ്ങളുടെ സമ്പൂർണ്ണ നിയന്ത്രണം വളരെ ആവശ്യമാണ്. ആത്മീയ ജീവിത ത്തിൽ ഒരാൾ കർമ്മേന്ദ്രിയങ്ങളിലും ജ്ഞാനേന്ദ്രിയങ്ങ ളിലും നിയന്ത്രണം പാലിക്കണം.

ഏഴാമത്തേത് ധീ. ധീ എന്നാൽ ഉദാരമതിയായ മേധാശക്തി. മനുഷ്യന്റെ മേധാ ശക്തി ശരിയായ വിധ ത്തിൽ നയിക്കപ്പെടുന്നില്ലെങ്കിൽ അത് അപകടകാരി

യാകുന്നു. അത് സമൂഹത്തെ ദുഷിപ്പിക്കാനും ചൂഷണം ചെയ്യാനും സഹായിക്കുന്നു. പിന്നീട് അത് പൈശാചിക ശക്തിയായി മാറുന്നു. ധീ എന്ന മേധാ ശക്തിയെ സമൂഹത്തിന നവചൈതന്യം വരുത്തുന്ന തിന ഉപയോഗിച്ചാൽ അത് മനുഷ്യർക്കുമാത്രമല്ല ജീവജാലങ്ങളുടെ സമ്പൂർണ്ണ ലോകത്തിനു തന്നെ ഉപ കാരപ്രദമാണ്. ശരിയായ അർത്ഥത്തിൽ ഇതിനാണ് ധീ എന്നു പറയുന്നത്.

എട്ടാമത്തെ സ്വഭാവമാണ് വിദ്യ. അത് ദൈവിക ഭാഷയിലെ ക്രിയാമൂലമായ വിദ് എന്ന ധാതുവിൽ നിന്ന് വന്നതാണ്. ബാഹ്യമായ വസ്തുനിഷ്ട വിഷയ ങ്ങളിലുള്ള ആത്മസാത്മീകരണം എന്നാണർത്ഥം. അത് രണ്ട് വിധത്തിലുണ്ട്. വിദ്യയും അവിദ്യയും. അവിദ്യ എന്നത് പ്രധാനമായും ബാഹ്യ ജീവിതമായും വിദ്യ എന്നത് ആന്തരിക ജീവിതമായും ബന്ധപ്പെട്ടതാ ണ്. ആനന്ദമാർഗ്ഗ തത്വചിന്തയനുസരിച്ച് ബാഹ്യലോ കത്തെ അവഗണിക്കുന്നത് ചിന്തിക്കാനാവില്ല. അതി നാൽ നമ്മുടേത് വസ്തുനിഷ്ഠമായ ക്രമീകരണത്തി ലൂടെയുള്ള അഹംതത്വാത്മക സമീപനമാണ്. അവിദ്യ എന്താണെന്ന് നിങ്ങളറിയണം. ഇവിടെ അവിദ്യ എന്നാൽ ആധുനിക ശാസ്ത്രമാണ്. നിങ്ങൾ ജീവിത ത്തിൽ ആധുനിക ശാസ്ത്രത്തെ അവഗണിക്കരുത്. ചില വ്യക്തികൾ ഇംഗ്ലീഷ് ഭാഷയെ ഇന്ത്യയിൽ നിന്നും ഇല്ലാതാക്കാൻ ശ്രമിക്കുന്നതുപോലെ ആധു നിക ശാസ്ത്രത്തെ ഒരു കാരണവശാലും ഇല്ലാതാക്ക രുത്.

വിദ്യൻച അവിദ്യൻച യസ്തദ്വേദോഭയം സഹ

അവിദ്യയാ മൃത്യും തീർത്വാ വിദ്യയമൃതമശ്നുതേ

അവിദ്യ എന്താണെന്നും അതിന്റെ നേട്ടവും ഉള്ളടക്കവും എന്താണെന്നും നിങ്ങൾ അറിഞ്ഞിരിക്കണം. അതുപോലെതന്നെ വിദ്യയും അവിദ്യയുടെ സഹായത്താലാണ് ഒരാൾ ഭൗതിക ലോകത്ത് വികസിച്ചു വരുന്നത്. എന്നാൽ വിദ്യയുടെ സഹായംകൊണ്ട് ഒരാൾ മോക്ഷത്തിനുവേണ്ടി ശ്രമിക്കുന്നു. വിദ്യയും അവിദ്യയും ഒരാളെ ഭൗതിക ലോകത്തും ആത്മീയ ലോകത്തും നേട്ടങ്ങൾ കൊയ്യാൻ സഹായിക്കുന്നു.

ഒമ്പതാമത്തെ സ്വഭാവമാണ് സത്യം. ഈ വാക്കിന്റെ ആന്തരികാർത്ഥം എന്താണെന്ന് നിങ്ങൾക്കറിയാം. അത് നിങ്ങൾ ഓർമ്മിക്കണം. കൂടാതെ ഈ തത്വം വ്യക്തി ജീവിതത്തിലും സാമൂഹിക ജീവിതത്തിലും പരിപാലിക്കാൻ ശ്രമിക്കണം.

പത്താമത്തേത് ആക്രോധമാണ്. കോപിഷ്ഠനാവാതിരിക്കൽ. സൂക്ഷ്മമായ അന്തരങ്ങൾ ദർശിക്കുന്ന വാസനയാണിത്. നിങ്ങൾ ഒരിക്കലും ആക്രോധത്തിലേക്ക് നയിക്കപ്പെടുകയോ ഒരു വശത്തേക്ക് ആടുകയോ അനുചിതമായി നീങ്ങുകയോ ചെയ്യരുത്. ദേഷ്യം എന്നാൽ മനസ്സിന്റെ സൂക്ഷ്മമായ പാളികളുടെ നിയന്ത്രണങ്ങൾക്കുപകരം നാഢീകോശങ്ങളുടേയും സൂക്ഷ്മ ഞരമ്പുകളുടേയും സ്വാധീനത്തിൽ തുടരുക എന്നതാണ്. അതുകൊണ്ടു തന്നെ അത് അപകടകരമാണ്. ചില പാപികൾ ചെയ്യുന്ന ദുഷിച്ച പ്രവർത്തനങ്ങൾ കാണുമ്പോൾ നിങ്ങൾക്ക് ദേഷ്യം പിടിക്കും. ആ പ്രവർത്തനം നിർത്താനുള്ള ദേഷ്യമാണ് നിങ്ങളിൽ കാണുന്നത്. ഇതിനെ സാത്വികമായ

കോപം എന്നുപറയുന്നത്. എന്നാൽ നിങ്ങൾ സ്വന്തം നിയന്ത്രണത്തിൽ നിന്നും കോപം പുറത്തു ചാടാതിരിക്കാൻ ശ്രദ്ധിക്കണം. അങ്ങനെ സംഭവിച്ചാലതിനെ വസ്തു നിഷ്ഠമായ കോപം എന്നു പറയുന്നു.

ധർമ്മത്തിന ഇപ്രകാരം പത്തു തരത്തിലുള്ള സ്വഭാവങ്ങളുണ്ട്. ധൃതി (ധർമ്മം) ക്ഷമ (മാപ്പു നൽകുക) ധമം (ആത്മനിയന്ത്രണം) ആസ്തേയം (കക്കാതിരിക്കൽ) ശൗചം (വൃത്തി) ഇന്ദ്രിയ നിഗ്രഹം (ഇന്ദ്രിയങ്ങളെ നിയന്ത്രിക്കൽ) ധീ (മേധാ ശക്തി) വിദ്യ (ആത്മീയ ജ്ഞാനം) സത്യം (ഉള്ളതു പറയുക) ആക്രോധ (ദ്വേഷ്യപ്പെടാതിരിക്കുക) ഇവയാണ് ധർമ്മത്തിന്റെ പത്തു സ്വഭാവങ്ങൾ.

എപ്പോഴാണോ ധൃതി എന്നത് ധർമ്മം എന്ന അർത്ഥത്തിൽ ഉപയോഗിക്കുന്നത് അപ്പോഴതിന പത്തു ഘടകങ്ങളുമുണ്ടാവും.

ബാംഗ്ലൂർ 18, ഫെബ്രുവരി 1979

ഉള്ളടക്കം

# 13. നശ്വരതയുടെയും അനശ്വരതയുടേയും പ്രഭു

ഗംഗ എന്ന വാക്കിന എന്താണർത്ഥം? ഗംഗച്ഛതിയ സ ഗംഗ ദൂരേക്കു പോകുന്ന സത്തയാണ് ഗംഗ.

ഇവിടെ ഗ എന്നാൽ വളരെ ദൂരെയുള്ള ഭൂമി. ഗൗ എന്നാൽ ദൂരെയുള്ള ഭൂമിക്കു നേരെ. ഗ എന്ന സ്ത്രീലിംഗത്തിനർത്ഥം പോകുന്ന സത്ത എന്നാണ്. അതിനാൽ വളരെയധികം ദൂരത്തേക്ക് ഇന്ത്യയിലൂടെ ഒഴുകുന്ന നദിയാണ് ഗംഗ. ഭൂമിശാസ്ത്രപരമായി പർവ്വതത്തിൽനിന്ന് ഉത്ഭവിക്കുന്ന നദിമാത്രമാണോ ഗംഗ? ഗംഗാ നദി പരിമിതമായ സ്ഥലങ്ങളിലൂടെ മാത്രമേ ഒഴുകുന്നുള്ളൂ. അവൾ മഹാരാഷ്ട്ര സംസ്ഥാനത്തുകൂടി പോലും ഒഴുകുന്നില്ല. എന്നാൽ ഗംഗാധരൻ എന്നുകൂടി വിളിക്കുന്ന പ്രഭു പരമശിവൻ എല്ലായിടത്തും സ്ഥിതി ചെയ്യുന്നു. ഗംഗയ്ക്ക് മറ്റൊരു പേരുകൂടിയുണ്ട് ഇറാനാഡി. മനുഷ്യ ശരീരത്തിൽ പ്രധാനമായും മൂന്ന് നാഡികളുണ്ട്. ചന്ദ്രാ, സൂര്യാ, ഷിനു ഈ മൂന്നു നാഡികളെ ഇങ്ങനെയും വിളിക്കുന്നു ലലന, രസന, അവധൂതിക. ഗംഗ, യമുനാ, സരസ്വതി, ഇഡ, പിംഗള, സുഷുമ്ന.

ശിവന്റെ ഇരിപ്പിടം സഹസ്രാര ചക്രത്തിലാണ് (ുശിലമഹ ഴഹമിറ). എല്ലാപ്രവർത്തനക്ഷമമായ കഴിവുകളും ഉത്സാഹവും നിയന്ത്രിക്കുന്നത് സഹസ്രാരചക്രത്തിലുള്ള പ്രത്യേക ബിന്ദുവാണ്. ആ പ്രത്യേക ബിന്ദുവിനെ പരമ ശിവ അഥവാ ഗംഗാധര എന്നുപറയുന്നു. ഗ്രന്ഥികളുടെ രൂപഭേദം വരുന്ന പുരോഗതിയുടെ അളവനുസരിച്ച് ഓരോന്നിനും ഓരോ സ്വഭാവമുണ്ട്. ഒരാളുടെ സ്വഭാവം വ്യത്യസ്ത ഗ്രന്ഥികളുടെ അവസ്ഥയെ ആശ്രയിച്ചിരിക്കുന്നു. അത്യാഗ്രഹം എന്ന ജന്മ വാസനയിൽ നിന്നും ഒരാൾ പൂർണ്ണമായും മോചിതനാവുമ്പോൾ പലപ്പോഴും വെറുപ്പ് അയാളെ ബാധി

ക്കുന്നു. ഒരു വ്യക്തിക്ക് അഞ്ചോ ആറോ ദിവസം അരി ഭക്ഷണം കഴിക്കാതെ നീട്ടികൊണ്ടുപോകാം. പക്ഷേ ഒരു ചായ കുടിക്കാതെ ഒരു ദിവസം പോലും കഴിയാനാവില്ല. മനുഷ്യരിൽ പല വൃത്തികൾ കാരണമുണ്ടാവുന്ന വിവിധ ദൗർബല്യങ്ങൾക്ക് മൂല കാരണം ഈ ഗ്രന്ഥികളാണ്. ആയിരം വൃത്തികളെ നിയന്ത്രിക്കുന്നത് സഹസ്രാര ചക്രമാണ്. ആ പരമപഥത്തിലിരുന്ന് എല്ലാം നിയന്ത്രിക്കുന്ന സത്ത അഥവാ പരമ ശിവൻ എല്ലാ പ്രകൃതിക്കും യോഗ്യതക്കും മുകളിലാണ്.

പ്രഭുമീശമ് അനീശമ് അശേഷഗുണം

ഗുണഹീന മഹേഷ ഗണാഭരണം ...എന്നുപറയുന്നു.

ഇവിടെ പ്രഭുവെന്നാൽ പരമമായ സത്ത. പ്ര എന്നാൽ അംഗീകൃതമായ വഴി. ഭൂ എന്നാൽ ആരാണോ എല്ലാത്തിലും കുടികൊള്ളുന്ന വ്യക്തി അതിനാൽ പ്രഭു എന്നാൽ എല്ലാ പ്രഭുക്കന്മാരുടെയും പ്രഭു എന്നർത്ഥം. മറ്റൊരർത്ഥം പ്രതിഭ എന്നാണ് പരമമായ പ്രാതിനിധ്യസ്വഭാവമുള്ള ആൾ എന്നാണർത്ഥം. ഈ പ്രപഞ്ചത്തിൽ ധാരാളം വ്യത്യസ്ഥ അധിപന്മാരുണ്ട്. എന്നാൽ ഈ അധിപന്മാരുടെയെല്ലാം അധിപനാണ് പ്രഭു. അഥവാ ഈശ: അതായത് പരമമായ സത്ത. സംസ്കൃതത്തിൽ ഈശ് എന്ന മൂലധാതുവിനർത്ഥം ഭരിക്കുക എന്നതാണ്. അദ്ദേഹമാണ് മറ്റെല്ലാ അധിപന്മാരേയും നിയന്ത്രിക്കുന്നത്. ഈ ലോകത്ത് ജീവനുള്ള എല്ലാറ്റിന്റെയും സ്വഭാവങ്ങളും ഉത്സാഹങ്ങളും നിയന്ത്രിക്കുന്ന വ്യക്തി.

ഈ പ്രപഞ്ചത്തിലുള്ള എല്ലാറ്റിനേയും നിയന്ത്രിക്കുന്നത് അദ്ദേഹമാണ്. ഒന്നും തന്നെ പുറത്തോ മറുവശത്തോ ഇല്ല. അദ്ദേഹം നരകത്തിന്റെയും സ്വർഗ്ഗത്തിന്റെയും അധിപനാണ്. ഒന്നും അദ്ദേഹത്തിന്റെ അധികാരപരിധിക്ക് പുറത്തല്ല അതുകൊണ്ടാണ് ഞാൻ പറയുന്നത് ആത്മീയാന്വേഷകർ അനാവശ്യമായി സ്വർഗ്ഗം നരകം എന്നിവയെ പറ്റി വ്യഗ്രതപെടേണ്ട ആവശ്യമില്ലെന്ന്. ആരാണോ ഉത്തമ കർമ്മങ്ങൾ ചെയ്യുന്നത്, നരക ത്തിൽ ആത്മീയ ഗാനങ്ങൾ ആലപിക്കുന്നത് എങ്കിൽ നരകത്തി ലെ പ്രഭുവിന്റെ കടമയാണ് അവിടെതന്നെ നിന്നുകൊണ്ട് സ്വയ ം പ്രേരിതമായി വിരമിക്കാൻ ഒരു ഹരിപരിമണ്ഡല ഗോസ്ഠീ നിർമ്മിച്ചാൽ നരഗത്തെ സ്വർഗ്ഗമാക്കി മാറ്റാൻ കഴിയും.

ഈഷാം അനിഷാം. അനിഷാം എന്നാൽ ആരും നിയന്ത്രിക്കാനില്ലാത്തവർ. യാദന്യ നാദിരോഹതി ആർക്കും അവനോട് കൽപ്പിക്കാനാവില്ല. അതിനാൽ അദ്ദേഹം ഈഷയും അനീഷയുമാണ്. എന്തെല്ലാം ഗുണങ്ങളാണ് അദ്ദേഹത്തിനുള്ളത്? അദ്ദേഹത്തിന് ഒരു പരിധിയുമില്ലാത്ത ഗുണങ്ങളുണ്ട്. അശേഷാ ഗുണം. അദ്ദേഹത്തിന്റെ ഗുണങ്ങളെ ആർക്കും എണ്ണാനാവില്ല. അതിന ആരെങ്കിലും പരിശ്രമിച്ചാൽ അത് പൂർണ്ണമായും ബുദ്ധി ഹീനതയാവും. കാരണം അയാളുടെ ഗുണഗണങ്ങൾക്കവസാനമില്ല.

അദ്ദേഹത്തെ ഗുണഹീന എന്നും വിളിക്കുന്നു. കാരണം എല്ലാ ഗുണങ്ങൾക്കും അതീതനാണദ്ദേഹം. ഗുണം അഥവാ സ്വഭാവം എന്നത് പ്രത്യേകമായ ബന്ധനമാണ്. ആരെങ്കിലും ഒരാൾ ഒരു ദാതാവാ

ണെന്നും പറയുമ്പോൾ നമ്മളയാളെ ദാതാവ് എന്നവാക്കുകൊണ്ട് ബന്ധനത്തിലാക്കുന്നു. അതല്ലെങ്കിൽ നമുക്കെങ്ങനെ ഒരു ദാതാവിനെ മറ്റുള്ളവരിൽ നിന്ന് തിരിച്ചറിയാനാവും? ഒരു തരം ബന്ധനത്തിലും പെടാത്ത, യാതൊരുവിധ യോഗ്യതയുമില്ലാത്ത ഒരാളെ ഗുണഹീനനെന്നുവിളിക്കാം. അതിപ്രാചീനനായ ആത്മീയമ്പേഷകൻ ഇതേസമയത്ത് ഇപ്രകാരം പറയുന്നു.

തവ തത്ത്വം ന ജാനാമി കീദ്രിശോസി മഹേശ്വര
യദൃശോസി മഹാദേവ താദൃഷായ നമോ നമ:

നിങ്ങളെന്താണെന്നെനിക്കറിയില്ല. അല്ലയോ പ്രഭൂ അങ്ങേയ്ക്ക് ഏതെങ്കിലും ഒരു രൂപമുണ്ടായിരിക്കും. അത്ഭുതം തന്നെ അതെനിക്കറിയില്ല. എങ്കിലും ആരായിരുന്നാലും, എന്തു രൂപം കൈകൊണ്ടാലും ഞാനിതാ അങ്ങയെ നമിക്കുന്നു.

എന്തുകൊണ്ടാണദ്ദേഹത്തെ മഹേശ എന്നു വിളിക്കുന്നത്? മറ്റുള്ളവരെ നിയന്ത്രിക്കുന്നവർ എല്ലായിടത്തും ധാരാളം ഉണ്ടാവും. മേധാവികളും ഉണ്ടാവും. റോഡു നിയന്ത്രിക്കുന്നവൻ, ചാണകത്തിന്റെ അധിപൻ തുടങ്ങി നിരവധി മേധാവികൾ. ഈ മേധാവികളെയൊക്കെ നിയന്ത്രിക്കുന്ന ആളാണ് മഹേശൻ പരമമായ മേധാവി.

ഞാൻ വിവരിക്കുന്നത് അദ്ദേഹം ഗുണപീനൻ എന്നാണ്. എല്ലാ ഗുണങ്ങളുടെയും പുറത്തുനിൽക്കുന്നവൻ. അദ്ദേഹത്തിന്റെ ഗുണഗണങ്ങളെണ്ണാൻ ശ്രമിക്കുന്നതു തന്നെ വിഡ്ഢിത്തമാണ്. ഒരു ദിവസം കുറേ ആളുകൾ പദ്മദന്തൻ എന്ന കവിയെ കാണാൻ

പോയി. അയാളോടിങ്ങനെ ചോദിച്ചു. ഒരു ഉന്നതനായ കവി എന്ന നിലയിൽ അങ്ങേയ്ക്ക് സദാശിവനെകുറിച്ചെന്തെങ്കിലും എഴുതാൻ കഴിഞ്ഞിട്ടുണ്ടോ? അദ്ദേഹത്തിന്റെ എണ്ണിയാലൊടുങ്ങാത്ത ഗുണഗണങ്ങൾ വിവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ? ദേവന്മാരേയും ദേവിമാരേയും പ്രശംസിക്കുന്ന രീതിയിലുള്ള സ്തുതി ഗീതങ്ങൾ സർവ്വ സാധാരണമാണ്. ചില ദേവൻമാരും ദേവികളും ശംഖ് പിടിക്കുന്നു. മറ്റു ചിലർ ഗദ ധരിക്കുന്നു. ചിലർ കാതിൽ ആഭരണങ്ങളണിയുന്നു. ചിലർ മന്ദഹസിക്കുന്നുവെങ്കിൽ മറ്റുചിലവർ കോപിഷ്ടരാണ്. ഇതൊക്കെയാണ് അവരെ കുറിച്ച് എഴുതാനുള്ള കാര്യങ്ങൾ. പദ്മദന്തൻ അവരുടെ നിർദ്ദേശം അംഗീകരിക്കുകയും അപ്പോൾ തന്നെ താഴെ കൊടുത്ത വരികൾ ക്രമപെടുത്തുകയും ചെയ്തു.

അസിതഗിരിസമം സ്യാത് കജ്ജലം സിന്ധുപാത്രേ
സുരതരുവരശാഖാ ലേഖനീ പത്രമുർവ്വി
ലിഖതി യദി ഗൃഹീത്വാ ശാരദാ സർവ്വകാലമ്
തഥാപി തവ ഗുണാനാമീഷ പാരം ന യാതി

മഷിഗുളിക (വെള്ളത്തിലിട്ടാൽ കറുപ്പ് മഷികിട്ടുന്ന ഗുളിക) ഹിമാലയപർവതത്തേക്കാൾ വലിയതായിരുന്നുവെങ്കിൽ, മഷികുപ്പി സമുദ്രത്തേക്കാൾ (അത്ലാന്റിക്, പസഫിക്) വിശാലമായിരുന്നുവെങ്കിൽ ദിവ്യവൃക്ഷമായ പാരിചാതത്തിന്റെ (ഇന്ത്യൻ പുരാണങ്ങളാകുന്ന ദിവ്യമായ തോട്ടത്തിലെ ഏറ്റവും വലിയ വൃക്ഷം) ഒരു ശാഖ പേനയായി ഉപയോഗിച്ചാൽ ഭൂമിയുടെ ഖരരൂപത്തിലുള്ള മുകൾഭാഗം ഒരു കടലാ

സായി ഉപയോഗിച്ചാൽ, വിദ്യാ ദേവതയായ ശാരദാ ദേവി എല്ലാ നൂറ്റാണ്ടിലും എഴുതാതിരുന്നാൽ പ്രഭോ അങ്ങയുടെ ഗുണ ഗണങ്ങൾ വർണ്ണിക്കാനാവുകയില്ല.

അതിനാൽ വിദ്യാ ദേവതയായ ശാരദാ ദേവിക്കു പോലും അദ്ദേഹത്തിന്റെ ഗുണഗണങ്ങൾ വർണ്ണിക്കാനാവില്ല. എങ്ങനെയായാലും അവർ അതിന പരിശ്രമിക്കുമെന്ന് തോന്നുന്നില്ല.

സദാശിവൻ വർണ്ണനാതീതനും അതിവിശാലനുമാണ്. നിങ്ങൾ അടുത്തു ചെല്ലുമ്പോൾ ഒരുതരം അപകർഷതാബോധം അനുഭവപ്പെടും. അദ്ദേഹമായി താരതമ്യം ചെയ്യുമ്പോൾ നിങ്ങൾ വെറുമൊരു ക്ഷുദ്രജീവിയായി തോന്നും. സമുന്നതരായ വ്യക്തികൾക്കുമുമ്പിൽ നിൽക്കുന്ന സാധാരണ മനുഷ്യന അപകർഷതാബോധം തീർച്ചയായും ഉണ്ടാവും. പാവങ്ങൾ പണക്കാരുടെ മുൻപിലും നിരക്ഷരൻ പണ്ഡിതന്റെ മുമ്പിലും നിക്കുമ്പോൾ സ്വയം താരതമ്യം ചെയ്താൽ വളരെ സാധാരണക്കാരായി അനുഭവപ്പെടും. വേദഗ്രന്ഥങ്ങൾപ്രകാരം പരമപുരുഷന്റെ അതിവിശാലതയ്ക്കു മുമ്പിൽ വെറും അപ്രധാനനായി തോന്നുന്നതിനെ മഹിമ്നാ ബോധം എന്നുപറയുന്നു. ഒരാൾ അദ്ദേഹത്തെ സമീപിക്കുന്നതിൽ വിശ്വാസയോഗ്യനല്ലാതാവുന്നു. എങ്ങനെ സംസാരിക്കണമെന്ന് ഉറപ്പില്ലാതെ വരുന്നു. ഇത് സ്വതവേ ഉണ്ടാവുന്ന അനുഭവമാണ്. എന്നാൽ ആത്മീയാന്വേഷകൻ ഒരു കാരണവശാലും അപകർഷതാ ബോധം മനസ്സിൽ വളരാൻ അനുവദിച്ചുകൂടാ.

ശിവനിപ്രകാരം ഗണാഭരണൻ എന്നു വിശേഷിക്കപ്പെടുന്നു. (അനുയായികൾ ആഭരണമായിട്ടുള്ളവൻ.) പുരാണങ്ങൾ (പൗരാണിക പ്രബന്ധങ്ങൾ) ദൈവങ്ങളെ പലതരം ആഭരണങ്ങൾ അണിയിച്ച് വിവരിക്കുന്നു. പലതരം ദൈവങ്ങൾക്ക് വ്യത്യസ്ത ആഭരണങ്ങളാണ്. സദാ ശിവനും ചില ആഭരണങ്ങളണിയുന്നു. അയാളുടെ ഭക്തന്മാരാകുന്ന ആഭരണമാണത്. അതിനാൽ സാധാരണ ജനങ്ങൾക്ക് യാതൊരു വിധ അപകർഷതാ ബോധവും അദ്ദേഹത്തിന്റെ മുമ്പിൽ നിൽക്കുമ്പോൾ ഉണ്ടാവേണ്ട കാര്യമില്ല. കാരണം അവർ സാധാരണക്കാരോ നിസ്സാരന്മാരോ ആണെങ്കിൽ പ്രഭുവായ ശിവന വിലപ്പെട്ട ആഭരണങ്ങളാണ്. അതുകൊണ്ടുതന്നെ മനസ്സിൽ അപകർഷതാബോധം വേരൂന്നുന്നതിന അടിസ്ഥാനമില്ല. ഗണാഭരണം എന്നാൽ എന്താണർത്ഥം എന്നറിയാമോ? മനുഷ്യൻ കടുവകളെ ഭയപ്പെടുന്നു. എന്നാൽ കടുവക്കുഞ്ഞുങ്ങൾ അതിന്റെ രക്ഷിതാവിനെ ഭയപ്പെടുമോ? ഒരിക്കലുമില്ല. കാരണം അവർക്കറിയാം അവരുടെ രക്ഷിതാക്കൾ സ്വന്തമാണെന്നും കുടുംബത്തിലെ അംഗങ്ങളാണെന്നും. ഒരു പണ്ഡിതന നിരക്ഷരനായ മകൻ ഉണ്ടെന്നു കരുതുക. മകൻ രക്ഷിതാവിനോട് സംസാരിക്കാൻ തുനിയുമോ? തീർച്ചായും ശ്രമിക്കും. അവൻ അവരോട് സ്വതന്ത്രമായി സംസാരിക്കാൻ ശ്രമിക്കും. എന്നാൽ പുറത്തുള്ള നിരക്ഷരൻ അതിന ശ്രമിക്കില്ല.

അതിനാൽ പരമപുരുഷനെ, സദാശിവനെ, എല്ലാ ജീവജാലങ്ങളുടെയും പിതാവിനെ ആരെങ്കിലും ഭയപ്പെടുമോ ? നമ്മൾ എല്ലാ ഭയത്തിൽ നിന്നും മുക്തരാ

വണം. കാരണം അദ്ദേഹം ഓരോരുത്തർക്കും എല്ലാവർക്കും സ്വന്തമാണ്.

ബോംബെ 19, ഫിബ്രവരി 1979

ഉള്ളടക്കം

# 14. ഒരാൾ ധർമ്മ സാധന എത്രയും നേരത്തെ ചെയ്യുന്നുവോ അത്രയും നല്ലത്.

സുഖം വാഞ്ഛതി സർവ്വോഹി തച്ച ധർമ്മ സമുദ്ഭൂതഃ
തസ്മാദ് ധർമ്മഃ സദാകാര്യഃ സർവ്വവർണൈ പ്രയത്നതഃ

സന്തോഷം കണ്ടെത്തുക എന്നത് സൃഷ്ടികളുടെയെല്ലാം ജന്മവാസനയാണ്. എല്ലാ ജീവജാലങ്ങളും സന്തോഷം കണ്ടെത്താനും ദു:ഖം അകറ്റാനും ശ്രമിക്കുന്നു. ലോകത്തിലുള്ള എല്ലാ ജീവജാലങ്ങളും ശാന്തതയും സന്തോഷവും ലഭിക്കാനുള്ള നിരന്തരമായ ഉദ്യമത്തിൽ മുഴുകിയിരിക്കുകയാണ്.

മനുഷ്യർ മറ്റെല്ലാ ജീവികളിലും വെച്ച് വളരെ പുരോഗമിച്ചവരും ബുദ്ധിമാന്മാരുമാണ്. അവരെ മൃഗങ്ങളെപോലെ തീർച്ചയായും തരം തിരിക്കാനാവില്ല. മനുഷ്യരും മൃഗങ്ങളും തമ്മിലുള്ള അടിസ്ഥാന വ്യത്യാസങ്ങൾ എന്തെല്ലാമാണ്? ഒരു മൃഗത്തിന്റെ സന്തോഷമെന്നു പറയുന്നത് ശാരീരികമായ ശക്തിയിൽ അധിഷ്ഠിതമായിരിക്കുന്നു. ആവശ്യമായ ഭക്ഷണവും ഉറങ്ങാൻ പറ്റിയ ഒരു സ്ഥലവും ലഭിച്ചാൽ അവർ സന്തുഷ്ടരായി. വളരെകുറച്ചു മൃഗങ്ങൾ മാത്രമേ മാനസിക സമാധാനം അന്വേഷിക്കുന്നുള്ളൂ. ബുദ്ധിമാന്മാരാണെങ്കിലും മനുഷ്യർക്കിത് ബാധകമല്ല. ലോക സുഖങ്ങൾ ക്ഷണികമാണെന്നും അതൊരിക്കലും മാനസിക സുഖം നൽകുന്നില്ലെന്നും അവർക്കറിയാം. അതിപ്രാചീനകാലം മുതൽ അതായത് മനുഷ്യന്റെ ആവിർഭാവം മുതൽക്കു തന്നെ അവരെല്ലാം ആന്തരികമായ സന്തോഷം അന്വേഷിക്കുകയായിരുന്നു. ഈ അന്വേഷണം അവരെ പഠിപ്പിച്ചത് പ്രാപഞ്ചികമായ സുഖങ്ങളൊന്നും തന്നെ - നല്ല ഭക്ഷണം, ആശ്വാസപ്രദമായ പാർപ്പിടം - ശാശ്വതമല്ല എന്നാണ്. രസഗുള ഇഷ്ടപ്പെടുന്ന ഒരാൾക്ക് അതാദ്യം വായിലിടുമ്പോൾ സന്തോഷം തോന്നുകയും വിഴുങ്ങികഴിഞ്ഞാൽ അത് നഷ്ടപ്പെടുകയും ചെയ്യുന്നു. രസഗുളയുടെ മധുരം താൽക്കാലികമാണ്. അതിന്റെ രുചി നാവിൽ അധിക നേരം നിലനിൽക്കുകയില്ല.

സ്ഥിരമായ സന്തോഷത്തിന്റെ ഉറവിടം എന്താണ്? ഏതുവസ്തുവാണോ അനന്തമായതും, പരിധിയില്ലാത്തതും, സ്ഥിരവുമായ സന്തോഷം മനുഷ്യരാശിക്ക്

നൽകുന്നത് അതാണ് സ്ഥിരമായ സന്തോഷം. ക്ഷണികമായ ഒന്നിനും അനന്തമായ സന്തോഷം നൽകാനാവില്ല. ഇന്നത് നിലനിൽക്കും നാളെ അപ്രത്യക്ഷമാകും. യ: ആഗച്ഛതി സ: ഗച്ഛതി  എന്തെല്ലാം വന്നു ചേരുന്നുവോ അതെല്ലാം പോവും. എല്ലാ ക്ഷണിക വസ്തുക്കളും വരുന്നു, പോകുന്നു. അനന്തമായ സത്തയെ നിങ്ങൾ കണ്ടെത്തുമ്പോൾ, ക്ഷണിക ജീവിയാണെങ്കിലും ആന്തരികമായ സന്തോഷം തുടർന്നനുഭവിക്കുന്നു. അറിവ് അന്വേഷിക്കുന്നവർക്ക് ലൗകികമായ എത്ര അറിവ് സ്വായത്തമാക്കാൻ കഴിയും? ലൗകികമായ അറിവ് പുസ്തകങ്ങളിൽ ഒതുങ്ങിയിരിക്കുന്നു. ലോകത്തിൽ ആയിരം കോടി പുസ്തകങ്ങളുണ്ടെന്ന് കരുതുക. അറിവിന്റെ ഉള്ളടക്കം വളരെ പരിമിതമാണ്. രണ്ടായിരം കോടി പുസ്തകങ്ങളുണ്ടെന്നു കരുതുക. അപ്പോഴും അറിവ് പരിമിതമാണ്. എന്നാൽ ആന്തരിക ജ്ഞാനം (ബ്രഹ്മവിദ്യ അഥവാ ബ്രഹ്മജ്ഞാനം) അപരിമിതമാണ്. വേദ പുസ്തങ്ങളിൽ ബ്രഹ്മവിദ്യ എന്നത് വിജ്ഞാനമാണ് ആത്മീയ ശാസ്ത്രം). മറ്റുശാസ്ത്ര ശാഖകളിൽ നിന്നൊക്കെ ജനങ്ങൾക്കു ലഭിക്കുന്ന ലൗകിക ജ്ഞാനത്തെ സംസ്കൃതത്തിൽ അവിദ്യ എന്നുപറയുന്നു. ആ അനന്തമായ സത്തയെ ലഭിക്കുന്നതുവരെ ആർക്കും സ്ഥിരമായ സന്തോഷം നേടാനാവില്ല.

സുഖം വാഞ്ഛതി സർവ്വഹി തച്ച്ധർമ്മ: സമുദ്ഭുതം  മനുഷ്യർ അവരുടെ സുഖാന്വേഷണത്തിൽ ധാർമ്മികബോധം ക്രമപ്പെടത്തിയെടുക്കുന്നു. അവരുടെ പരിമിതമായ ബുദ്ധിശക്തിയാൽ ക്ഷണികമായ

സുഖ വസ്തുക്കളുടെ പുറകെയുള്ള ഓട്ടം വിഡ്ഢി ത്തമാണെന്ന് മനസ്സിലാക്കുന്നു. അറിവുള്ളവർ ഒരി ക്കലും ഇങ്ങനെ ചെയ്യില്ല. അവർ അനന്തമായ സത്ത അന്വേഷിച്ച് ധർമ്മ സാധനാപാത സ്വീകരിച്ച് മുന്നേറു ന്നു. ധർമ്മസാധന അഥവാ ആത്മീയോപാസനാ രീതി ചെറുപ്പക്കാർക്കും പ്രായം ചെന്നവർക്കും ആജ്ഞാനു സാരിയായ ഒന്നാണ് ഇന്ന് ചെറുപ്പക്കാരായിട്ടുള്ള ചിലർ ഒരിക്കലും പ്രായം ചെന്ന അവസ്ഥയിലെത്തില്ല. കാരണം ഇരുപത്തഞ്ച് വയസ്സാകുമ്പോഴേക്കും അവർ മരിക്കുന്നു. അത്തരക്കാർ ധർമ്മസാധന പ്രായമാകു മ്പോൾ മതി എന്നുകരുതി നീട്ടിവെച്ചാൽ ഈ ജീവി ത്തിൽ അതു ചെയ്യാൻ സാധിക്കാതെ പോകും. ധർമ്മ സാധന വയസ്സിനെ ആശ്രയിച്ചിരിക്കുന്നില്ല. അതിനാൽ അഞ്ചോ ആറോ വയസ്സിൽ തന്നെ ധർമ്മ സാധന പരി ശീലിക്കാൻ തുടങ്ങണമെന്നാണ് ഞാൻ ഉപദേശിക്കു ന്നത്. ദീർഘകാലം ജീവിക്കുന്ന ഒരു വ്യക്തിക്ക് ഇപ്ര കാരം വളരെക്കാലം ആത്മീയ പരിശീലനം നേടാ നുള്ള അവസരം ലഭിക്കുന്നു. നിർഭാഗ്യവശാൽ ഒരാൾ അകാല ചരമമടഞ്ഞാൽ വിഷമിക്കേണ്ടതില്ല. കാരണം അയാൾ വളരെ നേരത്തെ തന്നെ ആത്മീയപരിശീ ലനം നേടുകയും അത് ജീവിതകാലം മുഴുവൻ തുടരു കയും ചെയ്തിട്ടുണ്ട്.

തസ്മാദ് ധർമ്മ: സദാകാര്യ: ധാർമ്മിക പരിശീ ലനം എല്ലാ മനുഷ്യർക്കും കൽപ്പിച്ചിരിക്കുന്ന ഒന്നാ ണ്. ചെറുപ്പമായാലും വയസ്സായാലും പണക്കാരാ യാലും പാവപ്പെട്ടവനായാലും ആണായാലും പെണ്ണാ യാലും അനുഷ്ഠിച്ചിരിക്കണം.

നാരായണന്റെ ഉയർന്ന ഭക്തനായ ധ്രുവനെക്കുറിച്ച് നിങ്ങൾക്കേവർക്കും അറിയാം. അദ്ദേഹം അഞ്ചാം വയസ്സിൽ തന്നെ തീവ്രമായ ധ്യാനത്തിൽ മുഴുകി. ചെറിയ ഒരു കുട്ടി ഇപ്രകാരം ധ്യാനത്തിൽ മുഴുകുന്നതുകണ്ടപ്പോൾ പ്രായമുള്ള ഭക്തന്മാർ ഭയപ്പെട്ടു. ചിന്തകൊണ്ട് അവർക്ക് ഹൃദയമിടിപ്പ് കൂടി. കാരണം ഇത്രനേരത്തെ തന്നെ അവൻ ധ്യാനം അഭ്യസിക്കുമ്പോൾ ആത്മീയമായി മുഴുകുന്നതുകണ്ടപ്പോൾ തങ്ങളെ കവച്ചുവെക്കുമെന്നും വളർന്നുവരുമ്പോൾ അവരെക്കാൾ പുരോഗതി നേടുമെന്നും അവർ ചിന്തിച്ചു. അതുകൊണ്ട് നാരായണൻ നാരദനോടുപറഞ്ഞു: എത്രമാത്രം തീക്ഷ്ണമായ തപസ്സാണ് ആ ഭക്തൻ അനുഭവിക്കുന്നതെന്ന് പരിക്ഷിച്ചുവരാൻ. നാരദൻ ധ്രുവൻ തപസ്സിരിക്കുന്നിടത്ത് ചെന്നു പറഞ്ഞു: നീയെന്താണിത്ര ചെറുപ്പത്തിൽതന്നെ ഇത്ര കഠിനമായ ധ്യാനത്തിൽ ലയിച്ചിരിക്കുന്നത്? വയസ്സാകുന്നതുവരെ കാത്തിരുന്നുകൂടെ ?

ധ്രുവൻ മറുപടി പറഞ്ഞു: ആദ്യമായി പറയട്ടെ. ചിലകുട്ടികൾ വളരെ ചെറുപ്പത്തിൽതന്നെ മരണപ്പെടുന്നു. അതിനാൽ വളരുന്നതുവരെ കാത്തിരിക്കുന്നത് വിഡ്ഢിത്തമല്ലേ? രണ്ടാമതായി വളരെ അപൂർവ്വമായേ മനുഷ്യശരീരം ലഭിക്കുന്നുള്ളൂ. പുഴുക്കൾ, പ്രാണികൾ, ഈച്ചകൾ, പക്ഷികൾ, മൃഗങ്ങൾ തുടങ്ങിയവയെല്ലാം പരമപുരുഷന്റെ സൃഷ്ടികളാണ്. അവരുടെ പ്രശ്നം കൊച്ചു ബുദ്ധികൊണ്ട് ആത്മീയ പരിശീലനത്തിൻന്റെ ആവശ്യകത കണ്ടെത്താനാവില്ല എന്നതാണ്. എന്നാൽ എനിക്കൊരു മനുഷ്യശരീരം ലഭിച്ചുകഴിഞ്ഞു. ധർമ്മാനുഷ്ഠാനത്തിനുള്ള അതിയായ ആഗ്രഹ

വുമുണ്ട്. പിന്നെ ഞാനെന്തിനു സമയം പാഴാക്കുന്നു? അങ്ങയുടെ വാക്കുകൾ തെറ്റാണ്. നാരദാ ഒരു മുതിർന്ന വ്യക്തി എന്നനിലയിൽ താങ്കളെന്താണെന്നെ തെറ്റായി നയിക്കുന്നത്? അതൊരിക്കലും ചെയ്യരുത്.

മനുഷ്യശരീരം എന്നത് അപൂർവ്വങ്ങളിൽ അപൂർവ്വ മാണ്. അതുകൊണ്ടുതന്നെ അത് ലഭിക്കാൻ വളരെ പ്രയാസമാണ്. ദശലക്ഷക്കണക്കിന് വർഷങ്ങളിലെ പരസ്പരാശ്രയത്തിലൂടെയും സംഘട്ടനങ്ങളിലൂടെയു മാണ് ഒരാൾക്ക് മനുഷ്യശരീരം ലഭിക്കുന്നത്. മനുഷ്യ ജീവിതം അപൂർവ്വമാണ്. അവർ ഒരിക്കലും വയസ്സാവു ന്നതുവരെ സമയം പാഴാക്കേണ്ടതില്ല. അതൊരിക്കലും ശരിയായാ അറിവല്ല. അതുകൊണ്ടാണിപ്രകാരം പറ ഞ്ഞത്: ദുർലഭം മാനുഷം ജന്മതദാപ്യധ്രുവ മൂർത്തദം

സുഖം വാഞ്ചതി സർവഹി തച്ഛ ധർമ്മ സമു ദ്ഭൂതഃ

തസ്മാദ് ധർമ്മഃ സദാകാര്യഃ സർവ വർണൈ പ്രയത്നതഃ:

ആരാണോ ബുദ്ധിമാന്മാർ ആരാണോ വകതിരിവു ള്ളവർ അവർ ഈ നിമിഷം തന്നെ ആത്മീയസാധന തുടങ്ങണം എന്ന് അറിഞ്ഞിരിക്കേണ്ടതാണ്. അധികം പഠിക്കാത്തവരാണെങ്കിലും ബുദ്ധിമാന്മാരല്ലെങ്കിലും നായകത്വപദവിയുള്ളവർ അഥവാ ക്ഷത്രിയന്മാർക്ക് (ചുവന്ന വർണ്ണത്തെപ്രതിനിധീകരിക്കുന്നത്) ചെറുപ്പ ത്തിൽ തന്നെ ധർമ്മ സാധനയുടെ അത്യാവശ്യകത ബോധ്യപ്പെടുന്നു. കാരണം മനുഷ്യന്റെ ഭൗതികശക്തി കുതിച്ചുയരുന്നു. പിന്നീടത് മങ്ങുന്നു. കച്ചവടമന

സ്സുള്ളവരും (വൈശ്യന്മാർ) ജീവിതത്തിൽ ആത്മീയാന്വേഷണം നേരത്തെ തുടങ്ങണമെന്ന് മനസ്സിലാക്കുന്നു. കാരണം അവരിന്നുനേടിയ സമ്പത്തൊന്നും മരണശേഷം അവരുടേതല്ലെന്ന് തിരിച്ചറിയുന്നു. കൂടെകൊണ്ടുപോകാവുന്നത് സ്വന്തം ധർമ്മം മാത്രമാണ്.

ഏകമേവസുഹൃദ് ധർമ്മഃ മനുഷ്യന വിശ്വസ്തനായ ഒരു സുഹൃത്തുണ്ട്. അതാണ് ധർമ്മം. ധർമ്മം മരണശേഷവും വിശ്വസ്തനായിത്തന്നെകൂടെനിൽക്കുന്നു. ഇതുറപ്പിക്കാൻ നമ്മളെന്താണ് ചെയ്യുക? പ്രാപഞ്ചികമായ ജോലികൾ ചെയ്യുന്നതോടൊപ്പം ആത്മീയ പരിശീലനംകൂടി നിർവ്വഹിച്ചിരിക്കണം. താഴെക്കിടയിലുള്ള വ്യക്തികൾ അതായത് കഠിനാധ്വാനം കൊണ്ട് ഉപജീവനം കഴിക്കുന്ന തൊഴിലാളികൾ തീർച്ചയായും ഓർക്കണം പരമപുരുഷന്റെ അനുഗ്രഹത്താൽ ഒരു മനുഷ്യശരീരം അവർക്കും ലഭിച്ചിട്ടുണ്ട് എന്ന്. ഈ ശരീരം നഷ്ടപ്പെടുമ്പോൾ വീണ്ടും അത് തിരിച്ചുകിട്ടുമെന്ന് ഉറപ്പില്ല. അവൻ ആടുകളായോ, കാളകളായോ, നായകളായോ, പശുക്കളായോ ജന്മമെടുത്തുവെന്നുവരാം. അതുകൊണ്ട് ഒട്ടും വൈകാതെ ആത്മീയ സാധന അനുഷ്ഠിക്കണമെന്നു തന്നെയാണ് അവർക്കുള്ള കൽപ്പന.

ഇവിടെ ഇപ്രകാരം പറയുന്നു തസ്മാദ്ധർമ്മഃ സദാ കാര്യ: സർവ്വ വർണൈഃപ്രയത്നത: വിവിധ തരത്തിൽ തൊഴിലിൽ ഏർപ്പെടുന്ന എല്ലാ മനുഷ്യർക്കും ആത്മീയപരിശീലനം വളരെ അത്യാവശ്യമാണ്. അതെല്ലാവർക്കുമുള്ള ഒരു കൽപ്പന തന്നെയാണ്.

ഭോപ്പാൽ 12 ഫെബ്രുവരി 1979

# 15. മനുഷ്യധർമ്മത്തിന്റെ മഹിമ

യാഭഗവതാ ഗീതാ സാഗീത. ഗീത എന്ന വാക്കിനർത്ഥം ഭഗവാൻ പാടിയ ഗാനം എന്നാണ്. ഗീതയിലിങ്ങനെ പറയുന്നു.

" ശ്രേയാൻ സ്വധർമ്മോ വിഗുണഃ
പരധർമ്മാത് സ്വനുഷ്ഠിതാത്
സ്വധർമ്മേ നിധനം ശ്രേയഃ
പരധർമ്മോ ഭയാവഹഃ "

സാധാരണയായി സ്വീകാര്യമായ ഈ ശ്ലോകത്തിനർത്ഥം ഇങ്ങനെയാണ്. നല്ലവണ്ണം അനുഷ്ഠിക്കപ്പെടുന്ന അന്യരുടെ ധർമ്മത്തേക്കാൾ സ്വന്തം ധർമ്മം അൽപം ഹീനമായിരുന്നാൽ പോലും ശ്രേഷ്ഠമാകുന്നു. ഒരാൾ ഒരിക്കലും അയാളുടെ ധർമ്മം ഉപേക്ഷിക്കരുത്. ഒരാൾ അയാളുടെ ധർമ്മം രക്ഷിക്കാൻ വേണ്ടി മരിക്കാൻ പോലും തയ്യാറാവണം. അല്ലാതെ മറ്റുള്ളവ

രുടെ ധർമ്മം സ്വീകരിക്കുകയല്ല. മറ്റുള്ളവരുടെ ധർമ്മം സ്വീകരിക്കുന്നത് അപകടകരമാണ്.

എന്നാൽ ഈ ശ്ലോകത്തിന്റെ ശരിയായ അർത്ഥം എന്താണ്? മനുഷ്യരുടെ ശരിയായ ധർമ്മം എന്താണ്? ഈ ലോകത്ത് ഓരോ സത്തകൾക്കും ആശയങ്ങൾക്കും തിരിച്ചറിയത്തക്ക പ്രത്യേകമായ സ്വഭാവങ്ങളുണ്ട്. ജലത്തിന്റെ സ്വഭാവം വസ്തുക്കളെ നനക്കുക എന്നതാണ്. എത്രകാലം ഈ സ്വഭാവം നില നിൽക്കുന്നുവോ അത്രയുംകാലം അതിനെ ജലം എന്നുവിളിക്കും. അതുപോലെ എരിയിക്കുന്ന സ്വഭാവം നില നിൽക്കുന്നിടത്തോളം അതിനെ അഗ്നി എന്നുവിളിക്കുന്നു. അതിന്റെ സ്വഭാവം എന്നാണോ നശിക്കുന്നത് അന്നുമുതൽ അതിനെ അഗ്നി എന്നുവിളിക്കില്ല. അതുപോലെ മനുഷ്യർക്കും അവരുടേതായ പ്രത്യേക ധർമ്മങ്ങളുണ്ട്. ആ ധർമ്മങ്ങൾക്കനുസരിച്ചാണ് അവനെ മനുഷ്യൻ എന്നുവിളിക്കുന്നത്. അതിന് ശരീരം മാത്രം ഉണ്ടായാൽ പോര. ആചരണാത് ധർമ്മ എന്നുപറയുന്നു. ധർമ്മം ഒരാളുടെ സ്വഭാവത്തിലൂടെ വെളിപ്പെടുന്നു. ശ്രേഷ്ഠമായ സ്വഭാവമില്ലാത്ത ഒരു പണ്ഡിറ്റിനെ ഈശ്വരവിശ്വാസിയായി സ്വീകരിക്കാനാവില്ല.

സസ്യങ്ങൾക്കും മൃഗങ്ങൾക്കും മനുഷ്യർക്കും പൊതുവായ ചില സ്വഭാവങ്ങളുണ്ട്. ചിലത് മൃഗങ്ങൾക്കും മനുഷ്യർക്കും പൊതുവായുള്ളതാണ്. ചിലതാകട്ടെ മൃഗങ്ങൾക്കും സസ്യങ്ങൾക്കും പൊതുവായുള്ളതാണ്. ചിലർ മനുഷ്യരെവിവേകമുള്ള മൃഗങ്ങൾ എന്നു വിശേഷിപ്പിക്കുന്നു. ഈ നിർവ്വചനം ഞാൻ

സ്വീകരിക്കുന്നില്ല. എന്റെ അഭിപ്രായത്തിൽ മനുഷ്യജീവിതം ആശയപരമായ ഒരു ഒഴുക്കാണ്. മനുഷ്യ ജീവികൾ ആ ഒഴുക്കിനോടൊപ്പം സ്വയം തിരിച്ചറിയണം. ഒരു മനുഷ്യനെ വിവേകമുള്ള മൃഗം എന്നു വിളിക്കുന്നുവെങ്കിൽ ഒരു മൃഗത്തെ എന്തുകൊണ്ട് ചലിക്കുന്ന സസ്യമായി പരിഗണിച്ചുകൂടാ?. ഇല്ല. നമുക്കൊരിക്കലും മൃഗങ്ങളെ ചലിക്കുന്ന സസ്യങ്ങൾ എന്നു വിളിക്കാനാവില്ല. മൃഗങ്ങൾക്ക് പ്രത്യേകമായ ചില സ്വഭാവ വിശേഷങ്ങളുണ്ട്. മനുഷ്യർക്കും ഇതുപോലെ തന്നെ സ്വന്തമായ ധർമ്മമുണ്ട്. അതിനെ പൊതുവായി മാനവധർമ്മം അഥവാ ഭാഗവതധർമ്മം എന്നുപറയുന്നു. വിസ്താര (വികസനം) രസ (ഒഴുക്ക്) സേവ (സേവനം) തുടങ്ങിയ പൊതു സ്വഭാവങ്ങളുള്ള ഒന്നാണ് മാനവധർമ്മം. ഇതുകൊണ്ടെല്ലാമാണതിനെ തിരിച്ചറിയുന്നതും. ആരാണോ മാനവധർമ്മം അനുസരിക്കാത്തത് അവരെ മനുഷ്യരെന്നു വിളിക്കാനാവില്ല. രൂപം കൊണ്ടുമാത്രമാണവർ മനുഷ്യരാകുന്നത്.

മാനവധർമ്മത്തിന്റെ ആദ്യത്തെ സ്വഭാവം വിസ്താര അഥവാ വികസനമാണ്. എല്ലാ മനുഷ്യരും വികസനം ആഗ്രഹിക്കുന്നു. ശാരീരികമായും മാനസികമായുമുള്ള സമഗ്രവികസനം. ശാരീരിക വ്യായാമങ്ങളിലൂടെ അവർ ശാരീരികവികസനം സാധ്യമാക്കുന്നു. മാനസികവ്യായാമത്തിലൂടെ മാനസിക പുരോഗതിയും ആത്മീയ വ്യായാമത്തിലൂടെ ആത്മീയപുരോഗതിയും ഉണ്ടാക്കുന്നു.

ശാരീരിക വികാസം ചിലതരം വ്യായാമങ്ങളിലൂടെ സാധ്യമാവുന്നു. തീക്ഷ്ണമായ പരിശീലനങ്ങളിലൂടെ

ശാരീരിക വികസനം ഒരളവോളം ഉണ്ടാക്കാൻ കഴിയുന്നു. ജനനം മുതൽ മുപ്പത്തി ഒൻപതു വയസ്സുവരെ പ്രകൃതിദത്തമായിത്തന്നെ ശരീരം വികസിക്കുന്നു. സംസ്കൃതത്തിലെ തനുഎന്ന വാക്കിന വികസിക്കുക എന്നാണർത്ഥം. അങ്ങനെയാണെങ്കിൽ തനു എന്ന പദത്തിന ജനനം മുതൽ മുപ്പത്തി ഒൻപതുവയസ്സുവരെയുള്ള ശരീരം എന്നും അർത്ഥമാകുന്നു. അതായത് വികസിക്കാനുള്ള പ്രവണതയുള്ളത് എന്നർത്ഥം.

മുപ്പത്തി ഒൻപതുവയസ്സിനു ശേഷം ശരീരത്തിന്റെ ഗതിമാറുന്നു. ഗതിമാറി സഞ്ചരിക്കാനുള്ള പ്രവണതക്ക് സംസ്കൃതത്തിൽ ശരീര എന്നുപറയുന്നു. അതിനാൽ രണ്ടാം ഘട്ടത്തിൽ തനു ശരീരമായി മാറുന്നു. വയസ്സായ ഒരാളുടെ ദേഹത്തെ ശരീരം എന്നും യുവാവിന്റെ ശരീരത്തെ തനു എന്നും പറയുന്നു. ശരീരത്തിന്റെ കോശങ്ങളും നാഢീ വ്യൂഹങ്ങളും പ്രകൃതിപരമായി ആരോഗ്യമുള്ളതാവുമ്പോൾ മനസ്സും ജാഗ്രഥയുള്ളതായി മാറുന്നു. ഒരു പതിനേഴുകാരന്റെ മനസ്സ് യുവാവിന്റെ മനസ്സിനേക്കാൾ ഉണർന്നിരിക്കുന്നു. ഇരുപത്തിനാലാമത്തെ അല്ലെങ്കിൽ ഇരുപത്തിയഞ്ചാമത്തെ വയസ്സിൽ മനസ്സ് വളരെ ജാഗ്രതയുള്ളതാവുന്നു. എന്നാൽ അമ്പതു വയസ്സിനു ശേഷം ശരീരവും മനസ്സും ക്ഷയിക്കുന്നു. ഓർമ്മശക്തി കുറയുകയും പലതും മറന്നുപോവുകയും ചെയ്യുന്നു. അതാണ് പ്രകൃതി നിയമം.

വ്യായാമത്തിലൂടെ നാശത്തിന്റെ ഈ അവസ്ഥയ്ക്ക് മാറ്റം വരുന്നു. ചിലപ്പോൾ ഒരു എൺപതുകാരന അമ്പതു വയസ്സുകാരനേക്കാൾ ഓർമ്മശക്തി നില

നിർത്താൻ കഴിഞ്ഞേക്കും. ശാരീരിക ലോകത്തേക്കാൾ മാനസികലോകത്ത് ഈ കഴിവിന നിരവധി ഉദാഹരണങ്ങൾ ലഭ്യമാണ്. പ്രകൃതിപരമായിതന്നെ ജനങ്ങൾ കേൾക്കുന്നു, പഠിക്കുന്നു, മറക്കുന്നു. തുടർച്ചയായ മാനസിക പരിശീലനത്തിലൂടെ നാഢീകോശങ്ങൾ പോഷിപ്പിക്കപ്പെടുമ്പോൾ ധ്രുവസ്മൃതി അഥവാ ഉറച്ച ഓർമ്മശക്തി വികസിക്കുന്നു. അതേ രൂപത്തിൽ തന്നെ ശക്തിയായ ആത്മീയ പരിശീലനത്തിലൂടെ ആത്മാവിനെ വികസിപ്പിക്കാനും കഴിയുന്നു.

തത്രനിരതിശയം സർവ്വജ്ഞബീജം . മനുഷ്യൻ ത്രികാലജ്ഞനായിമാറുന്നു. പരമപുരുഷനുമായി ഒന്നുചേരുന്നു. ഇതാണ് വിസ്താര. ഭാഗവതധർമ്മത്തിന്റെ ആദ്യസ്വഭാവമാണിത്. സാധനാ പരിശീലനം നടത്തുന്നവർക്ക് ഒന്നും അസാധ്യമല്ല. മനുഷ്യർ പരമപുരുഷന്റെ സന്തതി പരമ്പരകളാണ്. അദ്ദേഹത്തിന്റെ അനന്തമായ സ്വഭാവവിശേഷങ്ങളെല്ലാം ഓരോരുത്തരിലും മറഞ്ഞുനിൽക്കുന്നു. സാധന ചെയ്യുമ്പോൾ ഈ ഗുണഗണങ്ങളെ വികസിപ്പിക്കാൻ കഴിയും. ഒരു നേരിയ അരയാലിന്റെ വിത്ത് പിന്നീട് പടർന്നു പന്തലിച്ചു നിൽക്കുന്ന ആൽമരമായി മാറും. അതുപോലെ തന്നെ സാധനാ രീതികൾ പരിശീലിക്കുന്ന ആൾക്ക് അസാമാന്യവ്യക്തിത്വമായി മാറാൻ കഴിയും. ഇതാണ് വികസനത്തിന്റെ ആത്മാവ്.

രണ്ടാമത്തെ സ്വഭാവം രസ അഥവാ ഒഴുക്കാണ്. ഈ ലോകത്ത് തുടർച്ചയായ വേഗത്തിൽ പ്രാപഞ്ചികമായ ഒരുതരം പ്രവാഹമുണ്ട്. മനുഷ്യർ എപ്പോഴാണോ പരിമിതികളുള്ളവരും നിസ്സാരന്മാരുമായി സ്വയം

ചിന്തിക്കുന്നത്, നിസ്സാരമായ ആശയങ്ങളാൽ മനസ്സിൽ പ്രചോദനം ഉണ്ടാവുകയും ചെയ്യുന്നത് അപ്പോഴവൻ വേദനയുടെയും ആനന്ദത്തിന്റേയും ഇരയായി മാറുന്നു. എന്നാൽ ആന്തരികമായ ബോധാവസ്ഥയുടെ ഒഴുക്കിൽ സ്വയം ചേർന്ന് മാനസികമായ ചിന്താതരംഗങ്ങൾ സമാന്തര താളത്തിൽ ഒഴുകുമ്പോൾ പ്രാപഞ്ചിക തരംഗങ്ങളോടൊപ്പം (രസസമുദ്രം) അവസാനമുള്ള മനുഷ്യൻ അവസാനമില്ലാത്ത ഒഴുക്കിൽ ലയിക്കുന്നു.

ബോപ്പാൽ 21 ഫെബ്രവരി 1979

ഉള്ളടക്കം

# 16. മറ്റുള്ളവരുടെ പാപം അപഹരിക്കുന്നവനെ

ഹരി എന്നു പറയുന്നു.

എന്താണ് ദീക്ഷ എന്നതിനർത്ഥം. മദ്രാസിലെ ഡി.എം.സി. പ്രഭാഷണത്തിൽ സംസ്കൃതത്തിലെ ദീക്ഷ എന്ന പദവും ഇംഗ്ലീഷിലെ ശിശശേമശേീ എന്ന പദവും ഒരേ അർത്ഥത്തിലല്ല പ്രയോഗിക്കുന്ന തെന്ന് ഞാൻ പറഞ്ഞു. ദീക്ഷ എന്ന പദത്തിന സമാന്തരമായ ഇംഗ്ലീഷ് പദം ഭാഷയിലില്ലാത്തതിനാൽ

ശിശശേമശേീ എന്ന് സാധാരണയായി ഉപയോഗിക്കുന്നു. വേദശാസ്ത്രപരമായി ദീക്ഷ എന്ന പദം ദീ എന്നും ക്ഷ എന്നുമുള്ള അക്ഷരങ്ങൾ ചേർന്നുണ്ടായി. ദീപജ്ഞാനം (അറിവിന്റെ വെളിച്ചം) എന്ന വാക്കിന്റെ ആദ്യാക്ഷരമായ ദീയും, ക്ഷയം (സംസ്കാരത്തിന്റെ ശോഷണം) എന്നതിന്റെ ആദ്യാക്ഷരമായ ക്ഷയും ചേർന്നാണ് ദീക്ഷ എന്നപദം ഉണ്ടായത്.

"ദീപജ്ഞാനം യതോദദ്യാത്
കുർയാത് പാപക്ഷയം തതഃ
തസ്മാത് ദീക്ഷേതി സാ പ്രോക്താ
സർവതന്ത്രസ്യ സമ്മതാ "

അറിവിന്റെ വെളിച്ചം ആർജ്ജിക്കാനുള്ള മാർഗ്ഗവും കുന്നുകൂടി കിടക്കുന്ന സംസ്ക്കാരങ്ങളുടെ അപജയവുമാണ് ദീക്ഷ എന്നതുകൊണ്ടുദ്ദേശിക്കുന്നത്. ഇക്കാര്യത്തിൽ തന്ത്രവിദ്യാലയങ്ങൾക്കൊന്നും വ്യത്യസ്ത അഭിപ്രായമില്ല. ഇരുട്ടിൽ, മൂർച്ചയേറിയ കല്ലുകളും വലിയ പാറക്കഷ്ണങ്ങളും നിറഞ്ഞ പാതയിലൂടെ സഞ്ചരിക്കേണ്ടിവന്നുവെന്ന് കരുതുക. നിങ്ങൾ ഒരടി മുന്നോട്ടുവെക്കാൻ തുടങ്ങുമ്പോൾതന്നെ വീഴുകയും പരിക്ക് പറ്റുകയും ചെയ്യും. അപ്പോൾ നിങ്ങൾ ഒരു വിളക്കു കയ്യിൽ കരുതും. ഇതിനെയാണ് ദീപജ്ഞാനം എന്നുപറയുന്നത്. ഒരാൾക്ക് ദീക്ഷ നൽകുമ്പോൾ അയാൾ മന്ത്ര ചൈതന്യത്തിലൂടെ (മാനസിക സങ്കൽപ്പങ്ങളെക്കുറിച്ചുള്ള മന്ത്രങ്ങളുടെ അർത്ഥം) ആത്മീയ പാതയിൽ സഞ്ചരിച്ച് മന്ത്രജപത്തിൽ (മന്ത്രങ്ങളിലൂടെയുള്ള പ്രഹരം) എത്തുന്നു.

എല്ലാവ്യകതികളും ഒരുകൂട്ടം സംസ്കാരങ്ങൾ കൈവശമാക്കുന്നു. ദീക്ഷ നേടുമ്പോൾ, മന്ത്രജപം നടക്കുമ്പോൾ ഒരാൾക്ക് അയാളുടെ സംസ്ക്കാരങ്ങൾ ഓർമ്മവരുന്നു. അതായത് മന്ത്രജപം ഉറങ്ങിക്കിടക്കുന്ന ദിവ്യശക്തിയെ (കുലകുണ്ഡലിനി അഥവാ വളഞ്ഞുപുളഞ്ഞുള്ള സർപ്പം) ഉണർത്തുന്നു. ഇത് ഒരു വ്യക്തിയുടെ ആത്മീയ പുരോഗതിക്ക് കാരണമാവുന്നു. ദീക്ഷ സ്വീകരിക്കാതെ ഒരാൾക്കും ആത്മീയ പുരോഗതി സംജാതമാവില്ല. കാരണം അവിടെ ദീപജ്ഞാനം ഉണ്ടാവില്ല. ദീ എന്നത് ദീപജ്ഞാനത്തിന്റെ ആദ്യാക്ഷരമാണ്. പ എന്നാൽ പാപക്ഷയത്തിന്റെ ആദ്യാക്ഷരം. പാപ എന്നാൽ സംസ്ക്കാരം, ക്ഷയം എന്നാൽ നാശം.

എന്താണ് സംസ്ക്കാരങ്ങളുടെ നാശം എന്നതുകൊണ്ടർത്ഥമാക്കുന്നത്? പ്രകൃതി നിയമമനുസരിച്ച് ഒരു പ്രവൃത്തിക്ക് മൂന്ന് അടിസ്ഥാനകാര്യങ്ങളുണ്ട്. ഒന്ന് സമയം, രണ്ട് സ്ഥലം മൂന്ന് വ്യക്തി. ഈ മൂന്ന് അടിസ്ഥാനകാര്യങ്ങൾക്കനുസൃതമായി ഓരോ പ്രവർത്തനത്തിനും പ്രതിപ്രവർത്തനവും വിപരീതഫലവും ഉണ്ട്. അത് മാറ്റമില്ലാതെ തുടരുന്നു. എന്നിരുന്നാലും ഈ ആപേക്ഷിക ഘടകങ്ങളിൽ മിക്കവാറും ഒരു മാറ്റം ഉണ്ടാവാറുണ്ട്. അങ്ങനെയാണെങ്കിൽ ഒരു പ്രവർത്തനത്തിന എതിരായോ തുല്യമായോ ഉള്ള പ്രതിപ്രവർത്തനം ഉണ്ടാവില്ല. നിങ്ങൾ ഒരാളിൽ നിന്നും ആയിരം രൂപ കടം വാങ്ങിയെന്നു കരുതുക. നിങ്ങൾ അത് ഏതാനും മാസങ്ങൾക്കുശേഷമോ വർഷങ്ങൾക്കു ശേഷമോ തിരിച്ചു നൽകുമ്പോൾ അതിന

പലിശകൂടി നൽകേണ്ടിവരുന്നു. വളരെ വേഗം നിങ്ങൾ കടം വീട്ടിയാൽ അതായത് സമയം, സ്ഥലം, വ്യക്തി എന്നിവക്ക് മാററമില്ലാതിരുന്നാൽ അതേ തുക തിരിച്ചു നൽകിയാൽ മതിയാവും. ഒരു പ്രവർത്തനത്തിന ഫലം പെട്ടെന്നുണ്ടായാൽ അത് തുല്യമോ വിപരീതമോ ആകാം. എന്നാൽ സമയം, സ്ഥലം, വ്യക്തിഎന്നിവക്ക് മാറ്റം വരുമ്പോഴാണെങ്കിൽ പ്രതിപ്രവർത്തനത്തിന്റെ അളവ് വർദ്ധിക്കുന്നു. ചിലർക്ക് പെട്ടെന്ന് തന്നെ ഫലം കിട്ടും. ചിലർക്ക് രണ്ടുവർഷം ചിലർക്ക് നൂറ് വർഷം വേറെ ചിലർക്ക് ഇരുപതു ജന്മങ്ങൾ അങ്ങനെ പോകുന്നു. കാലം വൈകുന്നതിനനുസരിച്ച് പ്രതിപ്രവർത്തനത്തിന്റെ അളവ് വർദ്ധിക്കുന്നു. അതായത് ശരിയായ പ്രവത്തനത്തോടൊപ്പം പലിശകൂടി കൂടുന്നു. ഇത് പ്രകൃതി നിയമമാണ്.

നാഭുക്തം ക്ഷീയതേ കർമ കൽപ്പ കോടി ശതൈരപി
അവശ്യമേവ ഭോക്തവ്യം കൃതം കർമ ശുഭാശുഭമ്.
യാവന്ന ക്ഷീയതേ കർമ്മ ശുഭഞ്ചാശുഭമേവ ച
തവന്ന ജായതേ മോക്ഷ നൃണാം കല്പശതൈരപി
യഥാ ലൗഹമയൈ പാശൈഃ പാശൈഃ സ്വർണ്ണമയൈരപി
തഥാവദ്ധോ ഭവെത് ജീവൊ കർമ്മാഭിശ്ചാശുഭൈഃ ശുഭൈഃ

ഇതാണ് നിയമമെങ്കിൽ ദീക്ഷ എങ്ങനെയാണ് ഒരാളുടെ കൂടിക്കിടക്കുന്ന സംസ്കാരങ്ങളെ ക്ഷയിപ്പിക്കുന്നത്? എല്ലാവർക്കും അവരവരുടെ സംസ്ക്കാരങ്ങ

ളുടെ ഭാരം പേറിനടക്കേണ്ടിവരുന്നു. എന്നാൽ പെട്ടെന്നു തന്നെ പ്രതിപ്രവർത്തനമുണ്ടായാൽ ഈ ഭാരം അധികകാലം ചുമക്കേണ്ടിവരില്ല. അതുകൊണ്ട് ജനങ്ങൾക്ക് മാനസികമായ സമാധാനവും ഉണ്ടാവും. തന്റെ ജീവിത പാതയിൽ അയാൾ സന്തോഷത്തോടെ മുന്നോട്ടു കുതിക്കും. സാധന പഠിച്ചശേഷം ആപേക്ഷികവസ്തുക്കളായ സമയം സ്ഥലം വ്യക്തി എന്നിവക്ക് മാറ്റം സംഭവിക്കുന്നില്ലെങ്കിൽ അധികമായ പലിശ ആവശ്യമായിവരില്ല. അതായത് പ്രതിപ്രവർത്തനം തുല്യവും ശരിയായ പ്രവർത്തനത്തിനെതിരുമായിരിക്കും. ഇതിനെന്താണ് കാരണം? പരമപുരുഷന്റെ മറ്റൊരു പേരാണ് ഹരി. ഹരി എന്ന പദത്തിന് എന്താണർത്ഥം? ഹരതി പാപാനി ഇത്യർത്ഥേ ആരാണോ ഒരാളുടെ പാപം (ഇവിടെ പാപം എന്നാൽ സംസ്കാരം) അപഹരിക്കുന്നത് അയാളെ ഹരി എന്നു വിളിക്കുന്നു. എന്നാൽ എന്തുകൊണ്ടാണ് പരമപുരുഷൻ എന്തെങ്കിലും അപഹരിക്കുന്നത്? അദ്ദേഹത്തിനെല്ലാമുണ്ട്. അയാൾക്ക് ഒരാളുടേയും യാതൊന്നും ആവശ്യമില്ല. എന്നിരുന്നാലും പരമപുരുഷൻ ഭക്തരിൽ നിന്നും മോഷ്ടിക്കുന്നു. നേരിട്ടല്ല. വളഞ്ഞ വഴിയിലൂടെ. ഇത് സങ്കടകരമായ വസ്തുതയാണ്. ആസ്തേയ എന്ന തത്വത്തിനെതിരാണ്. അത് നമ്മെ പഠിപ്പിക്കുന്നത് കളവിൽ നിന്നും അകന്നു നിൽക്കാനാണ്. എന്നിട്ട് പരമപുരുഷൻ തന്നെ സ്വയം അപഹരിക്കുന്നു. എന്തൊരപമാനമാണിത്. എത്ര പരിതാപകരമാണ്. സത്യത്തിൽ അദ്ദേഹം മോഷ്ടിക്കാൻ പ്രേരിപ്പിക്കപ്പെട്ടതാണ്. എന്തുകൊണ്ട്? അദ്ദേഹം യഥാർത്ഥ

ത്തിൽ ഭക്തരെ സ്നേഹിക്കുന്നു. അതാണ് കക്കാൻ കാരണം.

ഈ ജീവിതത്തിൽ മിക്കവാറും എല്ലാവരും ഒരിക്കലെങ്കിലും പാപം ചെയ്യാത്തവരായിട്ടില്ല. അങ്ങനെയുള്ളവരെക്കണ്ടെത്താൻ പ്രയാസമാണ്. ഒരാൾ ഒരുറച്ചകള്ളനോ നിസ്സാരകള്ളനോ ആവട്ടെ. പാതകിയോ അതിപാതകിയോ മഹാപാതകിയോ ആവട്ടെ. ഒട്ടും ഭയപ്പെടേണ്ടതില്ല. ദൈവത്തിന്റെ കണ്ണിൽ എല്ലാവരും സമന്മാരാണ്. എല്ലാം അദ്ദേഹത്തിനവകാശപ്പെട്ടതാണ്. എല്ലാവരും അദ്ദേഹത്തിന്റെ മടിയിലിരിക്കുന്നു. ആരും അയാളിൽ നിന്നും വ്യത്യസ്തനല്ല. സമൂഹം കാർക്കിച്ചുതുപ്പുന്ന നീചനായ കള്ളനും അദ്ദേഹത്തിനു മുമ്പിൽ വെറുപ്പിനർഹനല്ല. എല്ലാവരുടേയും ആത്മീയ പുരോഗതി അദ്ദേഹം ആഗ്രഹിക്കുന്നു. സമൂഹം സ്ത്രീകൾക്ക് പല കാര്യങ്ങളും ചെയ്യാൻ അർഹത നൽകുന്നില്ല. അവർക്ക് അവരുടെ ചില അവകാശങ്ങൾ ആസ്വദിക്കാനാവാതെ നാലു ചുമരുകൾക്കുള്ളിൽ അടക്കി നിർത്തേണ്ടിവരുന്നു. ഇങ്ങനെ സമൂഹം വ്യത്യസ്തമായ വിലക്കുകൾ ചില വ്യക്തികൾക്ക് നൽകുന്നു. പരമപുരുഷൻ ഒരിക്കലും ഇങ്ങനെ വകതിരിച്ചുകാണുകയില്ല. അദ്ദേഹത്തിന്റെ പെൺ മക്കളും പുരുഷ സന്തതികളെപോലെ സ്നേഹനിധികളാണ്. ഒരച്ഛൻ കുട്ടികളോടൊത്തുകളിക്കുമ്പോൾ ആൺ പെൺ വ്യത്യാസം കാണിക്കുകയില്ല. അയാൾ രണ്ടുപേരേയും മടിയിലിരുത്തുന്നു. രണ്ടുപേരേയും ഒരുപോലെ കാണുന്നു. പക്ഷെ ഇന്നത്തെ സമൂഹം

സ്ത്രീകളെ അമിതമായി ചൂഷണം ചെയ്യുന്ന ദ്രോഹികളാണ്.

പരമപുരുഷന്റെ കണ്ണിൽ എല്ലാവരും തുല്യരാണ്. ഒരു പക്ഷേ ഇന്ന് പരമപുരുഷന്റെ ജ്വലിക്കുന്ന ആത്മീയഭക്തൻ മുമ്പ് അധാർമ്മികനായ ഒരു വ്യക്തിയായിരിക്കും. അങ്ങനെ വരുമ്പോൾ പരമപുരുഷൻ ചിന്തിക്കും. എങ്ങനെയാണ് തന്റെ ഭക്തരെ അവരുടെ കൂട്ടിവെച്ച സംസ്ക്കാരത്തിന്റെ ശല്യത്തിൽ നിന്നും മോചനം നൽകുക എന്ന്. അദ്ദേഹം അങ്ങനെ ചിന്തിക്കാൻ നിർബന്ധിതനാവുന്നു. എല്ലാറ്റിലുമുപരി അച്ഛന്റെ കടമയാണ് മക്കളുടെ ഭാവിയെക്കുറിച്ച് ചിന്തിക്കുക എന്നത്. അതുകൊണ്ട് പരമപുരുഷൻ ഭക്തരോട് ചോദിക്കുന്നു. സംസ്കാരങ്ങളുടെ ഭാരം ചുമക്കാൻ എത്ര പ്രയാസമാണ് എന്നറിയുക. ഭാരം നിങ്ങൾ താങ്ങാവുന്നതിനെക്കാൾ അധികമാണ്. ഇത്തരമൊരു ശല്യം എത്ര കാലം നിങ്ങൾക്ക് ചുമക്കാനാവും? അത് തീർക്കാൻ നിങ്ങൾ വളരെ ജന്മങ്ങളോളം, ആയിരം വർഷങ്ങളോളം ഈ കൂട്ടിവെച്ച സംസ്ക്കാരം ചുമന്നു നടക്കേണ്ടിവരും അത് തീർക്കാൻ. അതിനു വേണ്ടി എനിക്കൊരു നിർദ്ദേശമുണ്ട്. നിങ്ങളുടെ കൂട്ടി വെച്ച സംസ്ക്കാരങ്ങളൊക്കെ എനിക്കുതരൂ. ഞാനത് നിങ്ങൾക്കുവേണ്ടി ചുമക്കാം.

എന്നാൽ ഭക്തന്മാർ ഇപ്രകാരം പറയും. ഞങ്ങളുടെ കടുത്ത ഭാരം എങ്ങനെ അങ്ങേക്കു നൽകാനാവും? ഇല്ല. ഞങ്ങളത് സ്വയംചുമക്കും. അങ്ങേക്കു വേണമെങ്കിൽ ഞങ്ങൾ പാട്ടുപാടാം നൃത്തം ചവിട്ടാം. പക്ഷെ

ഞങ്ങളുടെ പാപഭാരം ഒരിക്കലും അങ്ങേക്ക് നൽകാനാവില്ല.

എന്നാൽ പരമപുരുഷനറിയാം തന്റെ ഭക്തർക്ക് പാപങ്ങളുടെ കടുത്തഭാരം ചുമന്നു നടക്കാനാവില്ലെന്ന്. ഈ പാപഭാരം ഉപേക്ഷിച്ചില്ലെങ്കിൽ അവർക്ക് കടുത്ത ആഘാതം നേരിടേണ്ടിവരും. ഇത്തരം സാഹചര്യത്തിൽ പരമപുരുഷൻ എന്നാണ് ചെയ്യുക? അവരുടെ അനുവാദമില്ലാതെ പാപം സ്വയം ഏറ്റെടുക്കുന്നു. ഒരാൾ മറ്റൊരാളുടെ വസ്തുവഹകൾ അനുവാദമില്ലാതെ എടുത്താൽ അതിനെന്താണ് പറയുക? അതിനുപറയുന്ന പേരാണ് മോഷണം. അതിനാൽ പരമപുരുഷൻ ഭക്തരുടെ അനുവാദമില്ലാതെ പാപത്തിന്റെ ഭാരം കവർന്നെടുക്കുമ്പോൾ അയാൾ തീർച്ചയായും ഒരുകള്ളനാണ്. ഹരതി പാപയാസ:ഹരി. ആരാണ് മറ്റുള്ളവരുടെപാപം അപഹരിക്കുന്നത് അയാളാണ് ഹരി. അതുകൊണ്ട് പരമ പുരുഷന്റെ മറ്റൊരുപേരാണ് ഹരി.

ദീക്ഷയെടുക്കുക എന്നാൽ പരമപുരുഷന്റെ അഭയകേന്ദ്രത്തിലേക്ക് പ്രവേശിക്കുക എന്നാണ്. അദ്ദേഹം പരം പിതാവാണ്. പരമപിതാവിന്റെ കലാപരമായ ജോലിയാണ് പ്രിയപുത്രൻമാരുടെ സംസ്ക്കാരങ്ങൾ മോഷ്ടിക്കുക എന്നത്. അതു കൊണ്ടാണിപ്രകാരം പറയുന്നത്. കുര്യാത് പാപക്ഷയം തതഃ അതായത് ദീക്ഷയെടുക്കുന്നതോടെ ഒരാളുടെ കുമിഞ്ഞു കൂടിയ സംസ്കാരങ്ങൾ ക്ഷയിച്ചുവരുന്നു. അതിനാൽ എല്ലാവർക്കും ദീക്ഷ വളരെ അത്യാവശ്യമാണ്. അതുകൊ

ണ്ടാണ് ദീക്ഷക്ക് വേദ പുസ്തകങ്ങൾ വലിയ പ്രാധാന്യം നൽകുന്നത്.

ബോപ്പാൽ 22 ഫെബ്രുവരി 1979

ഉള്ളടക്കം

# 17. ചലിക്കുക ചലിച്ചുകൊണ്ടേയിരിക്കുക

പുരാതനകാലത്ത് രോഹിതനെന്ന പേരുള്ള ഒരു പ്രശസ്തനായ പണ്ഡിതനുണ്ടായിരുന്നു. തീർച്ചയായും അദ്ദേഹം ഉന്നതനായ ഒരു പണ്ഡിതൻ ത്ന്നെയായിരുന്നു. ദിവസം മുഴുവൻ വേദഗ്രന്ഥങ്ങൾ പഠിക്കാനും ഉൾക്കൊള്ളാനും അയാൾ ശ്രമിച്ചിരുന്നു. എന്നാൽ ലൗകികമായ കർത്തവ്യങ്ങളിൽ വലിയ വെറുപ്പായിരുന്നു. അച്ഛൻ അയാളുടെ തെറ്റു തിരുത്താൻ വളരെ പരിശ്രമിച്ചു. പക്ഷെ പരാജയപ്പെട്ടു. അവൻ സമ്പൂർണ്ണ പുസ്തകജ്ഞാനം ആർജ്ജിക്കാൻ മുഴുവൻ സമയവും ചെലവഴിച്ചു.

അച്ഛൻ പറഞ്ഞു: നോക്കൂ രോഹിതാ. കഠിന പ്രയത്നം ചെയ്യുന്ന ഒരാളുടെ മുഖത്തുനിന്നും അധ്വാനത്തിന്റെ വിയർപ്പു തുള്ളികൾ ഒഴുകുന്നു. സൗന്ദര്യം പ്രസരിക്കുന്നു അത്തരം മനോഹര മുഖം താരതമ്യപ്പെ

ടുത്താനാവാത്തതാണ്. ദൈവങ്ങളുടെ രാജാവു പോലും ഇപ്രകാരം യശസ്സും അന്തസ്സുമുള്ള ആളുക ളുമായുള്ള സൗഹൃദം ഇഷ്ടപ്പെടുന്നു. സമൂഹം പുരോഗതി പ്രാപിക്കുന്നത് ഇത്തരം മഹാന്മാരായ ആളുകളുടെ സംഭാവനകൾകൊണ്ടാണ്. അവരുടെ നിസ്വാർത്ഥമായ സേവനം കൊണ്ടാണ്. സത്യത്തിൽ ഇത്തരം ആളുകളാണ് സാമൂഹ്യ പുരോഗതിക്ക് കാര ണക്കാർ. അതുകൊണ്ട് രോഹിതാ ചലിക്കുക ചലിച്ചു കൊണ്ടിരിക്കുക അലസനാവാതിരിക്കുക. കൂടുതൽ കൂടുതൽ പ്രവർത്തനങ്ങൾ ചെയ്യുക. മടിയനായി കിട ക്കയിൽ തളർന്നിരിക്കുന്ന ഒരാളുടെ വിധി അയാളിൽ തന്നെ ഉറങ്ങുന്നു. ഒരു വ്യക്തി അമർന്നിരിക്കുമ്പോൾ അയാളുടെ ഭാഗ്യവും അടയിരിക്കുന്നു. അയാൾ എഴു ന്നേൽക്കുമ്പോൾ ഭാഗ്യവും എഴുന്നേൽക്കുന്നു. എപ്പോ ഴാണോ മുന്നോട്ടു ചലിക്കുന്നത് അപ്പോൾ ഭാഗ്യവും മുന്നോട്ടു ചലിക്കുന്നു. അതുകൊണ്ട് രോഹിതാ ചലി ക്കുക ചലിച്ചുകൊണ്ടിരിക്കുക, ഒരിക്കലും അലസനാ വരുത്.

കലിഃ ശയാനൊ ഭവേതി മനുഷ്യർ എത്രകാല മാണോ നിശ്ചലാവസ്ഥയുടെ അന്ധകാരത്തിൽ ആണ്ടു കിടക്കുന്നത് അവരെ കലിയുഗ എന്നുപറയു ന്നു. സൻദിഹാനസ്തു ദ്വാപര: എന്നാൽ അവർ ഉണരുകയും എന്തെങ്കിലും ചെയ്യണമെന്ന് തിരിച്ചറിയു കയും മുന്നോട്ടുകുതിക്കുകയും ചെയ്യുമ്പോൾ അവർദ്വാപരയുഗത്തിൽ പ്രവേശിക്കുന്നു. ഉത്തിഷ്ഠ ത്രേതാ ഭവതി . അവർ എഴുന്നേൽക്കുകയും പ്രവർത്തനങ്ങൾക്ക് തയ്യാറാവുകയും ചെയ്യുമ്പോൾ

അവർ ത്രേതായുഗത്തിൽ പ്രവേശിച്ചു എന്നു പറയാം. ക്രമം സമ്പാദ്യതേ ചരൺ വീണ്ടും മുന്നോട്ടു പോകുമ്പോൾ അവർ സത്യയുഗത്തിലാണെന്നു പറയുന്നു. അതുകൊണ്ട് രോഹിതാ ചലിക്കുക ചലിച്ചു കൊണ്ടേയിരിക്കുക.

എന്തെല്ലാമാണോ അച്ഛൻ രോഹിതനോട് പറഞ്ഞത് അതെല്ലാം സത്യമായിരുന്നു. മാത്രമല്ല അതിലടങ്ങിയ സന്ദേശം ഇന്നും പിന്തുടർന്നു പോവുന്നു. ഏതു സാഹചര്യത്തിലായാലും ഒരാൾ അലസതയെ അനുവർത്തിച്ചു പോരുകയാണെങ്കിൽ, ഇതാവർത്തിക്കുന്നു. അതിനാൽ എപ്പോഴും സ്വയം ഏതെങ്കിലും ജോലികളിൽ ഏർപ്പെടുകയോ മറ്റെന്തെങ്കിലും ജോലിയിൽ തിരക്കു കാണിക്കുകയോ ചെയ്ത് മുന്നോട്ടു കുതിക്കുക.

പഴയ അനുഭവങ്ങളിൽ മനസ്സ് തങ്ങി നിൽക്കരുത്. അതെന്തായാലും അനുവർത്തിക്കുന്നതുകൊണ്ട് പ്രയോജനമില്ല. ആധുനികമായ അറിവുമായി മുന്നോട്ടുപോവുക. അത്യന്താധുനികമായ ശാസ്ത്രമോ സാങ്കേതികവിദ്യയോ ചിന്തകളോ അല്ല. ഒരു മുന്നണിപ്പോരാളിയെ പോലെ മറ്റുള്ളവർക്കു വഴികാണിച്ചു കൊടുക്കത്തക്ക വിധം മുന്നോട്ടു പോവുക. ഇതാണ് ജീവിതത്തിന്റെ ശരിയായ ആത്മാവ്. ഇതുതന്നെയാണ് നിങ്ങളുടെ കീർത്തി സ്ഥാപിച്ചെടുക്കാനുള്ള ശരിയായ പാത.

ഭോപ്പാൽ, 22 ഫെബ്രവരി 1979

# 18. സേവനത്തിലൂടെ പരമ പുരുഷനെ സന്തോഷിപ്പിക്കുക

സ്വന്തം ജീവിതത്തിൽ കഠിനമായ ശക്തിയൊന്നും കൈവശമാക്കാതെ ഓരോ മനുഷ്യനും വളരെക്ഷീണിതനായികാണപ്പെടുന്നു. ഈ ലോകത്തിൽ മനുഷ്യരേക്കാൾ കായിക ശക്തിയുള്ള ധാരാളം മൃഗങ്ങളുണ്ട്. മനുഷ്യർ മൃഗങ്ങളേക്കാൾ മന:ശക്തിയുള്ളവരാണ്. എന്നിരുന്നാലും ചിലപ്പോൾ അതികഠിനമായ വേദനയും ബുദ്ധിമുട്ടുകളും മനസ്സിനെ ബലഹീനമാക്കുന്നു. ഈ സാഹചര്യത്തിൽ എന്തു ചെയ്യും? ഇത്തരം സാഹചര്യത്തിൽ എന്തായിരിക്കുമവർ ചെയ്യുക? എങ്ങനെയാണവർ ശക്തി വർദ്ധിപ്പിക്കുക? മനുഷ്യർ സ്വയം പരമപുരുഷനിൽ നിന്നും വേർപെട്ടുകഴിയുമ്പോൾ ബലഹീനരാകുന്നു. എന്നാൽ അവർ സ്വയം ഞാൻ പരമപുരുഷന്റെ സന്തതിയാണെന്നും അദ്ദേഹത്തോടടുത്തു നിൽക്കുന്നുവെന്നും ചിന്തിച്ചാൽ ഒരിക്കലും

ദുർബലനാവില്ല. പരമപുരുഷന്റെ ശക്തി അവരിലെപ്പോഴും ഉണ്ടാവും.

ആളുകൾക്കെങ്ങനെയാണ് അവരുടെ ശക്തിവർദ്ധിപ്പിക്കാനാവുക? എങ്ങനെയാണവർക്ക് പരമപുരുഷന്റെ ശക്തി ലഭിക്കുന്നുണ്ടെന്നും അത് തുടരുന്നുണ്ടെന്നും അനുഭവപ്പെടുക? മനുഷ്യർ അവരുടെ സ്വതവേയുള്ള ശക്തി പൂർണ്ണമായും ഉപയോഗിക്കണം. അതു ചെയ്തില്ലെങ്കിൽ അവർക്ക് പരമപുരുഷനോട് കൂടുതൽ ശക്തി ആവശ്യപ്പെടാൻ അവകാശമില്ല. ഒരാൾ തുടർച്ചയായി ശ്വസിക്കുന്നുണ്ടെങ്കിൽ, ഭക്ഷിക്കുകയും സംസാരിക്കുകയും ചെയ്യുന്നുണ്ടെങ്കിൽ, ചലിക്കുന്നുണ്ടെങ്കിൽ അതിനർത്ഥം അയാളിൽ ശക്തിയുണ്ടെന്നാണ്. നിങ്ങൾ ശക്തി മുഴുവൻ നശിച്ചവനാണെങ്കിൽ എന്തെങ്കിലും ചെയ്യാനാവുമോ? പരമപുരുഷൻ നേരത്തെ നൽകിയ ശക്തിയനുസരിച്ച് നിങ്ങൾ ചലിക്കുന്നുവെങ്കിൽ, ഭക്ഷണം കഴിക്കുന്നുവെങ്കിൽ, ശ്വസിക്കുന്നുവെങ്കിൽ പിന്നീടെങ്ങനെ നിങ്ങൾക്ക് കൂടുതൽ ശക്തി നൽകിയില്ലെന്ന് പരാതിപ്പെടാനാവും ? ആദ്യം നിങ്ങൾക്ക് നൽകിയ ശക്തി പൂർണ്ണമായി ഉപയോഗപ്പെടുത്തുക. അതുകൊണ്ട് നിങ്ങൾ ബലഹീനനായെങ്കിൽ നിങ്ങൾ പരമപുരുഷനോടാവശ്യപ്പെടുക. അല്ലയോ പ്രഭോ, അങ്ങു നൽകിയ ശക്തി എനിക്കെന്റെ കൃത്യ നിർവ്വഹണത്തിന പോരാതെ വരുന്നു. താങ്കൾ എന്റെ ജോലികൾ പൂർത്തിയാക്കണമെന്നുദ്ദേശിക്കുന്നുവെങ്കിൽ കൂടുതൽ ശക്തി എനിക്കുനൽകിയാലും! ഓർമ്മിക്കുക, ജന്മനാൽ ലഭിച്ച ശക്തി വേണ്ടവിധം ഉപയോഗിക്കുന്നില്ലെങ്കിൽ കൂടുതൽ ശക്തി

ആവശ്യപ്പെടാൻ നിങ്ങൾക്കവകാശമില്ല. ഒരാൾ ഈ ശക്തി ആർജ്ജിക്കുന്നത് തന്റെ ഭക്തി പകരം നൽകിയാണ്. അല്ലാതെ അറിവ് പകരം നൽകിയല്ല.

എന്താണ് ഭക്തി? ഓരോ വ്യക്തിക്കും രണ്ട് ഞാൻ (ക) എന്ന ചിന്തയുണ്ട്. അതിൽ ചെറിയ ഞാൻ രമേശ്, ഉമേഷ്, ടോം, ഡിക് എന്നിങ്ങനെയുള്ള ചിന്ത ആണ്. കൂടാതെ മറ്റൊരു വലിയ ഞാനും ഉണ്ട്. ഏതൊരു വ്യക്തിക്കും ഒരു ചെറിയ വ്യക്തിപരമായ ഞാൻ എന്ന ബോധമുണ്ട്. അത് വലിയ ഞാനെന്ന ചിന്തയുടെ ഭാഗമാണ്. ആ വലിയ ഞാൻ പരമപുരുഷനാണ്. പരമപുരുഷൻ നിങ്ങൾക്ക് ബാഹ്യമായ സത്തയല്ല. എന്നാലത് നിങ്ങളുടെ വലിയഞാൻ ആണ്. ഇത് പൂർണ്ണമായി മനസ്സിലാക്കുന്നതാണ് ഭക്തി. ആളുകൾ ഭക്തിയിൽ വ്യാപൃതനായാൽ അവർ ഇഷ്ടാനിഷ്ട എന്ന അവസ്ഥയിലെത്തും. ലക്ഷ്യപ്രാപ്തിക്കു വേണ്ടിയുള്ള ഭക്തി. ആ ഘട്ടത്തിൽ പ്രബലമായ ഒരു ചിന്ത ഉണ്ടാവുന്നു. സാമൂഹ്യമായും, രാഷ്ട്രീയമായും, സാമൂഹ്യ സാമ്പത്തികമായും ഞാൻ എന്തെല്ലാം ചെയ്യുന്നുവോ അതിനൊക്കെ എന്റെ മനസ്സിൽ പ്രേരിപ്പിക്കുന്ന ചിന്ത പരമ പുരുഷനെ സന്തോഷിപ്പിക്കുക എന്നുള്ളതാണ്.

എന്തിനാണ് പരമപുരുഷനെ സന്തോഷിപ്പിക്കുന്നത്? എന്തുകൊണ്ടാണ് രാഷ്ട്രീയമായും സാമൂഹ്യമായും സാമ്പത്തികമായും ജനങ്ങൾക്കുനൽകുന്ന സേവനങ്ങൾ അദ്ദേഹത്തെ സന്തോഷിപ്പിക്കുന്നത്? എല്ലാ ജീവജാലങ്ങളും അദ്ദേഹത്തന്റെ സന്തതികളാണ്. അതുകൊണ്ടദ്ദേഹം തീർച്ചയായും സന്തോഷി

ക്കും. ഒരമ്മയെ നിങ്ങൾക്ക് സന്തോഷിപ്പിക്കണമെങ്കിൽ അവരുടെ മടിയിലിരിക്കുന്ന കുഞ്ഞിനെയെടുത്ത് താലോലിക്കുക. അതുപോലെ പരമപുരുഷനെ സന്തോഷിപ്പിക്കാൻ അദ്ദേഹത്തിന്റെ സന്തതികളെ സേവിക്കുക. അവരെ സഹായിച്ച് അദ്ദേഹത്തിന്റെ സന്തോഷം നേടുക. നിങ്ങൾക്കൊരു ലക്ഷ്യമേയുള്ളൂ. സാധ്യമായ രീതിയിലെല്ലാം സന്ദർഭം ലഭിക്കുമ്പോ ഴൊക്കെ പരമപുരുഷനെ സന്തോഷിപ്പിക്കുക. ഒരു പക്ഷെ താഴെ പറയുന്ന കഥ നിങ്ങൾ കേട്ടിരിക്കും. അത് ഈ വസ്തുതയെ തെളിയിക്കുന്നതാണ്.

ഒരിക്കൽ ഭഗവാൻ ശ്രീകൃഷ്ണനന് കടുത്ത അസുഖം ബാധിച്ചു. പല ഔഷധപ്രയോഗങ്ങളും നടത്തി നോക്കിയെങ്കിലും ഒന്നിനും ഭേദമാക്കാൻ കഴി ഞ്ഞില്ല. വളരെകഴിവുള്ള ചികിത്സകന്മാരൊക്കെ രോഗം മാറ്റാൻ ശ്രമിച്ചു. പക്ഷെ അവരൊക്കെ പരാജ യപ്പെട്ടു. പല ചികിത്സാ കേന്ദ്രങ്ങളും പരാജയമായി. അവസാനം ഭക്തന്മാരിപ്രകാരം ഭഗവാനോടാവശ്യപ്പെ ട്ടു. പ്രിയപ്പെട്ട പ്രഭോ, ഏതു പ്രതിവിധിയാണ് അങ്ങ യുടെ അസുഖം ഭേദമാക്കാൻ സഹായിക്കുക ? കൃഷ്ണൻ പറഞ്ഞു ഒരേയൊരു പ്രതിവിധിയേ ഉള്ളൂ. എന്റെ ഭക്തരുടെ പാദരേണുക്കൾ കൊണ്ടുവരൂ. എങ്കിൽ മാത്രമേ ഈ അസുഖം ഭേദമാവൂ. അത് വളരെ പ്രയാസപ്പെട്ട ഒരു ജോലിയായിരുന്നു. ഇക്കാര്യ ത്തിന ഭൂമിയാകെ സഞ്ചരിക്കാൻ നാരദനെയാണ് ചുമതലപ്പെടുത്തിയത്. നിർഭാഗ്യവശാൽ നാരദൻ ആരെയൊക്കെയാണോ സമീപിച്ചത് അവരെല്ലാം ഇപ്ര കാരം പറഞ്ഞു: അയ്യോ കഷ്ടം ഈ ഉപാധി

എങ്ങനെ സ്വീകരിക്കാനാവും? സ്വന്തം കാലിലെ പൊടി ഭഗവാന്റെ നെറ്റിയിൽ എങ്ങനെയാണ് ലേപനം ചെയ്യുക? ഞാൻ എന്റെ കാൽചുവട്ടിലെ പൊടി ഒരി ക്കലും തരികയില്ല. തീരെ തരില്ല. ഞാൻ നിസ്സന്ദേഹം ഇത് നിരസിക്കുന്നു. നാരദന്റെ പരിശ്രമം ഭൂമിയാകെ വ്യാപിച്ചെങ്കിലും എവിടേയും അദ്ദേഹത്തിന അതിന തയ്യാറായ ഭക്തനെ കണ്ടെത്താനായില്ല. അവസാനം നാരദൻ വൃന്ദാവനത്തിലെത്തി. ഗോപികമാർ പശു ക്കളെ മേയ്ക്കുന്നതുകണ്ടു. നാരദൻ വരുന്നത് കണ്ട പ്പോൾ അവർ ചോദിച്ചു: ഞങ്ങളുടെ പ്രിയപ്പെട്ട ശ്രീകൃ ഷ്ണൻ എങ്ങനെയിരിക്കുന്നു? നാരദൻ പറഞ്ഞു: നല്ല വർത്തമാനമല്ല പറയാനുള്ളത്. ഭഗവാന അസുഖമാണ്. അതുമാറാൻ എന്താണ് ചെയ്തതെന്ന് അവർ ചോദിച്ചു. നാരദൻ അവരോട് പറഞ്ഞു ഇതുവരെ പലതും ഞങ്ങൾ പരിശ്രമിച്ചു. പക്ഷെ പരാജയപ്പെട്ടു. തന്റെ ഭക്തന്മാരുടെ കാലടിയിലെ പൊടി നെറ്റിയിൽ പുശിയാൽ അസുഖം. മാറുമെന്ന് ശ്രീകൃഷ്ണൻ പറഞ്ഞു. നിങ്ങൾ അതിനതയ്യാറാണോ? അവർ വളരെ വേഗം പറഞ്ഞു: നാരദാ ഞങ്ങൾ പ്രഭുവിന്റെ ഭക്തരാവാൻ യോഗ്യ രാണോ എന്ന് ഞങ്ങൾക്കറിയില്ല. എങ്കിലും ദയവു ചെയ്ത് ഞങ്ങളുടെ പാദങ്ങൾക്കടിയിലെ പൊടിയെ ടുത്ത് പ്രഭു വിന്റെ നെറ്റിയിൽ തടവിയാലും. ഞങ്ങൾ അദ്ദേഹത്തിന്റെ ഭക്തരാണെങ്കിൽ രോഗം ആ പൊടി കൊണ്ട് ഭേദമാകുമല്ലോ. നാരദൻ പൊട്ടിത്തെറിച്ചു: എന്തു ധൈര്യത്തിലാണ് നിങ്ങൾ കാലടിയിലെ പൊടി ഞങ്ങളുടെ പ്രഭുവിന്റെ നെറ്റിയിൽ തടവാൻ

നൽകുക?അത് ദൈവനിന്ദയല്ലേ ? ഗോപികമാർ പറഞ്ഞു: അല്ലയോ നാരദാ, ഞങ്ങളുടെ ഭഗവാൻ വലിയ പ്രയാസത്തിലാണ്. ഞങ്ങളുടെ കാലടിയിലെ പൊടി അതിനുപരിഹാരമാവുമെങ്കിൽ മറ്റെന്താണ് ഞങ്ങൾക്കുവേണ്ടത്? അതൊരു ധർമ്മ ലംഘനമായി ഞങ്ങൾപരിഗണിക്കുന്നില്ല. ഒരു പക്ഷെ അത് നരകത്തിൽ വസിക്കാനുള്ള ശിക്ഷയാവും. ഇക്കാര്യത്തിൽ നരകത്തിൽ പോകാൻ ഞങ്ങൾക്ക് സന്തോഷമാണ്. എല്ലാം ഞങ്ങൾക്ക് ഒരു പോലെയാണ്. ഞങ്ങൾക്ക് ഭഗവാനോട് അത്യഗാധമായ സ്നേഹമുണ്ട്. അദ്ദേഹവും ഞങ്ങളോടൊപ്പം നരകത്തിലേക്കുവരും. ഞങ്ങൾ സ്വർഗ്ഗത്തിനും നരകത്തിനും പ്രത്യേകം തരംതിരിവൊന്നും നൽകിയിട്ടില്ല. അതുപോലെ തന്നെ പുണ്യവും ദുരാചാരവും. ഭഗവാൻ രക്ഷപ്പെടണം എന്ന ഒരേയൊരു ചിന്തയേ ഇപ്പോൾ ഞങ്ങൾക്കുള്ളൂ.

അപ്രകാരം ഭക്തന്മാർക്കുവേണ്ട ഒരേയൊരു അറിവ് ഇഷ്ടാനിഷ്ടങ്ങളുടെ അറിവാണ്. അതായത് ഭഗവാൻ ആഗ്രഹിച്ച വിധത്തിൽ, അനുഗ്രഹിക്കത്തക്ക വിധത്തിൽ ഭക്തരും അഭിനയിച്ചിരിക്കണം. അവർ ഇതിൽപ്പരമൊന്നും ആഗ്രഹിക്കുന്നില്ല.

ജമ്മു. 24 ഫെബ്രുവരി 1979

# അവസാനം

--------------- X -------------

# അറിയിപ്പ

ഹഠയോഗത്താൽ ശാരീരിക വികാസം സാധ്യമാകുന്നു. രാജയോഗത്തതാൽ ശാരീരികവും, മാനസികവും, ആത്മീയവുമായ വികാസം സാധ്യമാകുന്നു, എന്നാൽ ഒരാളിൽ ഭക്തിഭാവം ഉണർത്തുവാൻ അതന് കഴിയില്ല.

രാജാധിരാജയോഗ ത്താൽ ശാരീരിക, മാനസിക, ആത്മീയ വികാസം സാധ്യമാവുകയും, ഭക്തിഭാവം ഉണരുകയും ചെയ്യുന്നു. രാജാധിരാജയോഗ പരിശീലനംകോണ്ട് സാധകന വിമുക്തി കരഗതമാകുന്നു.

ആനന്ദമാർഗ ആചാര്യർ പ്രതിഫലം പറ്റാതെ രാജാധിരാജയോഗം പഠിപ്പികുന്നു, ആർക്കും അത് പഠിക്കാവുന്നതും, വസതിയിൽവച്ച് പരിശീലിക്കാവുന്നതുമാണ്.

<u>**Contacts**</u>

(For talking in Malayalam)

**1. Kozhikode:**

a. Sethumadhavan - 93875 22399

b. Raju K K - 98471 42574

**2. Thrissur:**

a. Babu Thayyil - 9495169061

b. Jyotish - 9446345715

**3. Ernakulam:**

a. Padmanabhan- 9847633331

b. Ramkumar - 9388604260

**Address Central:**

(For talking  in English, Bengali or Hindi
Ananda Marga Pracaraka Samgha
VIP Nagar, Tiljala, Kolkata -100
Phone : 033 - 23451274

**Address  Local:**

(For talking in English, Bengali, Hindi or Malayalam

1. Ananda Marga Ashram,
(Near Railway level crossing)
Nedupuzha, Thrissur, Kerala
Contact : 9388353604

2. Ananda Marga Ashram

Kottakurumba Temple Road
Ramanattukara; Kozhikode; Kerala
Contact: 7558028519; 9847734729

3. Ananda Marga Ashram (Lady managed)
Edakkadu, West Hill, Athanikkal,
Kozhikode, Kerala
Contact : 7004906626, 7559859532

4. Ananda Marga Ashram (Lady managed)
Shanti Vihar, Manuelson's Housing Colony
Pottore, Thrissur, Kerala
Contact : 8075607728, 9074064529

5. Ananda Marga School (Lady managed)
South Chitoor(PO) ; Kochi -27.
Near Krishna Temple.
Rail station: Ernakulam Town.
Contact: 9037388657, 7012059203

6. Ananada Marga Primary School
Muttathara, Manacaud P.O.
Thiruvanandthapuram

Near Vaduvoth Temple.
Contact: 7306806742, 9539034448

7. Ananda Marga Ashram
Chattambirswami Road
Poojappura, Thiruvananthapuram
Contact: 9620648627

ഉള്ളടക്കം